# ആത്മവിത്തം

കോന്നിയൂർ
നരേന്ദ്രനാഥ്



UDAYA BOOK STALL, PUNALUR

# ആത്മമിത്രം

## (ചെറുകഥകൾ)

കോന്നിയൂർ ആർ. നരേന്ദ്രനാഥ്
*B. Sc Student.*

പ്രസാധകർ
ഉദയാ പബ്ളിഷിംഗ് ഹൌസ് &
ബുക്ക്സ്റ്റാൾ
പുനലൂർ.

ഒന്നാംപതിപ്പ്
1121 തുലാം

Printed at the
BHARATH PRESS, TRIVANDRUM.
1121.

*Copyright*] വില 1 ക.

ഈ പുസ്തകം എന്റെ പ്രിയ
പ്പെട്ട പിതാവിന്റെ പൂജ്യപാ
ദങ്ങളിൽ ഞാൻ സമപ്പിച്ചു
കൊള്ളുന്നു.

# രണ്ടു വാക്കു്

എന്റെ ഭാവനയിൽ കരുത്ത ഒൻപതു് ചെറുകഥകളുടെ സമാഹാരമാണു് ഈ ചെറുപുസ്തകം. പ്രസിദ്ധിക്കുള്ള പ്രതിപത്തിയോ ഒരു ഗ്രന്ഥകാരൻ ആകുവാനുള്ള അത്യാഗ്രഹമോ അല്ല, സാഹിത്യത്തോടു് എനിക്കു തോന്നിയിട്ടുള്ള ആത്മാർത്ഥതയാണു് എന്നെ ഈ ശ്രമത്തിനു പ്രേരിപ്പിച്ചിട്ടുള്ളതു്. എന്റെ പ്രയത്നഫലം നിശ്ചയിക്കേണ്ടതു് സഹൃദയരായ നിഷ്പക്ഷനിരൂപകന്മാരാണു്.

സാഹിത്യപ്രവർത്തനത്തിൽ എനിക്കു് ആത്മാർത്ഥമായ പ്രോത്സാഹനം നൽകിയിട്ടുള്ള എല്ലാസുഹൃത്തുക്കളോടും എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. അവരുടെ സഹായസഹകരണങ്ങൾ മേലിലും ഞാൻ പ്രതീക്ഷിക്കുന്നു. കൂപ്പുകൈ.

കൊച്ചി
21-3-1121.

ആർ. എൻ. എൻ.

# ചെറുകഥകൾ

| | | പേജ്. |
|---|---|---|
| 1. | ആത്മമിത്രം | 1 |
| 2. | മഢ്ഢാക്കവി | 14 |
| 3. | തലേലെഴുത്ത് | 21 |
| 4. | കരയുന്നകന്യക | 29 |
| 5. | മാതൃഹൃദയം. | 34 |
| 6. | പരിവൎത്തനം | 48 |
| 7. | അവന്റെകിളി | 57 |
| 8. | അരമണിക്കൂർ | 66 |
| 9. | പരാജിതൻ | 73 |

# ആത്മമിത്രം

'ഒരു ഞെട്ടിലെ രണ്ടു പൂക്കൾ' എന്ന് ആ നാട്ടുകാർ അവരെപ്പററി പറയാറുണ്ട്. ഒന്നിച്ചു കളിച്ച്, ഒന്നിച്ചു പഠിച്ച് ഒന്നിച്ചു ജയിച്ച്, അങ്ങനെ അവർ മുമ്പോട്ടു പോയി. ആരും അവരെപ്പററി എതിരു പറഞ്ഞില്ല. ആരും അവരുടെ കൂട്ടുകെട്ടിനെ പഴിച്ചില്ല. ഭാവിയുള്ള രണ്ടു ചെറുപ്പക്കാർ, രണ്ടാത്മസുഹൃത്തുക്കൾ കൈകോർത്തുനടക്കുന്ന കാഴ്ചയായിരുന്നു അത്.

സോമൻ ആ നാട്ടിലെ ധനികന്മാരിൽ ഒരാളുടെ മകനാണ്. ആഭിജാത്യമുള്ള ഒരു കുടുംബത്തിലെ ഏകസന്താനം. പണംകൊണ്ടും പഠിപ്പുകൊണ്ടും പണ്ടേ പേരുകേട്ടിട്ടുള്ള ഒരു കുടുംബം. പണവും നെല്ലും ദാനംചെയ്തും, വഴിപാടുകളും, ഭജനമിരുപ്പുകളും തീർത്ഥയാത്രകളും നടത്തിയും ലഭിച്ച ഒരു സന്തതി. അവൻ പിറന്ന ദിവസം പാവങ്ങൾക്ക് അരിയും തുണിയും ദാനം ചെയ്തു. "കുഞ്ഞു നന്നായിവരട്ടെ" നീറുന്ന ഹൃദയങ്ങൾ കുളുത്ത് അന്ന് ആത്മാർത്ഥതയോടെ നിശ്വസിച്ചു. അതേ! സോമൻെറ ജനനം ത്യാഗങ്ങളിൽനിന്നുമാണ്.

രവീന്ദ്രൻ അതേ നാട്ടുകാരനാണ്. ഒരു സാധാരണക്കാരനാണ് അവൻെറ പിതാവ്. ഉണ്ണാനും ഉടുപ്പാനുമുള്ള മുതലുണ്ട്. അഞ്ചു സഹോദരികളും രണ്ടു സഹോദരന്മാരുമയാൾക്കുണ്ട്. അവരിൽ മൂത്ത ആളാണ് രവി. പങ്ങടി മുമ്പോട്ടു നീങ്ങുന്ന ഒരു കുടുംബമാണത്.

അക്ഷരങ്ങൾ പഠിക്കാൻ ആശാന്റെ കളരിയിൽ അവർ രണ്ടുമൊന്നിച്ചുചേന്നു. അന്നുമുതൽ അവർ ചങ്ങാതികളായി. ഒന്നിച്ചു് അവർ കളരിയിൽപോയി. ഒന്നിച്ചു് ഒരേഗുരുവിന്റെ നാവിൽനിന്നു് അവർ വിദ്യാഭ്യാസം തുടങ്ങി. അവർ വളന്നു. ഓരോ കൊല്ലവും അവരെ ഓരോ ക്ലാസ്സുകളിലേക്കയത്തി. അവർ സ്കൂൾഫൈനൽ ക്ലാസ് പാസ്സായി.

അടുത്തകൊല്ലം അവർ കാളേജിൽ ചേന്നു. വിദേശത്തു വിദ്യാഭ്യാസാത്ഥം അവർ ഒന്നിച്ചുപോയി പ്രായം കൂടുംതോറും അവരുടെ സ്നേഹം വളന്നു. അവരുടെ ചിന്താഗതിയിൽ ചില വ്യത്യാസങ്ങളുണ്ടു്. രവി പാഠപുസ്തകങ്ങൾ മാത്രമേ വായിക്കു. സോമൻ പലവകപുസ്തകങ്ങൾ പാരായണം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധ കാണിച്ചു. രവി പഠിക്കുന്നതു് ചിലവുചെയ്യുന്ന പണത്തിന്റെ നഷ്ടം ഭയന്നാണു്. സോമൻ പാണ്ഡിത്യത്തിനുവേണ്ടി പഠിച്ചു. അറിവിനുവേണ്ടി അയാൾ ഗ്രന്ഥങ്ങൾ വായിച്ചുതള്ളി. ഇങ്ങനെ ആയിരുന്നു അവരുടെ വീക്ഷണഗതി.

"രവി! നീയെന്താ ഖദർ ധരിക്കാത്തതു്?" സോമൻ ഒരുദിവസം രവിയോടു ചോദിച്ചു.

"അതിനു നിവത്തി ഇല്ലാഞ്ഞിട്ടു്" രവി മറുപടിപറഞ്ഞു.

"നിവത്തിയില്ലാഞ്ഞിട്ടോ?"

"പണക്കാക്കേ ഇന്നു ഖദർ ധരിക്കുവാൻ സാധിക്കു അതിന്റെ വില അത്ര കൂടുതലാണു്."

"അതിൻെറ പണം പാവങ്ങളുടെ വിശപ്പടക്കുവാനായിട്ടുള്ളതാണ്. പണക്കാരൻെറ കീശ വീർപ്പിക്കുവാനല്ല. അതോക്കണം."

"ഉം"

"പണക്കാരൻെറ സഞ്ചി വീർപ്പിക്കുന്നവയാണ് നീയണിഞ്ഞിരിക്കുന്ന ആ മേനിയുള്ള വസ്ത്രങ്ങൾ. പട്ടിണിപ്പാവങ്ങളുടെ അസ്ഥിക്കുള്ള മുതലാണ് ഈ പരുപരുത്ത ഖദർ. അതിനാൽ നീ ഖദറു ധരിച്ചുതുടങ്ങണം."

"അതിനെനിക്കു സാദ്ധ്യമല്ല രവി! ഞാൻ അതിഷ്ടപ്പെടുന്നില്ല." പിന്നീടു സോമനൊന്നും പറഞ്ഞില്ല.

കൊല്ലം രണ്ടുകഴിഞ്ഞു. അവർ ബി. എ. ക്ലാസ്സിലെത്തി. പട്ടണജീവിതം വലിയ പരിവർത്തനങ്ങളൊന്നും അവരിൽ വരുത്തിയില്ല. രവി പഴയ രവിതന്നെ. റോഡുനീളെയിരുന്നു യാചിക്കുന്ന യാചകസഹസ്രങ്ങളെ കാണുമ്പോൾ സോമൻ രവിയോടു ചോദിക്കാറുണ്ട്. "പാലും തേനും ഒഴുകിക്കൊണ്ടിരുന്ന രാജ്യം ഇന്ന് പൈദാഹത്താൽ പാടുപെടുന്നു. ഇതാരുവരുത്തിയ മാററം?" എന്ന് ഭഗ്നചിത്തരും നഗ്നഗാത്രരുമായ പരസഹസ്രങ്ങളെ കാണാറുള്ളപ്പോൾ സോമൻ നെടുവീർപ്പിടുന്നതു് രവി ശ്രദ്ധിച്ചിട്ടുണ്ട്. സോമൻെറ ഹൃദയത്തിൽ അവ മായാത്തവണ്ണം പതിയും. രവിയുടെ ഹൃദയത്തിൽ അവയ്ക്കു് സ്ഥാനമില്ല.

വായിച്ചു്, ചിന്തിച്ചു്—അങ്ങിനെ സോമൻ ദിവസങ്ങൾ തള്ളിവന്നു. രാഷ്ട്രീയമീമാംസാഗ്രന്ഥങ്ങളെല്ലാം അയാൾ പഠിച്ചു. ഗാന്ധിജിയുടെയും മററു് കാൺഗ്രസ് നേതാക്കന്മാരുടെയും ഗ്രന്ഥങ്ങൾ അയാൾ ഹൃദിസ്ഥമാക്കി.

രവി പാഠപുസ്തകങ്ങൾ മാത്രം പഠിച്ചു. അയാൾക്ക് ചിന്തയില്ല. എല്ലാം ഹൃദിസ്ഥമാക്കുകയാണ്. പഠിത്തം വിട്ട് പത്രപാരായണത്തിനുപോലും അല്പസമയം ചിലവാക്കുകയില്ല. അയാൾ സോമനോടു പറയാറുണ്ട്. "സോമാ! ഇതൊന്നും പരീക്ഷക്കു പററുകയില്ല. പഠിക്കേണ്ട പുസ്തകങ്ങൾ കൂടി വായിക്കണം." എന്നു്

"രവി! പാഠപുസ്തകം മാത്രം പോരാ; 'നമ്മുടെ' ഗ്രന്ഥങ്ങൾ കൂടി വായിക്കണം!" എന്നായിരിക്കും സോമന്റെ മറുപടി.

ജൂനിയർക്ലാസ്സിലെ പരീക്ഷക്ക് സോമൻതെല്ലപരുങ്ങി. രവിക്കു വിഷമമൊന്നു തോന്നിയില്ല. എങ്കിലും രണ്ടു പേരും പാസ്സായി.

മദ്ധ്യവേനൽ അവധിയായി. അവർ നാട്ടിലേക്കു തിരിച്ചു. നിർമ്മലമായ ഖദർവേഷമാണ് സോമൻ അണിഞ്ഞിരുന്നതു്. രവി പഴയരീതിതന്നെ.

സോമന്റെവേഷം നാട്ടുകാർക്ക് ചിലസംശയങ്ങളുണ്ടാക്കി. അയാളുടെ ഗാന്ധിത്തൊപ്പിയും ഖദർവേഷവും അവർക്കു രസിച്ചില്ല. മുട്ടയെക്കൊന്നും ആദ്യവസാനം പത്രംവായിച്ചും സമയംകൊല്ലുന്ന വിശ്രമവൃദ്ധന്മാരായ പെൻഷൻ ഉദ്യോഗസ്ഥന്മാരായിരുന്നു സോമന്റെ ഏററവും വലിയ നിരൂപകന്മാർ.

"പട്ടണത്തിൽപോയി അവൻവഷളായി! ഈ തൊപ്പിയും വെച്ചുകൊണ്ടുനടന്നു് അവൻ ഒടുവിൽതൊപ്പിയിടും!—" ഒരാൾ പറഞ്ഞു.

"അവന്റെഅഹങ്കാരം അല്ലാതെന്താ? കുറച്ചുകിട്ടുമ്പോൾ ഇതൊക്കെമാറും"—വേറൊരാളുപറഞ്ഞു.

"അയാളാ സ്വാതന്ത്ര്യംകൊണ്ടുവരാൻ പോണെ! ഏള്ള്യൻ—"എന്നായി വേറൊരാൾ.

"ആരവിയെനോക്കണം! അവന് അവൻെറകാര്യം. അങ്ങനാമിട്ടുക്കുള്ളവർ!—" ആദ്യത്തെ ആളാണിതുപറഞ്ഞതു്. സോമനെ അല്പദിവസങ്ങൾക്കുമുമ്പുവരെ പുകഴ്ത്തിക്കൊണ്ടു നടന്നവരാണീക്കൂട്ടർ. അവൻ ഗാന്ധിത്തൊപ്പിധരിച്ചതോടെ അവരുടെ അഭിപ്രായംമാറി.

"കുഞ്ഞേ! ഇതൊന്നും നമുക്കുനല്ലതല്ല. ഈ തൊപ്പിവച്ചുകൊണ്ടു നടക്കരുതു്." ഒരുദിവസം ഒരുവൃദ്ധൻ സോമനോടു്പറഞ്ഞു. സോമൻ ഒന്നുചിരിച്ചതല്ലാതെ ഉത്തരമൊന്നും പറഞ്ഞില്ല. അങ്ങിനെ ഗാന്ധിത്തൊപ്പിധരിച്ചതോടെ സോമൻ 'വഷളൻ' സ്ഥാനത്തിനർഹനായി. രവിഇന്നും അവർക്കെല്ലാം നല്ലകുഞ്ഞുതന്നെ. അയാൾ തൊപ്പിധരിച്ചില്ല. ഖദറുടുത്തുമില്ല.അവൻ ഭാവിയുള്ള ചെറുപ്പക്കാരനാണു്. ഇതായിരുന്നു ആ നാട്ടുകാരുടെവിധി.

അവധികഴിഞ്ഞു. വീണ്ടും സോമനുംരവിയും പട്ടണത്തിലേക്കു തിരിച്ചു.

കാളേജുതുറന്നു. രവിവീണ്ടും പാഠപുസ്തകങ്ങൾ കയ്യിലെടുത്തു. സോമൻ പുതിയപുതിയ ഗ്രന്ഥങ്ങൾതേടി വായനശാലകളിൽ നടന്നു.

ആ പട്ടണത്തിലെ വിദ്യാത്ഥിസംഘടനയുടെ അദ്ധ്യക്ഷനായി സോമൻ തിരഞ്ഞെടുക്കപ്പെട്ടു. അയാളുടെ രാഷ്ട്രീയപ്രവത്തനങ്ങൾക്കു് അതു് സഹായകമായി.

ഗാന്ധിത്തൊപ്പിധരിച്ചുകൊണ്ടു് ക്ലാസ്സിൽ ചെല്ലുകയാൽ സോമനെ ഒരാഴ്ചത്തേക്കു് സസ്പെൻറുചെയ്തു. പത്രദ്വാരാ അതു നാടെങ്ങും പരന്നു. വിദ്യാത്ഥിഘടന അതിൽ

പ്രതിഷേധിച്ചു അതിലെ അംഗങ്ങളെല്ലാം ഗാന്ധിത്തൊപ്പിധരിക്കണമെന്ന പ്രമേയം പാസ്സാക്കി. കാളേജുവിദ്യാർത്ഥികൾ എല്ലാവരും ഗാന്ധിത്തൊപ്പിധരിച്ചു. കാളേജധികാരികൾ അസാധാരണയോഗം വിളിച്ചുകൂട്ടി. ഗാന്ധിത്തൊപ്പിധരിക്കുന്നതു് നിയമവിരുദ്ധമല്ലെന്നു് നിശ്ചയിച്ചു. രവി കാളേജിൽനിന്നുവന്നാൽ പുറത്തിറങ്ങാറില്ല. പണച്ചിലവു് അയാളെ പഠിത്തത്തിൽ ലയിപ്പിച്ചു.

പരീക്ഷയടുത്തു. രവിതയ്യാറാണു്. പേനാ കഴുകിവൃത്തിയാക്കി പുതിയമഷിയൊഴിച്ചുവെച്ചു. ചങ്ങാതികൾ രണ്ടുപേരും പരീക്ഷക്കെഴുതി.

സോമനും രവിയും പരീക്ഷകഴിഞ്ഞു് നാട്ടിലേക്കുതിരിച്ചു. അവിടുത്തെ യുവാക്കന്മാർ സോമനു് ഒരു സ്വീകരണം നല്കി. വൃദ്ധന്മാരാരുംതന്നെ സോമനോടു സംസാരിച്ചില്ല. പരീക്ഷയുടെ വിവരങ്ങൾപോലും ചോദിച്ചില്ല. അവർക്കറിയാം സോമൻചീത്തയെന്നു്, വഷളായെന്നു്, അവൻെറഭാവി നശിച്ചെന്നു്. രവിയാണു് അവരുടെ കണ്ണിലുണ്ണിയാണു്. "അവൻ പരീക്ഷക്കുജയിക്കും." അവർ നേരത്തെ ഫലംപറയും. അവൻ ഖദർധരിച്ചില്ല. ഗാന്ധിത്തൊപ്പിഅണിഞ്ഞില്ല. കാൺഗ്രസ്സുകാരെ അയാൾക്കു് ഇഷ്ടമല്ല. അവരെപ്പററി അയാൾപല ദുരഭിപ്രായങ്ങളും പറയും. "അങ്ങിനെവേണം ചെറുപ്പക്കാർ അവനെനോക്കിവേണം നിങ്ങളു പഠിക്കാൻ" ബാലന്മാരോടു് വൃദ്ധന്മാർ പലപ്പോഴും പറയാറുണ്ടു്.

പരീക്ഷാഫലം പുറത്തായി. വൃദ്ധന്മാരുടെപ്രവചനം ശരിയായി. സോമൻപരാജിതനായി. രവിമൂന്നാംക്ലാസ്സിൽ പാസ്സായി. "കാളേജിൽപോകുന്നതു് പഠിക്കാനായിരിക്കണം" എന്നാണു് സോമൻെറ പരീക്ഷാഫലത്തെപ്പററി അവർപറഞ്ഞു.

സോമൻ കൂടുതൽജാഗ്രതയോടെ രാഷ്ട്രീയരംഗത്തു് പ്രത്യക്ഷനായി. അയാൾ ഗവൺമെൻറിനെ നിശിതമായി നിരൂപണംചെയ്തു. ദീർഘദർശിത്വത്തിനും സ്വാതന്ത്ര്യചിന്തകൾക്കും പുരോഗതിക്കുംവേണ്ടിയുള്ള ആഹ്വാനങ്ങളായിരുന്നു അവ. ഹരിജനോദ്ധാരണം ഗ്രാമോദ്ധാരണം മുതലായ സൃഷ്ടിപരിപാടികളിൽക്കൂടുതൽ ശ്രദ്ധചെലുത്തി നിശാപാഠശാലകളും മററുംതുടങ്ങി വിദ്യാഭ്യാസവും രാഷ്ട്രീയമനസ്ഥിതിയും ജനങ്ങളുടെഇടയിൽ പ്രചരിപ്പിച്ചു. ചുറുചുറുക്കും ചുണയുമുള്ള ചെറുപ്പക്കാർ സോമനു് സഹപ്രവർത്തകരായി. അങ്ങിനെ ആനാട്ടു് ഒന്നുണർന്നുതുടങ്ങി.

രണ്ടുകൊല്ലം കഴിഞ്ഞു. രവി ബി. എൽ. പാസ്സായി. "അയാൾ നല്ല ഉദ്യോഗസ്ഥനാകും. നല്ല ശമ്പളം കിട്ടും. അവനു് ഭാവിയുണ്ടു്" വൃദ്ധന്മാർ അയാളെപ്പററി വിധിയെഴുതി.

അങ്ങനെ സോമനും രവിയും രണ്ടുകൂട്ടരുടെ ആരാധനാപാത്രങ്ങളായി. പണമുള്ള പഴഞ്ചന്മാർ രവിയെ പുകഴ്ത്തി അവനെ പ്രോത്സാഹിപ്പിച്ചു. പുരോഗതിയിലേക്കു്, സുന്ദരജീവിതത്തിലേക്കു് സ്വാതന്ത്ര്യത്തിലേക്കു് കുതിക്കുവാൻ വെമ്പുന്ന പരസഹസ്രം സാധാരണക്കാരുടെ പരദൈവമാണു് സോമൻ. അവരുടെ വികാരങ്ങളുടെ പ്രകടനങ്ങളാണു് സോമൻെറ പ്രസംഗങ്ങൾ. അവരുടെ മാർഗ്ഗദർശിയാണു് അയാൾ.

രവി ഉദ്യോഗസ്ഥനായി ഒന്നുരണ്ടു വർഷംകൊണ്ടു് അയാൾ ആ ദേശത്തിലെ ഏററവും ഉയർന്ന പോലീസ് അധികാരിയായി.

"സോമാ!" ഒരുദിവസം രവി പറയുകയാണു്. "ഈ പ്രദേശങ്ങളുടെ ചുമതല എന്നിലാണു്"

"അതേ!" സോമൻ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

"ഇവിടെ നിയമം പരിപാലിക്കേണ്ടതു് ഞാനാണു്"

"തീച്ചയായും"

"സോമൻെറ ഈ പ്രവത്തനങ്ങൾ......" രവി അതു അതു പൂത്തിയാക്കിയില്ല.

"നിദ്രയിലാണ്ടുകിടക്കുന്ന പരസഹസ്രങ്ങളെ ഉണത്താൻ"

"അതു......" രവി പൂത്തിയാക്കിയില്ല.

"ഭാരതത്തെ ഉണത്താൻ"

"അതു നിയമവിരുദ്ധമാണു്"

"അതാരുടെ നിയമം രവി?"

രവി മൂകനായി. പിന്നെ ആരുമാരും ഒന്നും മിണ്ടിയില്ല.

കാലം നീങ്ങിക്കൊണ്ടിരുന്നു. സോമൻെറ പിതാവിൻെറ ആരോഗ്യം ക്ഷയിച്ചു് രണ്ടുമാസമായി കിടക്കയെ ശരണം പ്രാപിച്ചിട്ടു്. വിദഗ്ദ്ധവൈദ്യന്മാരുടെ ചികിത്സയിലിരിക്കുകയാണു്. ആരോഗ്യം വീണ്ടെടുക്കുക സാദ്ധ്യമായിരുന്നില്ല. ആ ദീപം അണയാതെ അല്പമാസങ്ങൾ കൂടി സൂക്ഷിക്കാമെന്നേയുള്ളു. രാപകൽ സോമൻ രോഗശയ്യക്കു് അടുത്തു് ഇരിക്കുകയാണു്.

ആ നാട്ടിലെ രാഷ്ട്രീയഘടനയുടെ ദശവത്സരവാഷികം അന്നാണു്. അതു ഗംഭീരമായി കൊണ്ടാടുവാൻ അവർ തീരുമാനിച്ചിരിക്കുകയാണു്. ത്രിവണ്ണപതാകകളെകൊണ്ടും മാറും ആ ദിക്കെങ്ങും അലങ്കരിച്ചു. ചർക്കാസംഘക്കാരും ഗ്രാമോദ്ധാരണസംഘക്കാരും എല്ലാം അതിൽ സജീവമായി പങ്കുകൊള്ളുന്നു. യോഗത്തിനദ്ധ്യക്ഷനായി ഒരു പ്രമുഖകാൺഗ്രസ്സ്നേതാവിനെ വരുത്തിയിട്ടുണ്ടു്. പ്രാസംഗികന്മാരിൽ ഒരാൾ സോമനാണു്.

രോഗശയ്യയിൽ കിടക്കുന്ന പിതാവിനോടു് അനുവാദവും അനുഗ്രഹവും വാങ്ങി സോമൻ മീററിംഗിനു പോയി. ആ ദിവസം അങ്ങിനെ കഴിഞ്ഞു.

ആ വൃദ്ധ പിതാവിനെ പുത്രന്റെ പ്രസംഗവും അതിനെപ്പററിയുള്ള അഭിപ്രായങ്ങളും പത്രങ്ങളിൽ നിന്നു് ഒരാൾ വായിച്ചുകേൾപ്പിച്ചു. ആ ശുഷ്കിച്ച ശരീരത്തിൽ എത്രവട്ടം രോമാഞ്ചമുണ്ടായെന്നു് പുതച്ചിരുന്ന കമ്പിളി അവരുടെ ദൃഷ്ടിയിൽനിന്നു് മറച്ചുകളഞ്ഞു. ആ കുഴിഞ്ഞ കണ്ണുകളിൽ ബാഷ്പം നിറഞ്ഞതു് അവർ സൂക്ഷിച്ചില്ല. അന്നു് തേജശ്ശൂന്യമായ ആ വദനം തെളിഞ്ഞു കാണപ്പെട്ടു.

മീററിംഗു കഴിഞ്ഞു് രണ്ടാമത്തെ ദിവസം. തെളിഞ്ഞു് പൂർണ്ണമായ സൂര്യൻ. സുഖോഷ്ണമുള്ള അന്തരീക്ഷം. മാവിലകളിൽ മന്ദമാരുതൻ മന്ത്രിക്കുന്നു.

സഹപ്രവർത്തകരിൽ ചിലരുമൊത്തു് സോമൻ പിതാവിന്റെ രോഗശയ്യക്കു സമീപമിരിക്കുകയാണു്. മഹാത്മാഗാന്ധിയുടെ ജീവചരിത്രം ഒരാൾ വായിച്ചു കേൾപ്പിക്കുകയാണു്. നാല്പതുകോടിയുടെ നായകന്റെ ജീവചരിത്രം; അഹിംസാപ്രവാചകന്റെ ജീവചരിത്രം, ചർക്കാകൊണ്ടു് ചരിത്രം സൃഷ്ടിച്ച മഹാന്റെ ജീവചരിത്രം, അതല്ലാതെ മറെറന്താണു് ആ അന്ത്യനിമിഷത്തിലും അദ്ദേഹം കേൾക്കേണ്ടതു്? നവഭാരതം ഉദയംചെയ്യുന്നതു് കണ്ടുകൊണ്ടു് സർവ്വശാന്തിയടയുവാനാണു് ആ അസ്ഥിപഞ്ജരത്തിലെ ഹൃദയം തുടങ്ങുന്നതു്.

ഗേററിൽ ഒരു കാറുവന്നുനില്ക്കുന്ന ശബ്ദം ഡാക്ടരുടെ വരവായിരിക്കുമെന്നു അവർ വിചാരിച്ചു. നാലഞ്ചാളുകൾ പടികയറുന്ന കാലൊച്ച. ഔദ്യോഗികവേഷത്തിൽ രവി അവരുടെ മുമ്പിലെത്തി. അഞ്ചു പോലീസ്സുകാർ മുറിക്കു വെളിയിലും.

"രവി!" സോമൻ മുമ്പോട്ടുചെന്നു. രവി തല കുനിച്ചു.

"രവിയോ" വൃദ്ധൻ പതുക്കെ ചോദിച്ചു.

"അതേ!" അടുത്തുണ്ടായിരുന്നവരിൽ ഒരാൾ മറുപടി പറഞ്ഞു. സോമനുമായി എന്തോ സംസാരിക്കുവാനായിരിക്കും രവി വന്നതെന്നു് വൃദ്ധൻ കരുതി. ക്ഷീണക്കൂടുതൽകൊണ്ടു് രോഗി ഒന്നു മയങ്ങി.

"സോമാ! ഞാനിന്നു സുഹൃത്തായിട്ടല്ല വന്നിരിക്കുന്നതു്." രവി തലയുയർത്താതെ പറഞ്ഞു. പോലീസു ശിപായിയുടെ കയ്യിലിരുന്നു തിളങ്ങുന്ന വിലങ്ങു കണ്ടപ്പോൾ തന്നെ സോമനു് കാര്യം മനസ്സിലായിക്കഴിഞ്ഞിരുന്നു. നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങി. ഭയാനകമായ ഒരു ശാന്തത. രോഗി വിഷമിച്ചുചെയ്യുന്ന ശ്വാസോഛ്വാസം ആ അന്തരീക്ഷത്തിൽ വിങ്ങിക്കൊണ്ടിരുന്നു.

സോമൻ നിശ്ശബ്ദനായി പിതാവിൻെറ സമീപത്തേക്കു നീങ്ങി പാദങ്ങളിൽ തൊട്ടു നമസ്കരിച്ചു. ആ ശുഷ്കിച്ച മുഖത്തിൽ ഒരു ചുംബനം നല്കി. ആ ശയ്യക്കു സമീപം കൂടിനിന്നിരുന്ന സഹപ്രവർത്തകരെ നോക്കി.

"മിത്രങ്ങളെ!" സോമൻ സംസാരിച്ചു.

"സോമ!"—അവർ മറുപടി പറഞ്ഞു. അത്രമാത്രമായിരുന്നു യാത്രചോദിക്കലും യാത്രാനുവാദവും.

വികാരഭാരത്താൽ തലകുനിച്ചുനിന്നിരുന്ന രവിയുടെ സമീപം സോമൻ എത്തി. രവി അതറിഞ്ഞില്ല.

"രവി! ഞാൻ തയ്യാറായി!" സോമൻ പതുക്കെ പറഞ്ഞു.

"സോമാ! ക്ഷമിക്കണം!"—രവി പറഞ്ഞു.

"ക്ഷമിക്കാനെന്തു രവി" നാം രണ്ടും രണ്ടുകൂട്ടരുടെ ദാസന്മാരായിപ്പോയി. അത്രമാത്രം!"

"കൈകോർത്തുകളിച്ച ആ കൈകളിൽ കാരിരിമ്പണിയിക്കണം. ഞാൻ നടത്തേണ്ട നിയമമാണത്."

അങ്ങിനെ സോമനെ, അയാളുടെ ആത്മസുഹൃത്ത് രവി അത് അണിയിച്ചു. അവർ കാറിൽകയറി ഇരുന്നു.

"സോമാ! ഒരേഒരു മാർഗ്ഗമേയുള്ളു." ഓടിക്കൊണ്ടിരിക്കുന്ന കാറിൽഇരുന്ന് അടുത്തിരിക്കുന്ന ചങ്ങാതിയോടെ രവിപറയുകയാണ്. "എന്നത്തേക്കാളും ആ വൃദ്ധപിതാവിനു് നിന്നെ ഇന്നാവശ്യമുണ്ട്." സോമൻഒന്നും ഉച്ചരിച്ചില്ല.

"ഒന്നു കുറിച്ചുതരുസോമാ! ഈ നശിച്ചപ്രവർത്തനങ്ങളിൽനിന്ന് വിരമിക്കാമെന്ന് അതിലിനി നീ പ്രവേശിക്കയില്ലെന്ന്. ഈ ആത്മമിത്രത്തിൻെറ അപേക്ഷയൊന്നു സ്വീകരിക്കു."

"അത് അസാദ്ധ്യമാണു രവി!"

"ആ പിതാവിനെഓർക്കു."

"ഞാനന്ത്യയാത്ര പറഞ്ഞിറങ്ങിയാണ്. സമത്വവും സഹോദര്യവും സ്വാതന്ത്ര്യവും സത്യവുമുള്ള ഒരുലോകത്തിൽ ഞങ്ങളിനി അദ്ദേഹത്തെ കണ്ടുകൊള്ളാം."

പിന്നെഅവർ ഒന്നുംസംസാരിച്ചില്ല. ആ ചങ്ങാതികൾക്ക് മുമ്പൊക്കെ ഒരു നൂറുകൂട്ടംകാര്യങ്ങൾ പറയാനുണ്ടായിരുന്നു. അവരുതമ്മിൽകണ്ടാൽ സംഭാഷണമില്ലാത്ത നിമിഷങ്ങളില്ലായിരുന്നു. ഇന്ന് അത്ര് ശൂന്യമായി.

ജയിൽഗേററിൽ വണ്ടിനിന്നു. രവിസോമനെ ജയിൽ മുറിയിലേക്കുനയിച്ചു. ഒരുപോലീസ്സുകാരൻ മുറിതുറന്നു കാത്തുനില്ക്കുന്നുണ്ടായിരുന്നു. സോമൻ ആ ഇടുങ്ങിയ മുറിയിലേക്കു നടന്നു.

"സോമാ! ഞാനിതിൽ നിരപരാധിയാണ്—"രവി തലകുനിച്ചുകൊണ്ട് പറഞ്ഞു.

"രവി! ഞാനും"! സോമൻ മറുപടിപറഞ്ഞു. ആ ഉദ്യോഗസ്ഥൻെറ കണ്ണിൽനിന്ന് ഒരുതുള്ളി കണ്ണുനീർ അടന്നുവീണു.

സോമൻെറപിതാവ് വിവരമറിഞ്ഞു. ആയുസ്സിന്റെ അന്ത്യഘട്ടത്തിൽ, ഓമനിച്ചുവളർത്തിയ ഏകപുത്രൻെറ അപ്രതീക്ഷിതമായ വിരഹം, ആ വൃദ്ധഹൃദയത്തിന് താങ്ങുവാൻകഴിഞ്ഞില്ല. ഓമനപ്പുത്രൻെറ മുഖത്തുനോക്കിനോക്കിക്കിടന്ന് ജീവിതമവസാനിപ്പിക്കാമെന്ന ആഗ്രഹം സാധിച്ചില്ല. മനസ്സമാധാനത്തോടെ സമാധിയടയാമെന്ന ആഗ്രഹം ഫലിച്ചില്ല. അപ്രതീക്ഷിതമായി അത്യുഷ്ണത്തിൽ അകപ്പെട്ടുകയാൽ ആ സ്ഫടികപാത്രം ഛിന്നഭിന്നമായിപ്പോയി.

ഇരുമ്പഴികൾക്കുള്ളിലിരുന്നു് സോമൻ ആ വാർത്തകേട്ടു. രണ്ടാഴ്ചകഴിഞ്ഞു് സോമനെ നാടുകടത്തിക്കൊണ്ടു് വിധിയായി,

ജയിൽഗേററിൽ ഒരുകാർ തയാറായിനില്ക്കുന്നു. റോഡിലെങ്ങു് ഒരാൾത്തിരക്കു്. അവർ എന്തോപ്രതീക്ഷിച്ചുകൊണ്ടു നില്ക്കുകയാണു്.

നിർമ്മലമായ ഖദർവേഷത്തിൽ സോമൻരവിയുമൊത്തു് പടിയിറങ്ങി. ജനങ്ങൾ ആർത്തുവിളിച്ചു. പൂമാലകളും പൂച്ചെണ്ടുകളും സോമനു സമർപ്പിച്ചു. അവർ—സോമനും രവിയും—കാറിനടുത്തെത്തി. അവർ മുഖത്തോടുമുഖംനോക്കി. എന്നന്നേക്കും അവർപിരിയുകയാണു്—ആ ചങ്ങാതികൾ. രവി സോമനെകെട്ടിപ്പുണർന്നു.

“സോമാ!”

“രവി!”അവർ യാത്രപറഞ്ഞു. രവിവിങ്ങിക്കരഞ്ഞു.

കാറു് ഓടിത്തുടങ്ങി, ജനങ്ങൾ “കീജെ” വിളിച്ചു. നീണ്ടു നിവർന്നു കിടക്കുന്ന റോഡിൽ കൂടി അതിവേഗം കാറു് മുമ്പോട്ടുപോയി. രവി അതു നോക്കിനോക്കി ജയിൽപ്പടയിൽനിന്നു. അങ്ങു് ആ വിദൂരതയിൽ അയാളുടെദൃഷ്ടിയിൽ ചുരുങ്ങിചുരുങ്ങി മായുന്നതുവരെ ആ കാർ അയാൾ നോക്കിക്കൊണ്ടുനിന്നു

—— ——

# മഹാകവി

ആ ചെറുകുടിലിലെ മേശപ്പുറത്ത് മങ്ങിമങ്ങി ഒരു ദീപം കത്തുന്നു. അതിനുമുമ്പിൽ ഇടത്തെ ഉള്ളംകയ്യിൽ നെററിത്തടം താങ്ങി വലത്തുകയ്യിൽ തൂലികയുമേന്തി ഒരു മനുഷ്യരൂപം. ആരോ ഇരുന്നു ചിന്തിക്കുകയാണ്. ചിന്തകൾക്കു് രൂപംകൊടുത്ത് കുത്തിക്കുറിക്കുകയാണ്.

മന്ദമാരുതന്റെ തലോടലേല്ക്കുമ്പോൾ അദ്ദേഹം ഭാവനയിൽനിന്നു് ഉണരും. ശിരസ്സുയർത്തി ചുററുപാടുമൊന്നു വീക്ഷിക്കും. ആ തോന്ന്യാസക്കാരൻ ജനാലയിൽക്കൂടി പോയിക്കഴിഞ്ഞാൽ അദ്ദേഹം വീണ്ടും എഴുത്തുതുടങ്ങും. കാർമേഘപടലങ്ങൾ നീങ്ങിമാറി അമൃതകിരണൻ പ്രശോഭിക്കുമ്പോൾ അദ്ദേഹം തലയുയർത്തി താരങ്ങൾ തിങ്ങിമിന്നുന്ന ശ്യാമാംബരത്തെ നോക്കിനോക്കി രമിക്കും. കടലിലെക്കാററു് ഉന്തിക്കൊണ്ടുപോകുന്ന കാർമേഘങ്ങൾ ചന്ദ്രബിംബത്തെ മറയ്ക്കുമ്പോൾ തലതാഴ്ത്തി തൂലികയെടുക്കും. പുലരിയിലെപുഷ്പങ്ങൾ പുതുവായുവിൽ നൃത്തംവയ്ക്കുന്നതു കാണുമ്പോൾ അതിറുക്കാതെ ചെടിയിൽനിറുത്തി അതിലൊന്നു ചുംബിക്കും. പതഞ്ഞൊഴുകുന്ന പുഴവക്കത്തു് ദീർഘനേരം നോക്കിനിന്നിട്ടു് അതിലിറങ്ങി ശരീരമാസകലം. കുറെ ജലം കോരിത്തളിച്ചിട്ടേ, അദ്ദേഹം മുന്നോട്ടു ചുവടുവയ്ക്കൂ.

അടുത്തവീട്ടിലെ വികൃതിക്കുട്ടികൾ അദ്ദേഹത്തെ ദൂരെക്കാണുമ്പോൾ "കിറുക്കൻ" എന്നുപറയും. അവരുടെ

അടുത്തെത്തിയാൽ അവരെല്ലാം വഴിമാറിനില്ക്കും. അവരുടെ കളികളും കലശലുകളും അദ്ദേഹംകണ്ടാൽ അവർ മര്യാദരാമന്മാരായിത്തീരും. അങ്ങിനെ അവർക്കെല്ലാം അദ്ദേഹത്തെ വലിയ ബഹുമാനമാണ്.

സായാഹ്നസവാരിക്കിറങ്ങിയാൽ കുടവയറും കാറുമുള്ള പത്രാധിപന്മാരും, കച്ചത്തോർത്തും കഷണ്ടിയുമുള്ള പണ്ഡിതന്മാരുമായിരിക്കും അദ്ദേഹത്തിനുകൂട്ട്. കതിരോൻ കടൽവെള്ളത്തിന്നപ്പുറത്തു മറയുന്നതുവരെ കാന്തിചിന്തുന്ന പശ്ചിമാകാശത്തെനോക്കി കടൽപ്പുറത്തെ പഞ്ചസാരമണലിലിരുന്ന് അദ്ദേഹം ആനന്ദിക്കും. ഇതെല്ലാം അദ്ദേഹത്തിന് സുഖമാണ്; ആനന്ദമാണ്.

അദ്ദേഹം സ്വതന്ത്രനാണ്, നിർധനനാണ്. ഒരു ചെററക്കുടിലാണ് അദ്ദേഹത്തെ വെയിലിൽനിന്നും മഴയിൽനിന്നും കാത്തുരക്ഷിക്കുന്നതു്. വിശാലമായ ലോകമാണദ്ദേഹത്തിന്റെ തറവാട്ട്. അദ്ദേഹം കവിതകൾ രചിച്ചു. അവ അതുല്യങ്ങളെന്ന് ലോകർ വിധിയെഴുതി. അവ കനകവും യശസ്സും അദ്ദേഹത്തിനു സമാർജ്ജിച്ചുകൊടുത്തു.

അദ്ദേഹത്തിനും ഒരു കാമുകിയുണ്ട്. അവൾ കുററപ്പെടുത്താറുണ്ട്, അദ്ദേഹം സ്വപ്നത്തിലാണ് ജീവിക്കുന്നതെന്ന്, ജീവിതത്തെ അദ്ദേഹം കണ്ണാക്കാക്കുന്നില്ലെന്ന്. ഭാവനവിട്ട് ഭൂലോകത്തിൽ ജീവിക്കുവാൻ അവൾ കഥയറിയാതെ അദ്ദേഹത്തെ പ്രേരിപ്പിച്ചു. എന്നാൽ അതൊന്നും അവിടെ ഫലിച്ചില്ല.

"നമുക്ക് വിവാഹംകഴിഞ്ഞ് ഇനി സുഖമായിക്കഴിയണം"—അവൾ ഒരുരാത്രിയിൽ അദ്ദേഹത്തോടു പറഞ്ഞു.

"വേണ്ടാ! ഇങ്ങനെ കഴിയുന്നതാണുത്തമം." കവി മറുപടി പറഞ്ഞു.

"വിവാഹം കഴിഞ്ഞാലും കവിതയെഴുതാമല്ലോ. എനിക്കെന്നും അതിനു പ്രചോദനംനല്കുവാൻ സാധിക്കയില്ലേ?"—അവൾ ചോദിച്ചു.

"ഇല്ലോമനേ! എനിക്കു നീ കാമുകിയായിട്ടിരിക്കുന്നതാണ് കൂടുതലിഷ്ടം."

"അതെന്നെ വഞ്ചിക്കുകയല്ലേ? ഞാനെത്രനാളായിട്ടിങ്ങനെ കാത്തിരിക്കുകയാണ്"—അവളുടെകണ്ണും ഇടറി ആളുകൾ പലതുംപറയുന്നു. "അവൾ പറഞ്ഞുനിർത്തി."

"ആളുകൾ എന്തുംപറയട്ടെ! നിന്നോടെനിക്കു സ്നേഹമില്ലാഞ്ഞിട്ടല്ല. നീയെന്റെ ഭാര്യയാകുന്നതിൽ വിരോധമുണ്ടായിട്ടുമല്ല, നീയെന്റെ കാമുകിയായിട്ടിരിക്കുന്നതാണ് എനിക്കു സുഖം—കവി അവളെ സമാധാനപ്പെടുത്തി.

"അതെന്താ"—അവൾക്കതറിയണം.

"നീയെന്റെ ഭാര്യയായാൽ എന്റെ സ്വന്തമായി. നിന്റെ പുതുമ അതോടെ നശിച്ചുപോകും. വിദൂരതയിലെ കമനീയത അടുത്തെത്തുമ്പോൾ നശിക്കുന്നതുപോലെ. ഇന്നു നീ അന്യന്റെ ധനം; ഞാൻ മോഹിക്കുന്ന നിധി. അതിനാൽ നീ വിദൂരതയിലാണ്. നിന്റെ പുതുമ നശിക്കുന്നില്ല. ഭാവനയാൽ ഉയർന്നുനിന്ന് എനിക്കും സൗന്ദര്യത്തെ ആശ്ലേഷിക്കാം. അതിലാനന്ദിക്കാം. എന്റെ ആനന്ദം തൂലികാഗ്രത്തിൽക്കൂടി ലോകരിലേക്കൂറി

അവരും ആനന്ദിക്കും എൻെറ ആശയിലാണ് എൻെറ ഭാവന. ഭാവനയിൽനിന്നാണ് എൻെറ കവിതയുറുന്നതു്. അപ്രാപ്യമായ ആനന്ദംപോലെ നീ അകന്നുനിന്നാൽ ആ ഉറവ പ്രവഹിച്ചുകൊണ്ടേയിരിക്കും.” അദ്ദേഹം പറഞ്ഞുനിത്തി. അവരം മുഖം വീപ്പിച്ചാണ് അദ്ദേഹത്തെ അന്ന് വിട്ടുപിരിഞ്ഞതു്.

ദിവസങ്ങരം, മാസങ്ങരം, വഷങ്ങരം അങ്ങിനെ കാലം ഇഴഞ്ഞുനീങ്ങി. കവിയുടെ തുലിക ചലിച്ചുകൊണ്ടേയിരുന്നു. കവിസ്ഥാനത്തുനിന്നും മഹാകവിപ്പട്ടത്തിലേക്ക് അദ്ദേഹം ഉയന്നു. പ്രസിദ്ധിയും സ്ഥാനമാനങ്ങളും വദ്ധിച്ചു. ആ പാഴ്കുടിൽ ഒരു തീത്ഥാടനസങ്കേതമായി. ഇന്നും ആ മങ്ങുന്ന നൂൽത്തിരിവിളക്ക് അതിൽ കാണുന്നുണ്ട്. അതിനടുത്തു് തുലിക പിടിച്ചുകൊണ്ട് ആ രൂപവും.

കാലം മഹാകവിയിലും പല മാററങ്ങരം വരുത്തി. അദ്ദേഹത്തിന് സ്ഥാനമാനങ്ങളും സമ്മാനങ്ങളും ധാരാളം വന്നുകൊണ്ടിരുന്നു. പത്രാധിപന്മാരും സാഹിത്യകുതുകികളും അദ്ദേഹത്തിനു പണക്കിഴികളഴിച്ചുകൊടുത്തു. ഇതിനോടൊത്തു് കാമിനിയുടെ പ്രേരണയും വദ്ധിച്ചു. അദ്ദേഹം അവരംക്ക് കീഴടങ്ങുമെന്ന നിലയിലായി.

മഹാകവി വിവാഹിതനായി. ധനത്തോടുള്ള അദ്ദേഹത്തിൻെറ ആഗ്രഹം വദ്ധിച്ചു. ഭായ്യയുടെ പ്രേരണകരം അതിനു താങ്ങുമായി. പണത്തിനുവേണ്ടിയെ അദ്ദേഹം കവിതയെഴുതു എന്നനിലയിലായി. അദ്ദേഹം കുറെ ഭൂമിവാങ്ങി. പാഴ്കുടിൽ പൊളിച്ചുമാററി തൽസ്ഥാനത്തു് രണ്ടുനിലമാളികയെ...[illegible]

ന്ന ദീപം മാററി മുറികളിൽ ആലക്തികദീപങ്ങൾ സ്ഥാപിച്ചു. ജീവിതത്തിൽ അദ്ദേഹം കൂടുതൽ കൂടുതൽ ഉത്സുകനാകുന്നതുകണ്ടു് ഭാര്യ സന്തോഷിച്ചു. അദ്ദേഹം കുറച്ചു സ്വപ്നംകാണുന്നതിൽ അവൾക്കു കൂടുതൽ സുഖമുണ്ടായി.

ഇപ്പോൾ മഹാകവിയുടെ കവിതകൾ വളരെ വിരളങ്ങളായി മാത്രമേ പത്രപംക്തികളിൽ കാണാറുള്ളു. പണമയച്ചു പ്രേരിപ്പിച്ചാലെ അദ്ദേഹത്തിൻെറ തൂലിക ചലിക്കു. ശാന്തസുന്ദരങ്ങളും ഭാവനാസമ്പന്നങ്ങളും ആശയസമ്പൂർണ്ണങ്ങളുമായ പഴയ കവിതകൾപോലെ അദ്ദേഹത്തിൻെറ ഇന്നത്തെ ഗാനങ്ങൾക്കു് ശക്തിയും ഓജസ്സും സൌകുമാര്യവും തീരെയില്ലെന്നു നിരൂപകന്മാർ വിധിയെഴുതി.

ഈയിടെ സായാഹ്നസവാരിക്കു മഹാകവി ഇറങ്ങാറില്ല. ഭാര്യയുമൊത്തു മട്ടുപ്പാവിൽ വിഹരിക്കുന്നതാണു അദ്ദേഹത്തിനു് ഇഷ്ടം. ചന്ദ്രികാചർച്ചിതമായ രാത്രികാലങ്ങളിൽ ശ്യാമാംബരത്തെ വീക്ഷിച്ചുകൊണ്ടു്, ഭാര്യയുടെ മടിയിൽ തല ചായിച്ചു അവളുടെ ഗാനാലാപം ശ്രദ്ധിച്ചു സുഖിച്ചുകഴിയുന്നതാണദ്ദേഹത്തിന്നു സുഖം. മലർവാടിയിൽ പുതുമയോടെ പുലരയിൽ വികസിക്കുന്ന പൂക്കളെ ശേഖരിച്ചു ഭാര്യയുടെ വാർകൂന്തലിൽ അണിയുവാൻ സമ്മാനിക്കും. തെങ്ങോലകളിൽ താളംപിടിക്കുന്ന മന്ദമാരുതൻ അദ്ദേഹത്തിൻെറ ദേഹത്തു സ്പർശിച്ചാൽ എന്തോ ഒന്നോർത്തിട്ടെന്നപോലെ ചിലപ്പോൾ നിന്നൊന്നു വരാം.

ഇപ്പോൾ അദ്ദേഹം കവിത എഴുതാറില്ല. അതെന്തുകൊണ്ടാണെന്നു ചോദിച്ചുകൊണ്ടു അനവധി എഴുത്തു

കൾ അദ്ദേഹത്തിന കിട്ടിക്കൊണ്ടിരുന്നു. അവക്കെന്തു മറുപടി കൊടുക്കണമെന്നു ചിന്തിച്ചു രണ്ടുമൂന്നു ദിവസങ്ങൾ കളഞ്ഞു. ഒടുവിൽ അവക്ക് ഇപ്രകാരം മറുപടി എഴുതി:—"നിർമ്മലജലംഉയരുന്ന നീരുറവ കാലാന്തരത്തിൽ വററിപ്പോകുന്നു. അതുപോലെയാണു ഒരു കവിഹൃദയത്തിൽ നിന്ന് ഉയരുന്ന കവിതയും. ഒരാളിൽ നിന്നുയരുന്ന കവിതയെ നിയന്ത്രിക്കുന്നതു കാലമാണ്. കാലത്തിന ഒരാളിൽ എന്തുവ്യത്യാസവും വരുത്തിക്കൂട്ടുവാൻ ശക്തിയുണ്ടു്. അതിന്റെ പ്രവൎത്തനത്തിൽ കവിതാപ്രവാഹം വററിവരണ്ടുപോകാം. വളരെവളരെകുറച്ചു മഹാന്മാരെ ഒഴിച്ചാൽ അതു കേവലം ഒരു പരമാൎത്ഥമാണ്. എന്റെ കവിതയുയരുന്ന സരസ്സ് വററിക്കഴിയാറായി; ഇനിയും ഞാൻ കവിതയെഴുതുന്നതു സഹായമായിരിക്കും."

• പത്രാധിപന്മാർ കവിതകൾക്കാവശ്യപ്പെട്ടു്. കത്തെഴുതി മടുത്തു. ഈയിടെ അവർ എഴുതാറില്ല.

പ്രസന്നമായ ഒരു രാത്രി. വെള്ളിമേഘങ്ങൾ ആകാശത്തു കാററില്ലു ലാത്തുന്നു. മണിമാളികയുടെ മട്ടുപ്പാവിൽ കടൽക്കാറേററു്, ആകാശവും കടലും തമ്മിൽ ചുംബിക്കുന്ന ആ പശ്ചിമദിക്കുനോക്കി മഹാകവി നില്ക്കുകയാണ്. മന്ദമാരുതൻ തെങ്ങോലകളിൽ ഇക്കിളിയിടുന്നതു അദ്ദേഹം കാണുന്നുണ്ടു്. ലോകമെങ്ങും ഗംഭീരമായ ഒരു ശാന്തത. മുറിയ്ക്കുള്ളിൽനിന്നുവരുന്ന നേൎത്ത വീണസ്വരങ്ങളൊഴിച്ചാൽ എങ്ങും നിശ്ശബ്ദത. അന്നു ആ പാഴ്കുടിലിൽ തൂലികയുമേന്തി മങ്ങിയവെളിച്ചത്തിൽ ഇരുന്ന്എഴുതുമ്പോൾ അനുഭവിച്ച ആനന്ദം അദ്ദേഹത്തിനോൎമ്മവന്നു. ശരീരമാസകലം ഒരു രോമാഞ്ചം. എന്തോ ഓൎമ്മിച്ചു വേഗം തിരിഞ്ഞു അകത്തേയ്ക്കു നടന്നുപോയി; കടലാസ്സും പേനയുമായി അദ്ദേഹം തിരിച്ചു

വന്നു. മട്ടുപ്പാവിലെ കളർമ്മയേറിയ മാർബിൾകസേര യിൽ ഇരുന്നു ചിന്തതുടങ്ങി.

അങ്ങിനെയിരുന്നു എത്രനേരമുറങ്ങി എന്നു മഹാക വിയ്ക്കു ഓർമ്മയില്ല. അത്താഴസമയമായപ്പോൾ ഭാര്യ വന്നാണുണർത്തിയതു്. കയ്യിലിരുന്ന കടലാസു കാററിൽ പറന്നു മട്ടുപ്പാവിൻെറ ഒരു കോണിൽ കിടക്കുന്നു. നില ത്തുകിടന്ന പേന ഭാര്യയുടെ കാലിൽ തടഞ്ഞു. അവൾ അതു കയ്യിലെടുത്തു. "ഇതാ നോക്കണം പേനാ സൂക്ഷി ച്ചില്ലെങ്കിൽ ഇങ്ങനെയൊക്കെ ഇരിയ്ക്കും. വിലപിടിച്ച ഈ പേനാ വെറുതെ കളഞ്ഞു." മഹാകവി അതു വാങ്ങി നോക്കി. മട്ടുപ്പാവിലെ സിമൻറുതറയിൽവീണു അതി ൻെറ മുനം വളഞ്ഞുപോയി. ഉണ്ണാൻ ക്ഷണിച്ചിട്ടു ഭാര്യ അകത്തേയ്ക്കു പോയി.

മഹാകവി എഴുന്നേററു. ഭയങ്കരമായ നിരാശയുടെ നിഴൽ ആ മുഖത്തു വ്യാപിച്ചിരിക്കുന്നു. മുമ്പോട്ടു നട ന്നു മട്ടുപ്പാവിൻെറ അരമതിലിൽ കൈപിടിച്ചു വിദൂരത യിലേയ്ക്കു നോക്കിക്കൊണ്ടു കുറേനേരം നിന്നു. എന്തോ ഒരു നിശ്ചയംചെയ്തതുപോലെ അദ്ദേഹത്തിൻെറ മുഖ ഭാവം മാറി. "ഇല്ല! ഇനിയും ഞാൻ തൂലികയെടുക്കുക യില്ല. നൈരാശ്യപൂരിതമായ, 'അധഃപതിച്ച നിത്യജീ വിതത്തിലേയ്ക്കു അവർ എന്നെ ബന്ധിച്ചുകളഞ്ഞു. ആ കെട്ടു പൊട്ടിച്ചു ഉയരുവാൻ എനിയ്ക്കിനി സാദ്ധ്യമല്ല. ജീവിതത്തിലെ എൻെറ ആശകളെല്ലാം സാധിച്ചു. അ തോടെ എൻെറ ഭാവന നശിച്ചു അതോടൊന്നിച്ചു എ ൻെറ കവിതയും. അവളുമായുള്ള ബന്ധമാണു് എന്നെ മനുഷ്യനാക്കിയതു്. ഇനിയുമങ്ങിനെ ജീവിക്കാം! അല്ലാ തെന്തുചെയ്യും!" മഹാകവി അത്താഴമുണ്ണാൻ വേഗം അ കത്തേയ്ക്കു നടന്നു.

---

# തലേലെഴുത്ത്.

'അടുത്തബസ്സ് എപ്പോഴാണ്?' ബീഡിതെരുപ്പിൽ ജാഗരൂകനായിരുന്ന കടക്കാരനോടു ഞാൻ ചോദിച്ചു.

'മൂന്നെണ്ണം പോയല്ലോ! അടുത്തതു് നാലരയ്ക്കാ' അയാൾ മറുപടി പറഞ്ഞു വീണ്ടും തെരുപ്പുതുടങ്ങി.

ച്ഛും 'അസ്വാസ്ഥതയുടെ നീണ്ട ഒരു നെടുവീർപ്പുവിട്ടിട്ടു് ഞാൻ വീണ്ടും മൗനമായി.

ഇരുന്നിരുന്നു് വിഷമിച്ചു. ഓണമവധികഴിഞ്ഞ സമയം പോകുന്നബസ്സുകളിലെല്ലാം ഭയങ്കര ആൾത്തിരക്ക്. കൈകാണിച്ചാൽപ്പോലും ഒന്നും നിറുത്തുകയില്ല. ബസ്സിന്റെ ഇരപ്പു കേൾക്കുമ്പോൾ അങ്ങുമിങ്ങുംനിന്നു് കുറെആളുകളോടിയെത്തും. അതു പോയിക്കഴിഞ്ഞാൽ വീണ്ടും ബീഡിക്കടയുടെതിണ്ണയിലും കാപ്പിക്കടകളിലെ ബഞ്ചുകളിലും ചെന്നിരിക്കും.

പാടത്തു ഉഴുതുന്ന കൃഷകന്റെ ഉരപ്പുവിളികൾ അപ്പഴപ്പോൾ ഉയരുന്നുണ്ടു്. എച്ചിലുതിന്നുന്ന നായ്ക്കളുടെ കുര അതങ്ങിനെ. വിശപ്പുന്തിത്തള്ളി എഴുന്നെള്ളിക്കുന്ന മനുഷ്യക്കോലങ്ങളോടു് വേദാന്തമോതുന്ന യാത്രക്കാരുടെ സംഭാഷണം. മറെറാരിടത്തു്. ആകപ്പാടെ ശല്യം തന്നെ.

പലരുടെ ആട്ടും തുപ്പുമേററു് ഒരു വൃദ്ധയാചകൻ എന്റെ സമീപമെത്തി, ഞാനനങ്ങിയില്ല അവൻ മാറിപ്പോയുമില്ല. കടക്കാരനയാളോടൊന്നും പറഞ്ഞുമില്ല.

'അങ്ങത്തെ നാലുകാശു'—യാചകൻ എന്നെ ഓർമ്മപ്പെടുത്തി ഞാനൊന്നും മിണ്ടിയില്ല. ആരുമറിയാതെ

അയാളെ ഇടയ്ക്കിടെ ഞാൻ നോക്കിക്കൊണ്ടിരുന്നു. തോ
ത്തുപിടിച്ചുകൊണ്ടു നിൽക്കുന്ന വികൃതനും വൃത്തഹീനനുമാ
യ ഒരു യാചകൻ!

'അങ്ങത്തെ'—വീണ്ടും, അവൻ പറഞ്ഞു.

അവന്റെ വിളറിയമുഖവും ഒട്ടിയവയറും കണ്ടു ഞാ
നാലുകാശു കൊടുത്തു. യാചകൻ അവിടെനിന്നും മറ
യാത്രക്കാരുടെ അടുക്കലേയ്ക്കു വലിഞ്ഞിഴഞ്ഞു നടന്നു.

'ഇവൻെറയൊക്കെത്തലേലെഴുത്ത്!–' ആരോടെന
ല്ലാതെ ഞാൻ പറഞ്ഞു. കടക്കാരനതുകേട്ടു ബീഡിയി
ന്റുചാറി, തലയുയർത്തി എന്നെനോക്കി ഒന്നു ചിരിച്ചു
അർത്ഥഗർഭമായ ചിരിയായിരുന്നു അതെന്നെനിക്കുതോന്നി

'നേരാസാറെ! ഇങ്ങനായീ ശല്യങ്ങൾ–' കടക്കാര
പറഞ്ഞു.

'വല്ല തൊഴിലുചെയ്തു കഴിയരുതോ ഇവനൊക്കെ
'ഇതാ സാറേ ലാക്ക്. വിയക്കാതെ കാശൊണ്ടാ
രുതോ?'

'ഉം'—ഞാൻ തലകുലുക്കി.

'ഇപ്പോളിവിടെവന്നവനില്ല്യോ, അവൻ സാമാ
ക്കാരനല്ല!'

'അതെന്താ?'

'അതു പറഞ്ഞാലൊത്തിരിയുണ്ട്'—കടക്കാൻ വ
ന്നെ സൂക്ഷിച്ചുനോക്കുന്നതു ഞാൻ ശ്രദ്ധിക്കാതിരുന്നില്ല

'കേൾക്കട്ടെ!'—ഞാനയാളെ പ്രോത്സാഹിപ്പിച്ചു.

'ഒരു വെലവുമില്ല.' വയററിക്കാററുകേറുമ്പം വ
വീട്ടിലുംകേറി കഞ്ഞിയോ വെള്ളമോ മോന്തയിട്ടു പിന്നെ
യിതാതൊഴില്!

'അവനു കിട്ടുന്ന കാശൊക്കെയോ?'

'അതെല്ലാം സമ്പാദിക്കുകയാ. ഞാമ്പറയാമെല്ലോ കഴിഞ്ഞെനാറങ്ങേക്കൊല്ലം ആയിരത്തിൽക്കൂടുതൽ രൂപ യാളിയ്യാള് സമ്പാദിച്ചെ!'

'ഹാഹാ! അ ല്ലാമെന്തുചെയ്യു.' ഞാനത്ഭുതത്തോടു ചോദിച്ചു. കടക്കാരന് അല്പം സംശയം. എന്നെ ഒന്നു കൂടി സൂക്ഷിച്ചുനോക്കി. നിശ്ശബ്ദമായി ഒന്നു ചിരിച്ചു.

'ഒളള് ു പറയാമെല്ലോ! എന്തോ എന്നെ അയാൾക്കു വല്യ വിശ്വാസമാ. ആ പണമെല്ലാമെന്നെയേല്പിച്ചു. രണ്ടായ മായിട്ടു് ഒരു വസ്തു വാങ്ങിക്കണമെന്നാ പുപ്പിലി ന്റെ ആശ.'

'ഇയ്യാൾക്കു ഭാര്യയുംമക്കളുമാരുമില്ലെ?'

'ഉണ്ടു് അതുങ്ങളെല്ലാം തിന്നുമുടിപ്പിക്കുമെന്നുപറ ഞ്ഞാ എന്നെ പണം സൂക്ഷിക്കാൻ ഏല്പിച്ചിരിക്കു ന്നതു്'

ഞാനൊന്നും മിണ്ടിയില്ല. അയാൾ തുടന്നു:—

'മാസംതോറും പത്തും അമ്പതും കൊണ്ടുത്തരും ഞാ നെല്ലാം വാങ്ങിച്ചുവയ്ക്കും.'

ഞാൻ തലകുലുക്കി. അയാൾ വീണ്ടും തുടന്നു.

'ഞാനീ ബീഡീംതെരുത്തോണ്ടു്...ന്നുററിമൂന്നു്... ഓ! ഇപ്പോളഞ്ചുകൊല്ലമായി ഇരുന്നിട്ടു്. അയാടെ പാതിപോലും സമ്പാദ്യമില്ല സാറെ. പാവം പണം തന്നാ കൊണ്ടു് ഇത്രയുമൊക്കെയായി'—അയാളൊന്നു ചിരിച്ചു.

'നിങ്ങൾ കടമെടുത്തതാണോ?'

"ഓ! അതൊന്നുമല്ല. അതെടുത്തു സാമാനമൊക്കെ വാങ്ങി്ച്ചു."

'അയാളാവശ്യപ്പെട്ടാലോ?'

'അതന്നുമതിയെല്ലോ! അതൊന്നും സാരമില്ല. രണ്ടായിരമായേ ചോദിക്കുവെന്നാ ആദ്യം പറഞ്ഞത്. രണ്ടായിരമായപ്പം മൂവായിരമാകട്ടെന്നു പറഞ്ഞു. മൂവായിരമാക്കാനാ അയാളിപ്പത്തെണ്ടുന്നേ! ഇതൊന്നുമാരുമറിഞ്ഞിട്ടില്ലസാറെ!'

'ങാ ഹാ!'

'പാവം! ഇനിയധികമൊന്നും ജീവിക്കുവേല്ല. ആരുമറിയാത്ത ആ മുതലു പിന്നാക്കാ?'—അയാൾ ചിരിച്ചു. ആ ചിരിയിൽ പലതും അന്തർഭവിച്ചിട്ടുണ്ടെന്നു എനിക്കു തോന്നി.

'ഞാൻ വല്ലപ്പോഴും ഒരു ബീഡികൊടുക്കും അയാക്കതുമതി. കിട്ടുന്നതെല്ലാം എണ്ണി എന്നെ ഏല്പിക്കും. രാത്രിയിൽ ഈ കടയുടെ തിണ്ണയ്ക്കാ കിടപ്പ്. ഒരുത്തനെ ഇവിടെങ്ങും അടുപ്പിക്കുവേല്ല. അയാളുടെ പണം ഇതിൽ വച്ചിരിക്കയാണെന്നു ഞാമ്പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഭൂതാ പൊന്നുകാക്കുന്നപോലെ അയാളിവിടെകിടന്നോളും.'

'ശരിയാണ്'—കഥയറിയാനുള്ള ആഗ്രഹംകൊണ്ടു ഞാൻ അയാളെ പ്രോത്സാഹിപ്പിച്ചു.

തടികയററിക്കൊണ്ടു ഒരു കാളവണ്ടി കർണ്ണകഠോരമായ ശബ്ദങ്ങളോടെ അതു വഴി കടന്നു വന്നു. കാളയ്ക്കു സമ്മാനിക്കുന്ന പ്രഹരത്തിൻെറ മാറെറാലിയും വണ്ടിക്കാരൻെറ ആക്രോശങ്ങളുംകൊണ്ടു അന്തരീക്ഷം തെല്ലൊന്നു കുലുങ്ങി. ഞാൻ ആ വണ്ടിനോക്കിക്കൊണ്ടിരുന്നു. അതങ്ങനെകടന്നുപോയി. വീണ്ടും ശാന്തത.

'സാറെ! ഉള്ളതു പറയണമെല്ലോ! ഞാൻ നാലുകാശില്ലാതെ നടന്നുവന്നവനാ! ഇല്ലെകാണുന്ന കാപ്പിക്കടയില്ലെ, അതിൻെറ വരാന്തയുടെ കോണിലാരുന്നു ഞാനാദ്യം

ബീഡിക്കച്ചവടം തുടങ്ങട്ടെ. ഒരു കൊല്ലംകഴിഞ്ഞു ഒരു നീക്കുമാടമുണ്ടാക്കി, ബീഡി, തീപ്പെട്ടി, നീലംസോപ്പു്, പഴം ഇത്രയുംവെച്ചു കച്ചവടം തുടങ്ങി. കുറേശ്ശെക്കാശു കിട്ടി. ആയിടയ്ക്കാം മൂപ്പിലാൻെറ വരവു്. രാത്രിയിൽ കേറിക്കിടക്കാൻ നീക്കുമാടത്തിനു പുറത്തു സ്ഥലംകൊടുത്തു. ഞാനകത്തും കിടക്കും. അയാളുനടന്നിട്ടുള്ള നാടുകളെപ്പററിയെല്ലാം കഥകളൊരുപാടുപറയും. ഞാനതെല്ലാം കേൾക്കും. ചിലപ്പോഴൊക്കെ ഒരു ബീഡിയോ വല്ലോം കൊടുക്കും. അയാൾക്കെന്നെ വല്യ വിശ്വാസമായി. രണ്ടു മൂന്നു മാസം ഇങ്ങനെ കഴിഞ്ഞു. ഒരു ദിവസം രാത്രിയിൽ കുറത്ത ഒരു ഭാണ്ഡക്കെട്ടു് എൻെറ കയ്യിൽതന്നിട്ടയാളുപറഞ്ഞു, "കുഞ്ഞേ! വിശ്വസിച്ചുതരുന്നതാ! അവിടെ സൂക്ഷിച്ചു വെച്ചോണ്ടാട്ടെ. ഞാൻ ചോദിക്കുമ്പത്തന്നാമതി!—"—എന്നു് ഞാനതുവാങ്ങി. 'ഇതെന്തോന്നാ മൂപ്പിലെ?' ഞാൻ ചോദിച്ചു.

'ആരുമറിയേണ്ട കുഞ്ഞേ! ആയിരം രൂപായുണ്ടു്. വിശ്വസിച്ചുതരുന്നതാണു്! സൂക്ഷിച്ചുവെച്ചോണ്ടാട്ടെ! ഞാൻ ചോദിക്കുമ്പത്തന്നാമതി,' എനിക്കത്ഭുതം തോന്നി സാറെ. എങ്കിലും അതു് എൻെറ പെട്ടിയിൽ വച്ചു പൂട്ടി. ഒന്നുരണ്ടുമാസത്തോളം ഞാനതഴിച്ചുപോലും നോക്കിട്ടില്ല. അപ്പോൾ തോന്നി ഒരു വിദ്യ. ചിലവൻ ചോദിക്കുമ്പഴങ്ങു കൊടുക്കാം. കുറെ പണമെടുത്തു ഞാൻ [illegible]സാമാനങ്ങൾ വാങ്ങി. ഞാനാക്കാര്യം അയാളോടു പറഞ്ഞില്ല. പറഞ്ഞാൽ അയാളു സമ്മതിക്കയില്ലല്ലോ. [illegible]അറിയാം. ഈ ഇരിക്കുന്ന സാമാനങ്ങളെല്ലാമങ്ങനെ വാങ്ങിച്ചതാ! ഇപ്പോഴെനിക്കു നല്ല വരവുണ്ടു സാറെ. ഇതിനിടെ അഞ്ചാറു സ്ഥലവും വാങ്ങിച്ചു

കിളവന്റെ പണത്തിൽ ഇനി നാലുകാശു ബാക്കിയില്ല"
'അയാളൊന്നു ചിരിച്ചു, ആശ്വാസത്തിന്റെ ഒരു ചിരി.

'ഇപ്പോഴും വയസ്സനെന്നെ വല്യ വിശ്വാസമാ. മാസംതോറും പത്തുമമ്പതും കൊണ്ടത്തരും. ചിലപ്പോഴൊക്കെ അയാള് പറയും 'തെണ്ടിതരുന്ന പണമാണെ സൂക്ഷിക്കണേ' എന്നു്. ഞാൻ തലകുലുക്കി സമ്മതിക്കും. ഒരു ബീടികൊടുത്തു് അയാളെ പറഞ്ഞയയ്ക്കും. കേട്ടോ സാറെ! ഇതനുഭവിക്കുവാനവനു് തലേലെഴുതീട്ടില്ല."

ഒരിരമ്പൽ കേട്ടു. ബസ്സുവരുന്നു. ജംഗ്ഷനിൽ അതു നിറുത്തി. യാത്രക്കാരുടെ സൗകര്യത്തെ ഉദ്ദേശിച്ചു സ്പെഷ്യലായി വന്ന ഒരു വണ്ടിയാണതു്. ഞാനകത്തു കയറിയിരുന്നു. ഒരു മൂളൽ. ഒരായൽ. ബസ്സു നീങ്ങി. കഥ പറഞ്ഞ കടക്കാരനോടു് ആംഗ്യംകൊണ്ടു യാത്രപറഞ്ഞു ഞാൻ യാത്രതുടങ്ങി.

അടുത്ത ഓണംഅവധിയ്ക്കു വീട്ടിലേക്കു പോകുവാനാണു് ഞാനതുവഴി പോയതു്. അവിടിറങ്ങി മറെറാരു ബസ്സിൽവേണം നാട്ടിലേക്കു പോകുവാൻ. ഒരു നെടുങ്കൻ കട അവിടെ പുതിയതായിട്ടുണ്ടു്. നല്ല ഒരു കടയാണതു്. ബസ്സ് പുറപ്പെടാൻ അരമണിക്കൂറോളമുണ്ടു്. അതുകൊണ്ടു ഞാൻ ആ പുതിയ കടയിലേയ്ക്കു കയറി.

കച്ചവടക്കാരനു് എന്നെമനസ്സിലായി. ഒരു കസേര ചൂണ്ടിക്കാണിച്ചു് ഇരിക്കുവാൻ പറഞ്ഞു. ഞാനയാളെ ഒന്നു സൂക്ഷിച്ചുനോക്കി. ആളൊന്നു വെളുത്തുകൊഴുത്തിട്ടുണ്ടു്. ഒരു കുടവയറിന്റെ ലക്ഷണവും ഇല്ലാതില്ല. അയാൾ ഒരു സിഗററെടുത്തു എനിക്കു നീട്ടി. സിഗററുപയോഗിക്കയില്ലെന്നു പറഞ്ഞു ഞാൻ അതു സ്വീകരിച്ചില്ല.

'സാറ് ഓണത്തിനു വീട്ടിലേക്കു പോകയായിരിക്കും'— അയാൾ ചോദിച്ചു.

'അതെ' ഞാൻ മറുപടി പറഞ്ഞു. അയാൾ കടയുണ്ടാക്കിയ കാര്യവും അതിനു ചിലവായ കണക്കും കെട്ടിടത്തിന്റെ ഭംഗിയേപ്പററിയും—അങ്ങിനെ ഒരു നൂറുകൂട്ടം കാര്യങ്ങളെപ്പററി എന്നോടു സംസാരിച്ചു. അന്നത്തെ യാചകനെപ്പററി ഒരു വാക്കുപോലും പറഞ്ഞില്ലതാനും. ഞാനൊട്ടു ചോദിച്ചുമില്ല. അയാൾ മരിച്ചിരിക്കുമെന്നു ഞാൻ ആശ്വസിച്ചു. ബസ്സുപോകാനുള്ള സമയമായെന്നുംപറഞ്ഞു ഞാനെഴുന്നേററു.

'സാറിനി ഇതുവഴിവരുമ്പോൾ ഇവിടെ കയറണേ!'

'ഉം!' ഞാൻ സമ്മതിച്ചു യാത്രപറഞ്ഞുപോന്നു.

ബസ്സിൽ കയറിയിരിക്കുകയാണ്. അല്പസമയം കൂടിയുണ്ട് ബസ്സുവിടാൻ! അന്നത്തെ ആ യാചകനെ അവിടെങ്ങും കാണാനില്ല. അയാൾ മരിച്ചിരിക്കുമെന്നെനിക്കു വിശ്വാസം വന്നില്ല. അയാളെപ്പററിയുള്ള ചിന്ത എന്റെ മനസ്സിൽ തികട്ടിക്കൊണ്ടിരുന്നു.

ബസ്സിലെ കണ്ടക്ടർ എനിക്കു നല്ല പരിചയമുള്ള ആളാണ്. യാചകനേപ്പററി അയാളോടു ചോദിക്കാമെന്നു നിശ്ചയിച്ചു.

കണ്ടക്ടർ ടിക്കററ് എല്ലാവക്കും എഴുതി. അല്പംകൂടി താമസിച്ചേ ബസ്സുവിടൂ. ഞാൻ ബസ്സിൽനിന്നിറങ്ങി അയാളോടു സംസാരിച്ചുകൊണ്ടു അടുത്തുള്ള വൃക്ഷത്തണലിൽ നിൽക്കുകയാണ്. ഒടുവിൽ ഞാനയാളോടു ചോദിച്ചു.

'എടോ! മുമ്പൊക്കെ ഒരു തെണ്ടിയുണ്ടായിരുന്നല്ലോ ഇവിടെ! അയാളു ചത്തോ?'

'ഏത്? കറുത്ത് അധികം വണ്ണമില്ലാത്ത ഒരുത്ത നല്ല്യാ?'

'അതേ!'

'അവനെ പോലീസുകാര് പിടിച്ചോണ്ടുപോയി!'

'അതെന്തിനാ?'—എനിക്കാശ്ചര്യം തോന്നി.

'ഇല്ലെപ്പുതിയ കടകണ്ടോ! ആ കടക്കാരൻ കുഞ്ഞച്ചൻമുതലാളി അയാൾക്ക മൂവായിരം രൂപാ കൊടുക്കാനുണ്ട്, അത്തു കൊടുക്കേനില്ല എന്നുംപറഞ്ഞു കരഞ്ഞോണ്ട് കുറേദിവസം ഇവിടൊക്കെ ഓടിനടന്നു.'

'എന്നിട്ട് അയാളുകൊടുത്തോ?'

'ഓ! കിറുക്കനെന്തിനാ അയാളു ചക്രം കൊടുക്കുന്നെ? ഒന്നും രണ്ടും രൂപാനല്ല മൂവായിരംപോലും! ഭയങ്കര കിറുക്കൻ! ഒരുദിവസം രാത്രി അവൻ ആ പുതിയ കടയ്ക്കു തീവയ്ക്കാൻ ഒരുങ്ങി. ദൈവാധീനംകൊണ്ടാരാണ്ടുകണ്ടു. അല്ലാരുന്നേലെല്ലാം ചാമ്പല്. ആ മുതലാളി പരിശ്രമിച്ചുണ്ടാക്കിയതാ ആ കാണുന്നതെല്ലാം. നാലുകാശു വേറൊരുത്തൻെറ അയാളെടുക്കുകയില്ല'—അയാൾ പറഞ്ഞു,

കിറുക്കനെ എന്തുചെയ്തു?'

'അവനെപ്പിടിച്ചു പോലീസിലേല്പിച്ചു. പിന്നവനെ ഇവിടെങ്ങും കണ്ടിട്ടില്ല. നമുക്കുപോകാം സമയമായി.' ഞങ്ങൾ ബസ്സിൽ കയറിയിരുന്നു. ആ ചിന്ത എൻെറ മനസ്സിൽ കുറേനേരം തത്തിനിന്നു. 'തലേലെഴുത്ത്! അല്ലാതെന്താണ്!' ഞാൻ പിറുപിറുത്തു. സഹയാത്രക്കാർ എന്നെ നോക്കി 'അതേ! അതേ! തലേലെഴുത്തുതന്നെയാ ഇങ്ങനെ താത്രചെയ്യാനിടയാകുന്നത്!' എല്ലാവരും ചിരിച്ചു. ഞാൻ അതിൽ പങ്കുകൊണ്ടു.

---

# കരയുന്നകന്യക

അവളുടെമുഖത്തു് ഞാൻ ഒരിക്കലും പ്രസന്നതകണ്ടിട്ടില്ല. ആദ്യംഎന്തോ കാരണംകൊണ്ടു് വിഷമിക്കുകയായിരിക്കുമെന്നു കരുതി. എന്നാൽ മറക്കാത്തചിലതു് അവളുടെ തോരാത്തകണ്ണുനീരിനു കാരണമാണെന്നു് എനിക്കുതോന്നി. ഞാനാരോടുമിതിനെപ്പററി ചോദിച്ചില്ല. കാരണമറിയുവാൻ അത്യധികം ആഗ്രഹമുണ്ടുതാനും.

സന്ധ്യക്കുമുമ്പു് കുളികഴിച്ചു് ശുഭ്രവസ്ത്രംധരിച്ചു് അവൾ മുറിയിൽ പ്രവേശിക്കും. ചെറിയഒരു നിലവിളക്കുണ്ടു് അവൾക്കു സ്വന്തമായിട്ടു്. അതിൽതിരിയിട്ടു് ചില പടങ്ങൾ ഒരു നാലുകാലിപ്പെട്ടിയുടെ പുറത്തൊരുക്കിവച്ചിട്ടുള്ളതിനുസമീപം കത്തിച്ചുവയ്ക്കും. അന്ധകാരമാകുന്നതോടെ അകത്തെ ആളുംപടങ്ങളും ഒരുപോലെ അവ്യക്തമാണു്.

ആ മുറിയിൽനടക്കുന്ന രഹസ്യം എന്തെന്നറിയാൻ എനിക്കതിയായ ആശയായി. അതു ഞാനൊതുക്കിനോക്കി. പക്ഷെ, അവളെവിട്ടുപിരിയാത്ത ശോകാത്മകത്വം എന്തോചില രഹസ്യകാരണങ്ങൾകൊണ്ടാണെന്നെനിക്കു തോന്നിത്തുടങ്ങി. അതോടെ അവളുടെപ്രവൃത്തികൾ കണ്ടറിയാൻ ഉള്ള എന്റെ ആശ മുഴുത്തുവന്നു.

ഒരുദിവസം അവളുടെമുറിയുടെ പിൻഭാഗത്തുള്ള ജനാലയുടെവിടവിൽകൂടി ഞാൻഅകത്തേക്കു സൂക്ഷിച്ചുനോക്കി. അവൾ ശിലാപ്രതിമപോലെ ആ ദേവചിത്രങ്ങളുടെ മുൻപിൽ സ്ഥിതിചെയ്യുന്നു. കുളികഴിഞ്ഞു് കാളിമപററി

ന്മരുടെ വല്ലിച്ചിട്ടുള്ള മുടി അഴിഞ്ഞു് അലക്ഷ്യമായി കിട ക്കുന്നു. ദീപത്തിലെ തിരി മിന്നാമിനുങ്ങുപോലെ എരി യുന്നുണ്ടു്. ഇതിൽ കൂടുതൽ അവിടെ ഞാനൊന്നും കണ്ടി ല്ല. അല്പസമയം ഇതെല്ലാം നോക്കിനിന്നിട്ടു് ഗവേഷണ പരായത്തിൽ മൂഢനായി ഞാൻ അവിടംവിട്ടു.

അടുത്തദിവസവും ഞാൻ അതേരീതിയിൽ സൂക്ഷി ച്ചു. വിശേഷവിധിയായിട്ടൊന്നും അനുഭവപ്പെട്ടില്ല. കേ വലം അപരിചിതയായ ഒരു സ്ത്രീയുടെ പൂർവ്വചരിത്രം അറിയുന്നതു് വളരെ വിഷമമേറിയ ഒരു സംഗതിയാണു്. ഇവളുടെ കഴിഞ്ഞകാലങ്ങളറിയുവാൻ ഞാൻ തീർച്ചപ്പെ ടുത്തി. അതിനുവേണ്ടി രഹസ്യമായി ശ്രമം തുടങ്ങി.

അവിവാഹിതയായ ഒരു സ്ത്രീയാണവൾ. രോഹി ണി എന്നാണു പേരു്. അവളുടെ ഒരു സഹോദരി മധുര യിലുണ്ടു്. അവിടെയായിരുന്നു ഇതുവരെ അവരുടെ താ മസം. ഇവളുടെ അനുജത്തി വിവാഹിതയാണു്. രണ്ടു പൈതങ്ങളുമവൾക്കുണ്ടു്. തിരുവനന്തപുരത്തിനടുത്തുള്ള ഒരു സ്ഥലത്താണു് രോഹിണിയുടെ മാതൃഗൃഹം. അറുപതുകഴി ഞ്ഞ അവളുടെ മാതാവു് ജീവിച്ചിരിപ്പുണ്ടു്. അവരെ കാണാൻപോകാനാണു രോഹിണി വന്നിരിക്കുന്നതു്. ഇത്രയും വിവരങ്ങൾ ആർക്കും സംശയംജനിപ്പിക്കാതെ ഞാൻ മനസ്സിലാക്കി.

എൻെറ ഒരു സ്നേഹിതയോടു് രോഹിണിയെപ്പററി സംസാരിക്കുന്നതിനു് ഒരുദിവസം സന്ദർഭമുണ്ടായി.

“അവൾ വലിയ ഈശ്വരഭക്തയാണെന്നു തോന്നു ന്നു” ഞാൻ പറഞ്ഞു.

“അതെ!”—എന്നായിരുന്നു മറുപടി.

"നല്ലസ്വഭാവം!"

"ആയിരിക്കും."

"പക്ഷേ എന്തിനാണിവൾ എപ്പോഴും സങ്കടപ്പെട്ടു കൊണ്ടിരിക്കുന്നത്?"

"എന്തോ എനിക്കുനിശ്ചയമില്ല"

"താങ്ങാൻവയ്യാത്ത ചിലചിന്തകൾ അവരുടെ ഹൃദയത്തെവേദനിപ്പിക്കുന്നുണ്ട്. എന്താണെന്നറിയാമോ?"

"ഇതൊക്കെയെന്തിനന്വേഷിക്കുന്നു? വല്ല പ്രത്യേക കാരണങ്ങൾ കാണുമായിരിക്കും!"

"അതിനിങ്ങിനെ നെടുവീർപ്പും ദീർഘനിശ്വാസങ്ങളുമെന്തിന്? അവൾഅവിവാഹിതയല്ലേ വല്ല......" ഞാൻപൂർണ്ണമാക്കാതെ മുഖചേഷ്ടകൾകൊണ്ട് സംശയങ്ങൾ വെളിപ്പെടുത്തി.

"എന്തിനിങ്ങനെ ഒരാളെ സംശയിക്കുന്നു?"

"ശരിയാണ്"—ഞാൻ പിൻവാങ്ങി.

അന്നും സന്ധ്യയായപ്പോൾ രോഹിണിപതിവുപോലെ സ്നാനംകഴിഞ്ഞു മുറിയിൽപ്രവേശിച്ചു. തിയേറ്ററിൽ ഒരുപുതിയസിനിമാ വന്നിട്ടുണ്ട്. അതുകാണുവാൻ കുഞ്ഞുങ്ങളെല്ലാം ചമഞ്ഞൊരുങ്ങിത്തുടങ്ങി. അതൊന്നുംശ്രദ്ധിക്കാതെ രോഹിണിയെപ്പററി ചിന്തിച്ചുകൊണ്ട് ഞാൻ മുററത്തു് ഉലാത്തുകയാണ്.

അവളുടെ മുറിയുടെകതക് അകത്തുനിന്ന് സാക്ഷായിട്ടിരിക്കുകയാണ്. കോമളംഅതിൽ മുട്ടിവിളിച്ചു.

"അക്കാ! അക്കാ! സിനിമായ്ക്കുവരുന്നില്ലേ. ഞങ്ങളെല്ലാംപോകുന്നു." കോമളം പറയുകയാണ്.

രോഹിണി കതകുതുറന്നു ഇരുളിൻെറ മറവിൽ മങ്ങിയെരിയുന്ന ദീപത്തിൻെറ ശക്തി ശൂന്യമായ വെളി

ച്ചത്തിൽ, ഞാൻ അവളുടെ വദനം സൂക്ഷിച്ചു. അവൾ കരഞ്ഞിരിക്കുന്നു. ധാരാളം കണ്ണുനീർ ചൊരിഞ്ഞതിന്റെ ലക്ഷണം അവളുടെ മുഖത്തു പ്രത്യക്ഷമാണു്.

"അക്കാ! അക്കൻ വരുന്നില്ലേ? ഞങ്ങളെല്ലാം സിനിമാസ്ക്കുപോകുന്നു"—കോമളം ഒററശ്വാസത്തിൽ പറഞ്ഞുനിറുത്തി. "കുഞ്ഞുപോക! ഞാൻ വരുന്നില്ല എനിക്കു സുഖമില്ല കുഞ്ഞേ!"

"അക്കാ! അതു സാരമില്ല. നല്ല സിനിമായാ. പോകാം വരണം!"—കോമളം രോഹിണിയുടെ കയ്യു പിടിച്ചുവലിച്ചു.

"ഇല്ല! അക്കനിന്നു വരുന്നില്ല"—കോമളം മുഖംവീർപ്പിച്ചുകൊണ്ടു നടന്നു. രോഹിണി വീണ്ടും കതകടച്ചു.

അന്നു് രണ്ടാമത്തെ പ്രദർശനത്തിന് എല്ലാവരും പോയി. അവരെയെല്ലാം തീയേററിൽകൊണ്ടാക്കിയശേഷം എന്റെ ഒരു സഹോദരനെ ഭരമേല്പിച്ചിട്ടു് സുഖമില്ലെന്നുപറഞ്ഞു് ഞാൻ വീട്ടിലേക്കു തിരിച്ചു.

ഗ്രാമത്തിന്റെ ഗേററിലെത്തി കാലൊച്ചകേൾക്കാതെ സൂക്ഷിച്ചു് വീട്ടിൽ പ്രവേശിച്ചു. ഞാനറിയാതെ രോഹിണിയുടെ മുറിക്കു പുറകിലുള്ള ജനാലയ്ക്കുസമീപമെത്തി. ജനാലയുടെ വിടവിൽക്കൂടി ഞാൻ അകത്തേക്കുനോക്കി. അവൾ അവിടുണ്ടു്. ധ്യാനത്തിലിരിക്കുകയാണു്.

ഞാൻ ശ്വാസോച്ഛ്വാസമടക്കി അവിടെ നിന്നു. മങ്ങിയ പ്രഭയിൽ നടക്കുന്ന സംഗതികൾ അവ്യക്തമായിമാത്രമേ കാണാവൂ.

രോഗിണി അല്പനേരം കഴിഞ്ഞു് എഴുന്നേററു് അടുത്തിരുന്ന ഒരു പെട്ടി തുറന്നു. ഞാൻ ഏകാഗ്രമായി ശ്രദ്ധിച്ചു. അവൾ ചില സാധനങ്ങൾ പുറത്തെടുത്തു.

അത്യന്തം വേഗം ഇടിക്കുന്ന ഹൃദയത്തുടിപ്പുകൾ എനിക്കു ശല്യമായി തോന്നി. ഞാൻ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു.

എന്തോ ചിലതൊക്കെ അവൾ നോക്കി. ഒന്നു നിശ്വസിച്ചു. അവളുടെ കണ്ണുകൾ നിറഞ്ഞു.

നഷ്ടപ്രഭമായ സ്ഥലത്തേക്ക് ചെറുവിടവിൽക്കൂടി നോക്കിനോക്കി എന്റെ കണ്ണു വല്ലാതെ വേദനിച്ചുതുടങ്ങി. അല്പം ആശ്വാസത്തിനായി നിവന്നുനിന്ന് കിഴക്കൻപ്രദേശങ്ങളിലേക്ക് കണ്ണോടിച്ചു.

അങ്ങിങ്ങായി ശുഭ്രമേഘങ്ങൾ നീലിമനിറഞ്ഞ ആകാശത്ത് ചിതറിക്കിടക്കുന്നു. ഇരുണ്ട കുന്നുകൾക്കപ്പുറത്ത് ചന്ദ്രബിംബം ഉയന്നുവരുന്നു. അങ്ങ് ആ മാവിൻ ശിഖരത്തിലിരുന്നുകൊണ്ട് ഒരു വാനമ്പാടി ശ്രുതിമീട്ടിത്തുടങ്ങി. പ്രകൃതിയുടെ ശാന്തിയും പ്രസന്നതയുമോർത്ത് ഞാൻ തെല്ലൊന്നു നിന്നുപോയി.

ഞാൻ തിരിച്ച് ശേഗറിലേക്കു നടന്നു. കതകിൽ ചില ശബ്ദങ്ങളുണ്ടാക്കിത്തിരിച്ചുവന്ന് ഒന്നു ചുമച്ച് എന്റെ മുറിയിൽ പ്രവേശിച്ചു. ദീപം കുറച്ചുവച്ചിരുന്ന വിളക്കിന്റെ തിരിയുയത്തി.

അനാദ്യമായി രോഹിണിയോടു സംസാരിക്കണമെന്ന് ഞാൻ തീച്ചയാക്കി. കസേരയിലേക്കു ചാഞ്ഞ് അന്നത്തെ വത്തമാനപ്പത്രമെടുത്തു നിവത്തു വായിക്കുവാൻ ശ്രമിച്ചു.

രോഹിണി കതകു തുറന്ന് വെളിയിൽവന്നു; സിനിമാ കഴിഞ്ഞ് എല്ലാവരും വന്നിരിക്കുമെന്നു വിചാരിച്ചായിരിക്കും. എന്നാൽ ആരെയും കാണാഞ്ഞതിനാലും എന്റെ മുറിയിൽ വെളിച്ചമുണ്ടായിരുന്നതിനാലും അവൾ മുറിക്കു

സമീപത്തേക്കു വന്നു. എന്തോ എനിക്കൊരു പരിഭ്രമം തോന്നാതിരുന്നില്ല. ഒരസഹനീയതയും!

"അവരാരും വന്നിട്ടില്ല! തലവേദന തോന്നിയതുകൊണ്ടു് ഞാനിങ്ങുപോന്നു."—ഞാൻ പത്രത്തിനോടെന്നപോലെ സംസാരിച്ചു. രോഹിണി മറുപടിയൊന്നും പറഞ്ഞില്ല. എങ്കിലും എനിക്കവളോടൊന്നു സംസാരിക്കണം!

"അമ്മയ്ക്കു സുഖംതന്നെയോ?"—ഞാൻ വീണ്ടും കുശലപ്രശ്നത്തിനു ശ്രമിച്ചു.

"അതേ!"—അവൾ മറുപടി പറഞ്ഞു. ഇനിയും എന്തു ചോദിക്കണം സംഭാഷണംനീട്ടാൻ!

"നിങ്ങൾ പത്രമൊന്നും വായിക്കാറില്ലെന്നു തോന്നുന്നു."—ഞാൻ പറഞ്ഞു. അല്പമൊരു വിറയൽ എന്റെ സംഭാഷണത്തിലുണ്ടായിരുന്നതു് അവൾ അറിഞ്ഞിരിക്കുകയില്ല.

"ഇല്ല. എനിക്കതിൽ രസമില്ല!"—എന്നു് അവൾ മറുപടി പറഞ്ഞു.

"നോവലും ചെറുകഥകളുമൊക്കെ ഇഷ്ടമാണോ"—എന്റെ സംഭാഷണത്തിന്റെ വലിച്ചുനീട്ടൽ വല്ല സംശയങ്ങളും അവൾക്കുണ്ടാക്കിയോ എന്തോ!

"ഇല്ല! ഞാനൊന്നും വായിക്കാറില്ല. ഇങ്ങനെ അങ്ങു കഴിഞ്ഞുപോകണമെന്നേ ആഗ്രഹമുള്ളൂ."—അവളുടെ ഇടുങ്ങിയ, അടിച്ചമർത്തുവാൻ ശ്രമിച്ച ഒരു ദീർഘനിശ്വാസം ഞാൻ കേട്ടു. അല്പനേരം നിശ്ശബ്ദമായി ഞാനിരുന്നു.

"എനിക്കൊരു സംഗതി ചോദിച്ചാൽകൊള്ളാമെന്നുണ്ടു്"—ഞാൻ അറിയാതെ വാക്കുകൾ എന്റെ മാനസികവ്യാപാരങ്ങൾക്കു് രൂപംകൊടുത്തു. മങ്ങിയ വെളി

ച്ചത്തിൽ അവളുടെ മുഖത്ത് ആശ്ചര്യം തെളിഞ്ഞുമാഞ്ഞത് കാണുവാൻ എനിക്കു സാധിച്ചു. വായിച്ചുകൊണ്ടിരുന്ന പത്രംമടക്കി മേശമേൽ വച്ചിട്ട് ചാരുകസേരയിൽ ഞാൻ നിവന്നിരുന്നു.

"ഞാൻ ഒരു സഹോദരബുദ്ധ്യാ ചോദിക്കുന്നതാണ്. നിങ്ങൾ എപ്പോഴും വിഷാദിച്ചുകൊണ്ടിരിക്കുന്നതെന്താണ്?"—അവളൊന്നും മിണ്ടിയില്ല. കണ്ണുകളിൽ ബാഷ്പബിന്ദുക്കൾ നിറഞ്ഞിരിക്കണം; മുഖംതിരിച്ച് കൈകൊണ്ട് കണ്ണുതുടയ്ക്കുന്നതു ഞാൻ കണ്ടു.

"ഇതാരുമറികയില്ല! അതു പറയണം."—ഞാനാവർത്തിച്ചു.

"അതു പറയാതിരിക്കുന്നതാണു ഭംഗി"—അവൾ പറഞ്ഞു.

"എങ്കിലും ഒരു സഹോദരനോടു പറയുന്നതുകൊണ്ട് പിശകൊന്നുമുണ്ടാകുവാനില്ല."—

അല്പനേരം നിശ്ശബ്ദതയായിരുന്നു. ആർക്കും ഒന്നും തോന്നിയില്ല.

"ഞാൻ പറയാം!"—രോഹിണി സമ്മതിച്ചു. "മധുരയിലെ ഒരു നെയ്ത്തുശാലയിൽ ഞാൻ ജോലിനോക്കിവരുകയായിരുന്നു. എൻെറ യുവത്വത്തിൻെറ പരിപൂർണ്ണദശയിലാണ്. ഞാൻ ജോലിക്ക് അതിസമർത്ഥയാണെന്നെല്ലാവരും സമ്മതിച്ചു. എൻെറ കൂട്ടായി ആ നാട്ടിലെ ഒന്നുരണ്ടു സ്ത്രീകളുമുണ്ടായിരുന്നു. അങ്ങിനെ ഞങ്ങൾ സുഖമായി കഴിഞ്ഞുവന്നു.

"ഒരുദിവസം ആ മില്ലിൽത്തന്നെ ജോലിയുള്ള ഒരു യുവാവുമായി പരിചയപ്പെടേണ്ടിവന്നു. അവിടത്തെ ആഫീസിലെ ഒരുയന്ന ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. യാദൃച്ഛികമായുണ്ടായ പരിചയപ്പെടൽ മററനവധി സമാ

ഗമങ്ങളുടെ നാന്ദിയായിരുന്നു. ഞങ്ങൾ പലതും സംസാരിക്കാറുണ്ട്. ആ അവസരങ്ങളിൽ വെറും പരിചയത്തിൽ നിന്നുയൎന്ന ഒരു കൂട്ടുകെട്ടിലായി ഞങ്ങൾ. അകൃത്രിമപ്രേമരസം തുളുമ്പുന്ന ഒരു ഹൃദയം ആ യുവാവു് എനിക്കു കാഴ്ചവച്ചു. വിവാഹബന്ധത്തിലേൎപ്പെട്ടു ജീവിക്കുവാൻ, ആനന്ദിച്ചുകഴിയുവാൻ അയാൾ എന്നെ പ്രേരിപ്പിച്ചു.

"സ്ത്രീസമുദായത്തെ അസ്വാതന്ത്ര്യകളായി വലിച്ചുകെട്ടുന്നതിനുള്ള ഒരുപായമായിട്ടാണു് ഞാൻ വിവാഹബന്ധത്തെ അന്നു ഗണക്കാക്കുക. ഞാൻ ഒരിക്കലും ഒരാളുടെ ഭാൎയ്യയാകുന്നതല്ലെന്നു് ശ്രീകൃഷ്ണസ്വാമിയെ സാക്ഷിയാക്കി അദ്ദേഹത്തോടു തീൎത്തുപറഞ്ഞു. ഞങ്ങൾ വേർപിരിഞ്ഞു.

"ഭാവിയുള്ള അദ്ദേഹത്തിൻെറ ജീവിതം ഞാനുലച്ചുതളൎത്തി. ഞങ്ങൾതമ്മിൽ പിന്നെക്കണ്ടിട്ടില്ല. അടുത്തയാഴ്ചയിൽ അദ്ദേഹം ഉദ്യോഗം രാജിവച്ചു. ഞാൻനിമിത്തം അദ്ദേഹത്തിൻെറ കുടുംബം നിലംപതിച്ചു. ഇന്നു് അതു് നിത്യദാരിദ്ര്യത്തിൽ കഴിയുകയാണു്.

"എൻെറ സ്നേഹിതകളെല്ലാം വിവാഹിതകളായി. അവർ ജീവിതസുഖത്തെ—കുടുംബജീവിതത്തെ—പ്പററി പലതും എന്നോടുപറഞ്ഞു എൻെറ ജീവിതം ശൂന്യമാണെന്നു എനിക്കുതോന്നി എൻെറ ചിന്താഗതിമാറി. ഞാനദ്ദേഹത്തെ ഓൎമ്മിച്ചു. എൻെറ അപരാധം എനിക്കു മനസ്സിലായി. എൻെറ മാതൃത്വം...! ഞാൻ നീറിനീറി ഇങ്ങനെ രണ്ടുമൂന്നുകൊല്ലമായി ജീവിക്കുകയാണു്.

"എനിക്കും ഒരു ഭാൎയ്യയാകണം. അദ്ദേഹത്തിൻെറ ഭാൎയ്യയാകണം. അദ്ദേഹമിന്നെവിടെ?...ഞാനിങ്ങനെ ജീവിക്കുകയാണു്. നീറുന്നഹൃദയത്തിൻെറ ബാഹ്യപ്രകടനം

കണ്ണുനീരും നെടുവീർപ്പുമാണ്. ഏതൊരുദേവനെ സാക്ഷി നിറുത്തി ഞാൻ അവിവാഹിതയായിക്കഴിയുമെന്നു പ്രതിജ്ഞചെയ്തോ ആ ദേവൻെറ സന്നിധിയിലാണെൻെറ ഹൃദയവ്യഥ സമപ്പിച്ചിരിക്കുന്നതു്. അവിടെയാണു ഞാനീകണ്ണുനീർ വഷിക്കുന്നതു്. ഇതാണ്......ഇതാണ് ആ കാരണം"—അവർ പറഞ്ഞുനിറുത്തി. അങ്ങിനെ ഞാനാരഹസ്യം അറിഞ്ഞു.

ഞാൻ ചാരുകസേരയിലേക്കു ചാഞ്ഞിരുന്നു. രോഹിണി അവളുടെ മുറിയിലേക്കു നടന്നു. കസേരയിൽ കിടന്ന് ഞാൻ തെല്ലൊന്നുറങ്ങി. റോഡിൽ ചില സംസാരങ്ങൾ കേട്ടാണുണന്നതു്. അതു് കോമളത്തിൻെറയുംമററും ശബ്ദമായിരുന്നു. ഞാൻ ഗേററിലേക്കു .നടന്നു. ഗേററുതുറന്നു. കോമളം എൻെറ കയ്യിൽതൂങ്ങിക്കൊണ്ടു ചിരിച്ചുകൊണ്ടു പറയുകയാണ്.

"കൊള്ളാം! നല്ലയാളാ! തലവേദനയാണെന്നും പറഞ്ഞു് ഇങ്ങുപോന്നതു് അക്കനോടിരുന്നു സംസാരിക്കാനല്ലേ്യാ?"- ഞാൻ ആ കുസൃതിക്കുട്ടിയുടെ വാപൊത്തി.

——— ———

# മാതൃഹൃദയം

ഒരു സായാഹ്നത്തിൽ നാരകീയമായ കാരാഗൃഹ കവാടങ്ങൾ തുറക്കപ്പെട്ടു. നിറം മാഞ്ഞ സിൽക്കുകൊണ്ടുള്ള വേഷം, വ്യായാമമില്ലാതെ തടിച്ചുകൊഴുത്തു മഞ്ഞളിച്ച മാംസളമായ ശരീരം, പ്രസന്നരഹിതമായ വദനം, അലങ്കോലപ്പെട്ടു് കാററിലാടുന്ന കേശം,—അങ്ങിനെ ഒരു സ്ത്രീരൂപം വിശാലമായ ലോകത്തിലേക്കു് കാൽവച്ചിറങ്ങി. അവൾ സ്വതന്ത്രയാണു്.

ആറുകൊല്ലംമുമ്പു് അവളുടെ പൈതലിനെ വധിച്ചു എന്ന കുററംചുമത്തി അവളെ തടങ്കലിൽ വച്ചതാണു്. കാരാഗൃഹജീവിതത്തിൽ ചില്ലറജോലിചെയ്തുണ്ടാക്കിയ അല്പസംഖ്യ അവൾക്കു് ധനമായിട്ടുണ്ടു്. ജയിലിൽനിന്നു വിടുന്നദിവസംതന്നെ ആ ദേശംവിട്ടുകൊള്ളണമെന്നു് അവൾക്കു് കഠിനമായ ആജ്ഞയുമുണ്ടു്. അവിടെനിന്നും മററുസ്ഥലങ്ങളിലേക്കുള്ള അവസാന വണ്ടിപോലും പോയിക്കഴിഞ്ഞു.

സ്വതന്ത്രയാണെങ്കിലും നിരാശ്രയയായ അവൾ അടുത്തുള്ള സത്രത്തിലേക്കു തിരിച്ചു. അതിൻെറ കവാടത്തിലെത്തി തൊണ്ടയിടറിവിളിച്ചു. അവൾ വിറച്ചുകൊണ്ടു് അഭയം ആവശ്യപ്പെട്ടു. "പഞ്ജരവിമുക്തയായ ഒരു പക്ഷിക്കു്" അവിടെ അനുവാദം നിഷേധിക്കപ്പെട്ടു. അടുത്ത ഗ്രാമത്തിലുള്ള ഒരുസങ്കേതത്തിലേക്കു് അവൾക്കു് വഴി അവർ പറഞ്ഞുകൊടുത്തു.

അവർ നടക്കുകയാണ്. വിശാലാന്തരീക്ഷത്തേയും ചിറകടിച്ച് കൂട്ടുകേറുന്ന പക്ഷികളെയും നോക്കി അവർ നടന്നു. അടുത്ത് കണ്ട ഒരു വീട്ടിന്റെ ഗേററിൽ തട്ടി അവർ ശാന്തമായി വിളിച്ചു. കതകുതുറന്ന് ഒരാൾ അവളെ രൂക്ഷമായി നോക്കി. ആളിനെ കണ്ടതോടെ കാര്യം ഗ്രഹിച്ച അയാൾ, ദീർഘമായി ശ്വസിച്ചുകൊണ്ടിരുന്ന അവളോട് പറഞ്ഞു. "ഇവിടെ സ്ഥലമില്ല. പോ!" കതകടഞ്ഞു അകത്ത് അയാളുടെ കാലൊച്ച ക്രമത്തിൽ നിലച്ചതോടെ അവർ റോഡിലേക്കു കയറി.

സ്വദേശമായ ഗ്രാമത്തിലേക്ക് കാൽനടയായി പോവുകയല്ലാതെ മററുമാർഗ്ഗമൊന്നും അവർ കണ്ടില്ല. അവർ നടന്നു.

അന്ധകാരം വിശ്വമെങ്ങും പരന്നുതുടങ്ങി. പൊടി നിറഞ്ഞ വഴി നീണ്ടുവളഞ്ഞ് അവളുടെ മുമ്പിൽ ഇരുവശങ്ങളിലും ആൾപ്പാർപ്പില്ലാത്ത ശൂന്യസ്ഥലങ്ങൾ. അപ്പഴപ്പോൾ കാററ് വന്മരങ്ങളുടെ ശിഖരങ്ങളിൽക്കൂടി കുഴലൂതിപായുന്നുണ്ട്. വൃക്ഷങ്ങളിൽനിന്നു ഉണങ്ങിവീഴുന്ന ഇലകൾ അവളുടെ ശരീരത്തു വീണുകൊണ്ടിരുന്നു.

ആരുകൊല്ലത്തെ സ്വസ്ഥതയ്ക്കുശേഷം ആദ്യമായിട്ടാണ് അവർ നടക്കുന്നതു്. കാലുകൾ മരവിച്ചും മാംസപേശികൾ സ്തംഭിച്ചും തുടങ്ങി. ഏകദേശം രണ്ടുമൈൽ നടന്നപ്പോഴേക്ക് അവർ ക്ഷീണിച്ചു. വഴിയരികിൽ കണ്ട ഒരു പാറ അവളുടെ താവളമായി. വിശപ്പും ക്ഷീണവും കലശലായി. ഒന്നു മയങ്ങുവാൻ അവർ ആശിച്ചു. മരിച്ചുപോകുമെന്നുഭയന്ന് അവർ ഉറങ്ങിയില്ല. എന്തൊക്കെയോ ചിന്തിച്ചുകൊണ്ട് അവർ അവിടെയിരുന്നു.

രാത്രിയുടെ ഏകാന്തമായ നിശ്ശബ്ദത അവൾക്കു ഭീകരമായിത്തോന്നി. നിർമ്മലമായ ഒരവ്യക്തസ്വരം അവളുടെ കണ്ണുകളിൽ പതിച്ചതുപോലെ അവൾക്കുതോന്നി. അവൾ ശ്രദ്ധിച്ചു. ഒരുമാതാവിൻെറ മനമലിഞ്ഞൊഴുകുന്ന താരാട്ട്, അതാണ് അവളുടെ ശുഷ്കകണ്ണുകൾക്കു് ധാരകോരിയതു്.

അവൾ ഏകാകിനിയല്ല അ വിജനസ്ഥലത്തു് ആ താരാട്ട് അവൾക്ക് മൃതസഞ്ജീവിനിയായി തോന്നി. അവൾ പലതുമോർത്തു. ഒരു മാതാവായിരുന്നകാലങ്ങൾ— ഒരു പിഞ്ചുപൈതലിനെ താലോലിച്ച സന്ദർഭങ്ങൾ— ഒരു നിർമ്മലവദനത്തിൽ ചുംബിച്ചനിമിഷങ്ങൾ—ഒരു പൈതലിൻെറ പുഞ്ചിരിയിൽ ലയിച്ചിരുന്ന വിനാഴികകൾ—ചിന്തയിൽനിന്നവളുണൎന്നു. ആ താരാട്ട് അവളെ ഉണൎത്തി. സ്തംഭിച്ച കാലുകൾ തിരുമ്മി ചൂടുവരുത്തി അവൾ എഴുന്നേററു. അവളെ തണുപ്പിക്കുന്ന നീരുറവയുടെ ഉത്ഭവസ്ഥാനംതേടി അവൾ നടന്നു.

മൂന്നുവഴികൾ സന്ധിക്കുന്ന ഒരു മുക്ക് ചെറുവൃക്ഷങ്ങളുടെ ശിഖരങ്ങളിൽക്കൂടി ഇഴഞ്ഞുവന്ന ഒരു തിരിയുടെ പ്രകാശം അവളുടെ കണ്ണുകളിൽ പതിച്ചു. ചെളികൊണ്ടുണ്ടാക്കിയ ഒരു ചെറുകുടിൽ അതിൻെറ ജന്നലിൽക്കൂടിയാണ് ആ ദീപം അവൾ കണ്ടതു്. ആ കുടിലിനകത്തു് ആരോ സംസാരിക്കുന്നു. അവ്യക്തങ്ങളായ ശബ്ദങ്ങൾ, അവൾ അതു ശ്രദ്ധിച്ചു.

അവളുടെ ഹൃദയം വേഗം തുടിച്ചു. ആ അന്തരീക്ഷത്തിൽ അതു മാറെറാലികൊള്ളുന്നപോലെ തോന്നി. ആകാംക്ഷയോടെ കവാടത്തിൽ മുട്ടി.

അകത്തെ ഗാനാലാപം നിലച്ചു. ആരോ നടക്കുന്ന ഒരു തോന്നൽ. സാക്ഷ, നീങ്ങി, വാതൽ തുറന്നു. ഒരു കൃഷീവലസ്ത്രീ അവളുടെമുമ്പിൽ കതകിൽ പിടിച്ചുകൊണ്ടു് പ്രത്യക്ഷയായി. അപരിചിതരായ ആരോ ആണു് മുമ്പിൽ നില്ക്കുന്നതെന്നു മനസ്സിലായതോടെ ആ ഗ്രാമീണ ദീപമെടുത്തുയർത്തി ആഗതയെ സൂക്ഷിച്ചുനോക്കി. "നിങ്ങൾക്കെന്തുവേണം?"

"പട്ടണത്തിൽ നിന്നുള്ള ഒരുവഴിക്കാരിയാണു്. മുമ്പോട്ടുപോകുവാൻ തീരെശക്തിയില്ല. ഇവിടെ.......... ഞാൻ പണംതരാം......!"

"വരണം"—ഗ്രാമീണവിളക്കുംകൊണ്ടു് വീട്ടിലേക്കു നടന്നു. വിളക്കുതാഴത്തുവച്ചിട്ടു് അവർ ആഗതയെ സൂക്ഷിച്ചു പ്രഭാശൂന്യമായവിളക്കിന്റെ തണുത്തവെളിച്ചത്തിൽ ആളുമനസ്സിലാക്കിയ ഗ്രാമീണ ആശ്ചര്യകരമായി പറഞ്ഞു. "അല്ല! നിങ്ങൾ......?" അവൾ അർദ്ധോക്തിയിൽവിരമിച്ചെങ്കിലും മുഖലക്ഷണം അതുപൂരിപ്പിച്ചു.

"അതേ! അതു ശരിയാണു്. സ്വതന്ത്രയായ ഒരു ജയിൽപുള്ളിയാണു്. കമലം എന്നാണെൻെറപേരു്."

"...ആ സത്രത്തിൽ?......"

"അവരെന്നെ പ്രവേശിപ്പിച്ചില്ല—" കമലം തലകുനിച്ചു് മറുപടിപറഞ്ഞു. "ഞാൻ...നോക്കു...ജയിലിൽനി...ന്നു്..."—കമലം അതു പൂർത്തിയാക്കിയില്ലെങ്കിലും ഗ്രാമീണസ്ത്രീക്കു കാര്യം മനസ്സിലായി.

"സാരമില്ല"—അവർവെളിയിലേക്കു നോക്കിക്കൊണ്ടുപറഞ്ഞു. "കുററിരുട്ടത്തു നിങ്ങളെവിടെപ്പോകാനാ? ഇവിടെ ഉള്ളതിൽപങ്കു്...!"

"ഓ! അതുമതി...!" കമലം ഇടക്കുകയറിപ്പറഞ്ഞു. ഗ്രാമീണ അവിടെനിന്നും മുറിക്കുള്ളിലേക്കുപോയി. ഒരു

പായുമായി അവൾ തിരിച്ചുവന്നു. കമലത്തിനു കിടക്കാനുള്ള സ്ഥാനം കാണിച്ചുകൊടുത്തു.

"തനിച്ചാണോ താമസം?"—കമലം കുശലപ്രശ്നം ചെയ്തു.

"എൻെറ കുഞ്ഞുമാത്രമേ എനിക്കു കൂട്ടുള്ളൂ."—ഗ്രാമീണ മുഖം തിരിച്ചുകളഞ്ഞു.

"ഭർത്താവ്?"...

"മരിച്ചുപോയി. രണ്ടുകൊല്ലം മുമ്പ്"—ഗ്രാമീണയ്ക്കു സംഭാഷണം നീട്ടണമെന്ന് ആഗ്രഹമില്ല. അവർ ദീപം കയ്യിലെടുത്തു. കമലം പായ് നിവർത്തി. അടുത്തമുറിയിൽ "അമ്മേ"—എന്ന് ഒരു പൈതൽ വിളിച്ചു. ഗ്രാമീണ വിളക്കുമായി അകത്തേക്കുപോയി കമലം വീണ്ടും അന്ധകാരത്തിലായി. അവൾ കിടന്നു.

അടുത്തമുറിയിലെത്തിയ മാതാവ് പൈതലിനോട് എന്തെല്ലാമോ സംസാരിച്ചുതുടങ്ങി. അതിഥിയുടെ വരവോടെ ആ കുസൃതിക്കുട്ടക്കുണർന്നു മാതാവ് എന്തെല്ലാം പറഞ്ഞിട്ടും പാടിയിട്ടും അവൻ ഉറങ്ങുന്നില്ല. കമലം അതെല്ലാം ശ്രദ്ധിച്ചുകൊണ്ടു കിടക്കുകയാണ്. കുട്ടിയുടെ ചോദ്യങ്ങൾ മാതാവിൻെറ മറുപടികൾ. അതങ്ങിനെ തുടരുന്നു. കമലത്തിൻെറ നിദ്ര നശിച്ചു. അതിലും ശ്രേഷ്ഠമായ ഒന്ന് അവളുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ചു. അവൾ ഇടക്കിടെ ദീർഘമായി നിശ്വസിച്ചു. "എൻെറ കുഞ്ഞുണ്ടായിരുന്നെങ്കിൽ......"

അടുത്തമുറിയിലെ കിളികൊഞ്ചൽ അവളുടെ ഹൃദയത്തെ മഥിച്ചു. എന്തോ മധുരവും, മൃദുലവും മനോഹരവുമായ ഒരു വികാരം അവളുടെ ഹൃദയത്തിൽ ഉദിച്ചുയർന്നു. ക്ഷതമേററ ആ മാതൃഹൃദയം കണ്ണുനീരിൽ ശാന്തി തേടി.

"ഇങ്ങ്വാമോനെ!" അകത്തു മാതാവു് പറയുകയാണു്. "നീയുറങ്ങ്. നല്ലകുഞ്ഞുങ്ങൾ അമ്മപറയുന്നതുപോലെ കേൾക്കും! ഇപ്പഴുറങ്ങിയാൽ നാളെനിന്നെ ചന്തയിലെല്ലാംകൊണ്ടുപോം!"

"ചന്തയിലെന്തുവാമ്മേ നാളെ! കളിപ്പാട്ടം വാങ്ങിച്ചുതരാമോ?" ഒരു കിളിക്കൊഞ്ചൽ!

"തരാം! തങ്കം! വാ! നാളെ ദൈവംനിനക്കു കളിപ്പാട്ടമൊക്കെക്കൊണ്ടുത്തരും"

"ദൈവമിങ്ങനെത്ര കളിപ്പിച്ചമ്മേ? നാളെതീർച്ചയായും കൊണ്ടുത്തരുമോ"

"തരും തങ്കം. വന്നുറങ്ങ്"

"ദൈവം ഇവിടെ കൊണ്ടുത്തരുമോമ്മേ?"

"ഇല്ല. ചന്തയിൽചെന്നെടുത്തോണ്ടുവരണം?"

"അതെന്താമ്മെ ഇങ്ങുകൊണ്ടുത്തരാത്തെ?"

"നമ്മളു പാവങ്ങളല്ല്യോ. പിന്നെ നമ്മളു ദൂരേമല്ല്യോ താമസിക്കുന്നേ"

"അപ്പ വല്ല്യകുഞ്ഞുങ്ങക്കെ വീട്ടിക്കൊണ്ടെക്കൊടുക്കുവോ? അതെന്താമ്മേ?"

"അങ്ങനാ! വാതങ്കം ഉറങ്ങ്. ഇന്നുറങ്ങിയാ നാളെ കളിപ്പാട്ടമൊക്കെ ഇവിടെക്കൊണ്ടുരും."

"എന്നാഞാനുറങ്ങാം. തീർച്ചയായുംകൊണ്ടുത്തരുമെ"—ആ കിളിക്കൊഞ്ചൽഅങ്ങിനെനിലച്ചു. നിശബ്ദത. പൈതൽഉറങ്ങി.

കമലത്തിനുറക്കം വന്നില്ല. അവളുടെ ഹൃദയത്തിൽ ഒരു വികാരംകിടന്നു വിങ്ങുകയാണു്, സമാശ്വാസത്തിനുള്ള ഒരു വെമ്പൽ, അവൾ പൂർവ്വകാലചരിത്രങ്ങൾ ഒന്നൊന്നായിസ്മരിച്ചു:—ആ പ്രണയകഥ; കാമുകൻെറ മധു

വൊഴുകുന്ന മധുരോക്തികൾ; അന്ന് അവർ കണ്ടിരുന്ന പൊൻകിനാവുകൾ; ഒരു സമാഗമത്തിൽ അവൾ കാമുകനെ അറിയിച്ച ആ രഹസ്യം; അയാളുടെ ഞെട്ടൽ; അവരുടെ ഭിന്നിപ്പ്; സമുദായം അവളുടെ ജീവിതത്തെപ്പററി ചെയ്ത വിധി; ഒരു ഉഷപ്പിനു് അവൾ സഹിച്ച വേദന ഒരു പിഞ്ചുപൈതലിൻെറ കരച്ചിൽ; അതിൻെറ മരണം; കൊലപാതകിയായി അവൾ വിലങ്ങണിഞ്ഞ രംഗം; കച്ചേരിയിൽ അവൾചെയ്ത പ്രസ്താവന:—"ഞാൻ ഒരേ ഒരു പുരുഷനെ സ്നേഹിച്ചു. അയാളാണാശിശുവിൻെറ കാരണഭൂതൻ. അതു തലയുയർത്തി സമ്മതിക്കുവാൻ അയാൾക്കു ധൈര്യമില്ലെങ്കിൽ അതു നശിക്കുന്നതു് അയാൾ കാണണം. അതിലെങ്കിലും അയാളുടെ ഹൃദയമലിയുമോ യെന്നറിയണം. നിഷ്കളങ്കയായ എന്നെ വഞ്ചിച്ച ആ പുരുഷനോടുള്ള എൻെറ പ്രതികാരമാണതു്." ആറു കൊല്ലം ഇരുമ്പഴികൾക്കുള്ളിൽ കിടന്നനുഭവിച്ച യാതന; അങ്ങിനെ ഓരോ ചിത്രങ്ങൾ അവളുടെ ഹൃദയചക്ഷുസ്സിനുമുമ്പിൽക്കൂടി ചലനചിത്രരംഗങ്ങൾപോലെ തെളിഞ്ഞു മങ്ങി. ഏങ്ങലടിച്ചവൾ കരഞ്ഞു. അവളുടെ നെടുവീർപ്പുകൾ പുറത്തുകേൾക്കാതിരിക്കാൻ കമഴ്ന്നുകിടന്നു് കയ്യിൽ മുഖംചേർത്തു് അവൾ വിങ്ങിവിങ്ങിക്കരഞ്ഞു. അവളുടെ ഹൃദയത്തിൻെറ അസ്വാസ്ഥ്യത അനുനിമിഷം വർദ്ധിച്ചു. വെളുത്തപക്ഷത്തെ ചന്ദ്രൻെറനേക്കു കടൽത്തിരയടിച്ചുപൊങ്ങുന്നതുപോലെ ഗ്രാമീണശിശുവിൻെറ സംഭാഷണം അവളുടെ ഹൃദയത്തിൽ കോളിളക്കമുണ്ടാക്കി.

ആ മൺകുടിൽ നിദ്രയിൽ ലയിച്ചിരിക്കുകയാണു്. കമലം കതകുതുറന്നു് വെളിയിലിറങ്ങി.

കിഴക്കൻകുന്നുകൾക്കപ്പുറത്ത് ആകാശം തെല്ലൊന്നു തെളിഞ്ഞിരിക്കുന്നു. അങ്ങിങ്ങായി ആകാശത്തൊത്തുങ്ങി ക്കൂടിയിരിക്കുന്ന മേഘശകലങ്ങൾ ചെഞ്ചായമണിയുന്ന തേയുള്ളൂ. വൃക്ഷദലങ്ങളിൽനിന്ന് മഞ്ഞുതുള്ളികൾ പൊഴിയുന്നുണ്ട്. കാട്ടുപൂക്കൾ ഇതളുവിടത്തി പ്രഭാതാഗമം ഒളിഞ്ഞുനോക്കിത്തുടങ്ങിയിരിക്കുന്നു. നിശ്ചലമായി നിശ്ശബ്ദമായി എന്തോ പ്രതീക്ഷിച്ച് പ്രകൃതി അക്ഷമയോടെ നിലകൊള്ളുന്നു.

ഇതൊന്നുമറിയാതെ കമലം അതിവേഗം നടക്കുകയാണ്.

അവൾ ചന്തസ്ഥലത്തെത്തി. ആളുകളാരും ഉണന്നിട്ടില്ല. കടകളൊന്നും തുറന്നിട്ടില്ല. ഓരോതെരുവിലും അവളലഞ്ഞു നടന്നു. ഒരു കട തുറന്നിരിക്കുന്നു. അവൾ അവിടേയ്ക്കതിവേഗം പാഞ്ഞു. അവിടെയുണ്ടായിരുന്ന കളിപ്പാട്ടങ്ങളെല്ലാം അവൾ വാങ്ങി. ഒന്നിച്ചൊരു കെട്ടാക്കി നെഞ്ചോടു ചേർത്തുപിടിച്ചുകൊണ്ട് അവൾ തിരിഞ്ഞു. ഒന്നുരണ്ടടി നടന്നു.

"അവിടെ നില്ക്കു്!"—ഒരാജ്ഞ അവളെ സ്തംഭിപ്പിച്ചു.

"ഇവിടെങ്ങും കണ്ടുപോകരുതെന്നല്ലായിരുന്നോ ആജ്ഞ"—അതൊരു പോലീസുകാരന്റെ ശബ്ദമായിരുന്നു. അവൾ ആ ഭീമകായനെ അടിമുടി ഒന്നു നോക്കി. അവൾക്ക് വിശദീകരിക്കുവാനുണ്ട്. പക്ഷേ അവളുടെ വികാരങ്ങൾ പ്രകാശിപ്പിക്കാൻ വാക്കുകിട്ടിയില്ല.

"ഉം! കേറ്."—അവളുടെകയ്യുപിടിച്ചുവലിച്ചുകൊണ്ട് പോലീസുകാരൻ അടുത്തുകിടന്നിരുന്ന വണ്ടി ചൂണ്ടി

ക്കാണിച്ചു. അവരം അനങ്ങാതെ, ഒരക്ഷരമുരിയാടാതെ വണ്ടിയിൽ കയറി.

ഉലഞ്ഞും കുലുങ്ങിയും കമലം വണ്ടിയിൽ നില്ക്കുകയാണു്. അവളുടെ കണ്ണുനിറഞ്ഞുനിന്നിരുന്നു.

പോകുന്നവഴിയെല്ലാം അവരം സൂക്ഷിച്ചു. കളിപ്പാട്ടങ്ങരം നെഞ്ചിൽ ചേർത്തുപിടിച്ചുകൊണ്ടു് അവരം നില്ക്കുകയാണു്. വണ്ടി അവരംക്കഭയമരുളിയ കുടിലിന്നുസമീപമെത്തി. അവരം താണുവീണപേക്ഷിച്ചു. ഒരു നിമിഷം അയാരം അവരംക്കനുവദിച്ചു, അവരം വീട്ടിന്റെ വാതലിൽ തട്ടിവിളിച്ചു. പോലീസുകാരൻ അവളുടെ പുറകിലുണ്ടു്.

ഗ്രാമീണ കതകുതുറന്നു. പോലീസുകാരനെ കണ്ടപ്പോരം അവരം ഞെട്ടി.

"അമ്മോ! ആ കുഞ്ഞുണന്നോ?"

"ഇല്ല! ഉം?"—അവരം ചോദിച്ചു.

"ദേ! ഈ കളിപ്പാട്ടങ്ങരം അവന്റെ കിടക്കയിൽ വച്ചേക്കുക. അവനുകൊടുക്കാൻ ഞാൻ വാങ്ങിയതാ! അവനിതുകണ്ടു ചോദിച്ചാൽ പറയണം ദൈവം കൊണ്ടുവച്ചതാണെന്നു്, ആ തങ്കക്കുടം ഇതുകണ്ടാനന്ദിക്കും!... ഞാനിതുവാങ്ങാൻ ചന്തയിലേക്കുപോയതാണു്. എനിക്കാപ്രദേശം നിഷേധിക്കപ്പെട്ടതായിരുന്നു. അതുകൊണ്ടു് അവർ എന്നെ വീണ്ടും ജയിലിലേക്കു കൊണ്ടുപോകയാണു്. ആ കുഞ്ഞിനോടു് ഇനിയും കഥകരം പറയണേ! അവൻ ചിരിക്കും."

ഗ്രാമീണ ഒന്നുമുച്ചരിച്ചില്ല. അവരുടെ കണ്ണുനിറഞ്ഞു.

“ഈ കളിപ്പാട്ടങ്ങൾ അവിടെ വച്ചിട്ട് അവന്റെ പിഞ്ചുകൈകൾ പതുക്കെ എടുത്ത് അതിൽ വെച്ചേക്കുക. ഉണർന്ന് ആ കുസൃതിക്കുട്ടൻ ഇതു കാണുമ്പോൾ തുള്ളി ച്ചാടിച്ചിരിക്കും” കമലം പറഞ്ഞു നിറുത്തി.

ഗ്രാമീണസ്ത്രീയുടെ കണ്ണുകളിൽ നിന്ന് അശ്രുബിന്ദു ക്കൾ വീണുകൊണ്ടിരുന്നു. കണ്ണിൽ മൂടൽമഞ്ഞു വ്യാപിച്ച തുഃപോലെതോന്നിയതു് തുടച്ചുകൊണ്ട് നിന്നിരുന്ന പോ ലീസുകാരനോട്ടു തിരിഞ്ഞു് മുഖമുയർത്തി കമലം പറ ഞ്ഞു: “ഇതാ! ഇപ്പോൾ ഞാൻ തയ്യാറായി. നമുക്കു പോകാം!”

# പരിവർത്തനം

എന്നും സായംസന്ധ്യയ്ക്കു് അസ്ഥിക്കല്ലിൽ തിരി കൊളുത്തുന്നതു് അവളുടെ പെൺകിടാവാണു്. അതു കൊളുത്തുവാൻ ആ കുട്ടിക്കു് അത്യന്തം ഉത്സാഹമാണു്. അന്തിക്കു സ്നാനംകഴിഞ്ഞു് ശുഭ്രമായ തോർത്തുമുടുത്തു് കിഴക്കേമുററത്തെ പ്ലാവിൻചുവട്ടിലേക്കു് മന്ദഗമനംചെയ്യുന്ന പൈതലിനെ നോക്കി വിലാസിനി മുററത്തു നിറകണ്ണോടെ നില്ക്കാറുണ്ടു്. ആ കണ്ണുകളിൽനിന്നടന്നു വീഴുന്ന ബാഷ്പബിന്ദുക്കൾ മുററത്തെ തരിമണലിൽ ആരുമറിയാതെ ലയിക്കാറുണ്ടു്. തിരികൊളുത്തുവാൻ പൈതലും കണ്ണുനീരുപൊഴിക്കുവാൻ മാതാവും അദ്ദേഹത്തിൻെറ മരണശേഷം മറന്നിട്ടില്ല. തിരികൊളുത്തി തിരിച്ചുവന്നു് ആ കുട്ടി പലപ്പോഴും മാതാവിനോടു ചോദിക്കും; "എന്തിനാമ്മേ ആ കല്ലിലെന്നമീ തിരി കൊളുത്തുണെ!—" എന്നു്. ആ മാതൃഹൃദയം വല്ലാതെ തുടിക്കും. കുട്ടി ചോദ്യം വിടുകയില്ല. "എന്നും കൊളുത്തണം കുഞ്ഞെ! അവിടെ ഉമ്മോററിവരും"— വിലാസിനി കുട്ടിയെ സമാധാനിപ്പിക്കും. അഞ്ചു വയസ്സുതികയാത്ത പെൺകുഞ്ഞു് അവളെന്തറിഞ്ഞു. ഉമ്മോററിയുടെ കാര്യമറിഞ്ഞതിനു ശേഷം അവൾക്കല്പം ഭയമായി. എങ്കിലും ആ കൃത്യം അവൾ മുടക്കിയില്ല.

വിലാസിനിയുടെ ഭർത്താവു മരിച്ചിട്ടു് മുററത്തെമാവു് മൂന്നുവട്ടം മാമ്പഴംപൊഴിച്ചു. അവൾ വീട്ടുവിട്ടു് പുറത്തിറങ്ങാറില്ല മുമ്പു് മുടങ്ങാതെപോകാറുള്ള ക്ഷേത്രത്തിലെ പോക്കുപോലും അവൾ നിറുത്തി. ആഡംബരം

അവൾ വെറുത്തു. ശുഭ്രവസ്ത്രങ്ങൾ മാത്രമേ അവൾ അണിയാറുള്ളൂ, അന്ന് ആവരണമണ്ഡപത്തിൽവച്ച് അദ്ദേഹം അവളുടെ കണ്ഠത്തിലർപ്പിച്ച താലിമാത്രമേ അവൾ അണിഞ്ഞിട്ടുള്ളൂ. അദ്ദേഹം അവളുടെ വിരലിലിട്ട അംഗുലീയം മാത്രമേ അണിവിരലിലാഭരണമുള്ളൂ. കണ്ണുനീർവാർക്കേണ്ട വിധവയാണവൾ ആ താങ്ങുപോയ പൂവല്ലി മണ്ണുപററിക്കിടക്കുകയാണു്.

ലീല അവളുടെ ഏകസന്താനമാണു്. അവൾക്കു രണ്ടുവയസ്സുള്ളപ്പോൾ അദ്ദേഹം മരിച്ചു. ലീലയുടെ ചോദ്യങ്ങളാണു് ആ മാതൃഹൃദയത്തിൽഉറങ്ങിക്കിടക്കുന്ന ചിന്തകളെ ഉണർത്താറുള്ളതു്. അവയാണു് കരൾനൊന്ത കണ്ണുനീരിനു് സാധാരണകാരണമാകുന്നതു്. ലീല അവളുടെ പിതാവിനെപ്പററി കഥയില്ലാതെ പലതും ചോദിക്കും. കണ്ഠമിടറി ചിലതിനെല്ലാം ആ മാതാവു് ഉത്തരംപറയും. അവളുടെ മുഖത്തെ ഭാവവ്യത്യാസം കണ്ടു് ചോദ്യം നിറുത്തി. ലീല മാതാവിൻെറമടിയിൽ തല ചാച്ചും ഇതു സാധാരണ പതിവാണു്. നിലവിളക്കിൻെറ വെളിച്ചത്തിൽ മടിയിൽ ചാഞ്ഞുറങ്ങുന്ന പൈതലിൻെറ മുഖം ചുംബിച്ചിട്ടു് ആ മാതാവു പറയാറുണ്ടു് "അദ്ദേഹം ഇന്നുണ്ടായിരുന്നെങ്കിൽ"—എന്നു്.

ആരുമറിയാതെ കണ്ണുനീരാരാധിച്ചുകൊണ്ടു കഴിയുന്ന ലക്ഷോപലക്ഷം ജനങ്ങളിലൊരുവൾമാത്രമാണവൾ. അവളുടെ ഭർത്താവു് അധികമൊന്നും സമ്പാദിച്ചിട്ടില്ല. ദാരിദ്രത്തിലകപ്പെടാതിരിക്കുന്നതിനുള്ളതുമാത്രമേ അവക്കു് അദ്ദേഹം കരുതിയിട്ടുള്ളൂ.

അദ്ദേഹം ആരാധിച്ചുവന്ന ബാലഗോപാലൻെറ ചിത്രം വില [illegible] ഭിത്തിയിൽ തൂക്കി. അവിടു

ന്നിരുന്ന സ്ഥാനത്തു് അദ്ദേഹത്തിന്റെ ഒരു ഫോട്ടോ അ വരം പ്രതിഷ്ഠിച്ചു. അതിലാണു് അന്തിക്ക കുസുമമാല്യ ങ്ങരം കാണാറുള്ളതു്. അതിന്മുമ്പിലാണു് അൎച്ചനാപു ഷ്പങ്ങരം അവളൎപ്പിക്കുന്നതു്. അവളതാരാധിക്കുന്നതു്. അവളുടെ ദൈവമാണതു്.

സായാഹ്നസമയം ലീല പടിവാതലിൽ ചെന്നുനി ല്ക്കുക സാധാരണമാണു്. പലരും അതുവഴി കടന്നുപോ കും. അയൽപിള്ളാർ റോഡിൽ കളിക്കുന്നതും കശപിശ ഉണ്ടാക്കുന്നതും നോക്കി അവരം രസിക്കും. ആ ഓമനക്കു ഞ്ഞിനെ വഴിപോക്കരിലാരും നോക്കാത്തവരില്ല. "മിടു ക്കിക്കുഞ്ഞു്"—എന്നു് പലരും അഭിപ്രായവും പറയും. അതുകേരംക്കുന്നതു് രസമാണു്. അവളുടെ തെളിഞ്ഞ പു ഞ്ചിരി അതിനെല്ലാം കൃതജ്ഞതനൽകും. അപ്പഴപ്പോരം ഗൃഹജോലിയിൽ വ്യാപൃതയായിരിക്കുന്ന മാതൃസവിധമ ണഞ്ഞു് കഴിഞ്ഞ കഥകളെല്ലാം വിസ്തരിച്ചു പറഞ്ഞിട്ട വരം വീണ്ടും പടിക്കലേയ്ക്കു് ഓടും. ആ മാതാവു് ആന ന്ദിക്കുന്നതു് ആ കിളികൊഞ്ചൽ കേട്ടമാത്രമാണു്. ഹൃദ യത്തിൽ തിങ്ങിനിൽക്കുന്ന ചില ചിന്തകരം നെടുവീൎപ്പു കളായി പുറത്തുപോകാറുമുണ്ടു്.

വഴിപോക്കരിൽ ഒരാരം ലീലയെ കൂടുതൽ ഇഷ്ടപ്പെ ട്ടു. അവളെയൊന്നു ചിരിപ്പിച്ചേ അയാരം അവിടം കടന്നു പോകൂ. മുടങ്ങാതെ അതുവഴി അയാരം പോകാറുണ്ടു്. ഒരു ദിവസം അയാരം ലീലയോടു പറഞ്ഞു് "രവിച്ചേട്ടനോടു കുഞ്ഞിന്റെ പേരെന്തെന്നു പറയുമോ?" അവരം പുഞ്ചി രിണ്ടു് കുണുങ്ങിമാറിനിന്നു. നാലഞ്ചുദിവസം അയാള ചോദ്യംതന്നെ അവളോടാവൎത്തിച്ചു. അവരം പേരുപറ ഞ്ഞിട്ടു് ഒരു ദിവസം ഓടിക്കളഞ്ഞു. അയാരം ചിരിച്ചു

കൊണ്ടു് "മിട്ടുക്കി"—എന്നുപറഞ്ഞു നടന്നുപോയി. അവർ വലിയ പരിചയക്കാരായി എന്നും തമ്മിൽ കാണും. ചിരിക്കും. കുശലംപറയും. പിരിഞ്ഞുപോകും.

"അമ്മേ! അമ്മേ!"—ലീലവിളിച്ചുകൊണ്ടു് വീട്ടിനുള്ളിലേക്കോടുകയാണു്. നിലവിളക്കു് തുടച്ചു വൃത്തിയാക്കിക്കൊണ്ടിരുന്ന മാതൃസമക്ഷം അവൾ അണച്ചു് ഓടി എത്തി.

"എന്താകുഞ്ഞേ?"—വിലാസിനി ചോദിച്ചു.

"ദേ! ഇതുകണ്ടോ?"—അവൾ പകുതിയഴിഞ്ഞിരുന്ന ഒരു കടലാസുപൊതി നിവർത്തുകൊണ്ടു പറഞ്ഞു.

"എന്തായിതു്?"

"അമ്മനോക്കണം!"—മനോഹരമായ ഒരു പാവ കാണിച്ചുകൊണ്ടു് പെൺകുഞ്ഞു പുഞ്ചിരിച്ചു.

"ഇതെവിടുന്നു?"—മാതാവു് അത്ഭുതത്തോടുചോദിച്ചു.

"ഞാമ്പറയില്ലെ ആ രവിച്ചേട്ടനെ! ഇനിക്കിന്നുതന്നു"—ലീലതുള്ളിച്ചാടിക്കൊണ്ടു് മണിനാദംപോലെ ചിരിച്ചു.

"നീയെന്തിനായിതുവാങ്ങിച്ചേ?"—മാതാവിനു് അതു രസിച്ചില്ല.

"വേണ്ടാ വേണ്ടാന്നു ഞാമ്പറഞ്ഞു. കുഞ്ഞിനു കളിക്കാനെന്നുപറഞ്ഞു് കയ്യിത്തന്നേച്ചു് രവിച്ചേട്ടൻ ഒരോട്ടം!"—രവിയുടെ ഓട്ടം അവളഭിനയിച്ചുകാണിച്ചു. ആ മാതാവെന്തോ പറയുന്നതിനൊരുങ്ങി. അവൾക്കു വാക്കുകിട്ടിയില്ല.

രവി പലതും ലീലക്കുകളിക്കുവാൻ സമ്മാനിച്ചുവന്നു. അഴകുള്ളകളിപ്പാട്ടങ്ങളായിരുന്നു അതെല്ലാം. ലീലയ്ക്കു്

ആത്യധികമാനന്ദം അവ ഉണ്ടാക്കി. പൈതലിനെ പടിക്കൽ കണ്ടില്ലെങ്കിൽ പടികടന്നു് രവി അവളെ അന്വേഷിക്കും. ലീലയെ അയാൾക്ക വലിയ സ്നേഹമാണു്. പൈതലിനെ ഓമനിക്കുന്ന ആ യുവാവു് അവിടെ വരുന്നതു് വിലാസിനി തടഞ്ഞുമില്ല. അങ്ങിനെ അയാളുടെ അവിടത്തെ പരിചയം വളൻറു.

മാസങ്ങൾ പലതും നീങ്ങി നീങ്ങി മാറി.

എല്ലാക്കൊല്ലങ്ങളേയുമപേക്ഷിച്ചു് ആ കൊല്ലം മഞ്ഞു് ക്രമാതീതമായിരുന്നു. നാടൊട്ടുക്കു് പനിയും പല രോഗങ്ങളുമായി. ലീലക്കും പനിപിടിച്ചു. വിലാസിനിക്ക വിഷമമായി. അവൾക്കാരുമാരും താങ്ങില്ല. എന്നും വൈകിട്ടു് രവി അവിടെ വരാറുണ്ടു്. രോഗശയ്യയിലിരുന്നു് ലീലയെ ശുശ്രൂഷിക്കാറുണ്ടു്. പലതുംപറഞ്ഞു് പുഞ്ചിരിപ്പിക്കാറുണ്ടു്. മരുന്നുംമററും വാങ്ങിക്കൊടുക്കുന്നതു് അയാളാണു്. ഒരു സായാഹ്നത്തിൽ ലീലയുടെപനി ക്രമത്തിലധികം വർദ്ധിച്ചു. രവി അവിടെചെല്ലുമ്പോൾ അവൾ പ്രജ്ഞയററു കിടക്കുകയാണു്. വിലാസിനി ആ ശയ്യക്കുസമീപമിരുന്നു വിങ്ങി വിങ്ങി കണ്ണനീരൊഴുക്കുകയാണു്. ആ കാഴ്ച രവിയുടെ ഹൃദയത്തെ സ്പർശിച്ചു. കുട്ടിയെനോക്കിയിട്ടു് അയാൾ വേഗം വെളിയിലിറങ്ങി. ആരുമാരും ഒന്നുമരിയാടിയില്ല. ഡാക്ടരുമൊത്തു് രവി മുറിയിൽ പ്രവേശിക്കുന്നതാണു് വിലാസിനി കണ്ണുനീരിൽക്കൂടി പിന്നീടുകണ്ടതു്. രോഗിക്ക മരുന്നുകൊടുത്തു. അഞ്ചാറുനിമിഷങ്ങൾക്കുള്ളിൽ ലീലയുണൎന്നു വീണ്ടും അവൾ ഉറങ്ങി. "ഇനിയും ഭയപ്പെടാനൊന്നുമില്ല—ഡാക്ടർ പറഞ്ഞുകൊണ്ടു് മുറിവിട്ടു പുറത്തിറങ്ങി. രവിയുമായി കുറെനേരം സംസാരിച്ചിട്ടു് ഡാക്ടർപോയി. കണ്ണുനീർത്തുടച്ചു്, കുഞ്ഞിനെ തലോടിക്കൊണ്ടും പുതപ്പും മററും ശരിക്കിട്ടുകൊണ്ടും

വിലാസിനി കിടക്കയിലിരിക്കുകയാണ്. രവി വാതുക്കൽ അതുനോക്കിക്കൊണ്ടു കുറേനേരംനിന്നു.

കുട്ടി വീണ്ടുമുണർന്നു അവളുടെ മുഖത്തു് ആശ്വാസമുണ്ടു്; മങ്ങിയപ്രസന്നതയുണ്ടു്. അടുത്തു് മേശയിലിരിക്കുന്ന നിലവിളക്കുവൾകണ്ടു. അതിലെ തിരിനിന്നെരിയുന്നു. "അമ്മേ!" മാതാവു് തലചായിച്ചു് ശ്രദ്ധിച്ചു. "എന്തു തങ്കം? എന്താ?" വിലാസിനിചോദിച്ചു. "ആ അസ്ഥി കല്ലിൽ തിരികത്തിച്ചോ" കുട്ടി ക്ഷീണിച്ചസ്വരത്തിൽ ചോദിച്ചു. "വച്ചു തങ്കം! നീയുറങ്ങു്!"—മാതാവു് അവളെ സമാധാനിപ്പിച്ചു. രവി ആശ്വാസത്തോടെ കിടക്കയെ സമീപിച്ചു് ലീലയുടെ ശരീരം സ്പർശിച്ചു. അവൾ ചുവന്നകണ്ണുകളിൽക്കൂടി അയാളെനോക്കി. "രവിച്ചേട്ട,"—അവൾ കയ്യുയർത്തി കുനിഞ്ഞുനിൽക്കുന്ന അയാളുടെ കണ്ഠത്തിൽ പിടിച്ചു. വിലാസിനി അവിടെനിന്നുമെഴുന്നേററു് കുട്ടിക്കു ബാർലിവെള്ളം തയ്യാറാക്കുവാൻ അടുക്കളയിലേക്കു നടന്നു.

അന്നു് രവിപോയില്ല. കാപ്പികുടിച്ചിട്ടു് വരാന്തയിൽ പായും നിവർത്തുകിടന്നു. വിലാസിനി കുട്ടിയുമൊന്നിച്ചു് മുറിക്കുള്ളിലും.

ആഴ്ചകൾ രണ്ടുമൂന്നുകഴിഞ്ഞു. ലീല വീണ്ടും മിടുക്കിയായി ചാടിക്കളിച്ചുതുടങ്ങി. രവിയുടെപരിചയം പരിചയത്തിൽക്കവിഞ്ഞു വളർന്നിരുന്നു. ലീലയ്ക്കു മനസ്സിലാകാത്ത പലതും വിലാസിനിയും രവിയും സംസാരിച്ചുവന്നു. അതു പലദിവസങ്ങളിലും നടക്കാറുണ്ടു്.

അന്നൊരു ഞായറാഴ്ചയാണു്. സന്ധ്യയായപ്പോഴാണു് രവി അവിടെയെത്തിയതു്. ലീലയ്ക്കു് അയാളെ വലിയസ്നേഹമാണു്; ബഹുമാനമാണു്. അയാളെപ്പററി എ

പ്പോഴും അവരം പലതും മാതാവിനോടുപറയും. വിലാസിനിയുടെയും രവിയുടെയും സംഭാഷണം വളരെനേരം നീണ്ടുനിന്നു. ലീല പാഠപുസ്തകങ്ങളെല്ലാം വായിച്ചുതീൎത്തു. അവരം മുറിയിൽപോയി കട്ടിലിൽ കിടന്നുറങ്ങി.

"വിലാസിനി! ഞാനെൻെറ ഹൃദയരഹസ്യം വെളിപ്പെടുത്തിയിട്ട് എത്രനാളുകളായി. എന്തെങ്കിലുമൊന്നുപറയൂ"—രവി കരസരയിലേക്കു ചാഞ്ഞുകൊണ്ട് പറയുകയാണു"

"ഞാനൊരു വിധവയാണ്."—വിലാസിനി മറുപടിപറഞ്ഞു.

"എങ്കിലും വളരെ ചെറുപ്പമല്ലേ?"

"കരയാൻ കാലം ധാരാളമുണ്ട്."

"കരയാനല്ല ആനന്ദിക്കുവാൻ"

"എനിക്കാനന്ദിക്കുവാൻ അദ്ദേഹം സ്ഥലമൊരുക്കുന്നുണ്ടാവും"

"അങ്ങിയൊരു സ്ഥലമുണ്ടെന്നാരറിഞ്ഞു?"

വിലാസിനിക്കുപറയുവാനൊന്നുമില്ല. രവിതുടൎന്നു:—

"നിനക്കുയവ്വനം കഴിഞ്ഞിട്ടില്ല"—വിലാസിനിക്കു മറുപടിക്കൊന്നുമില്ല.

"നിൻെറസൗന്ദൎയ്യം വികസിച്ചുവരുന്നതേയുള്ളു" അതുവാടിക്കരിക്കരുത്. "രവി അവളെഓൎമ്മപ്പെടുത്തി" ഹൃദയംതുറന്ന അപേക്ഷയാണ്. ആ അമൂല്യസമ്പത്തു നശിപ്പിക്കരുത്. അയാളുടെസംസാരത്തിൽ പരിശുദ്ധവികാരങ്ങരം വ്യക്തമായിരുന്നു.

"ആളുകരംഎന്തുപറയും"—വിലാസിനിയുടെ അധരങ്ങരം ചലിച്ചു.

"അവരെന്തുംപറയട്ടെ!" രവിഎഴുനേററു് വിളക്കി രൻറതിരിതാഴ്ത്തി.

*    *    *    *    *    *

ലീലയ്ക്കുവളരെ ആനന്ദമായി. ആളുകൾ അത്ഭുത ത്തോടുകൂടിയാണു് ആവാർത്ത സ്വീകരിച്ചതു്. ആവീടുവീ ണ്ടുമുണൎന്നു. അവിടെ ആഹ്ലാദസ്വരങ്ങൾതത്തികളിച്ചു. ര വിതാമസംമാററി അയാൾഭത്താവാണു്. നവദമ്പതികളാ ണിവിടെതാമസം.

ഗൃഹത്തിനുള്ളിൽ പലവ്യത്യാസങ്ങളുമുണ്ടായി. അ ന്തിക്കുചെറു ദീപത്തിനുമുൻമ്പിൽ പുതുമലർമാലയണി ഞ്ഞിരിക്കുന്ന ആ ഫോട്ടോ അവിടെ കാണാനില്ല. മുറിക്കു ള്ളിൽ സ്ഥലമുണ്ടാക്കുവാൻ ചെറുമേശയെടുത്തു വരാന്ത യിലിട്ടു. അതിൽഒരു പട്ടുവിരിപ്പിട്ടു് ഒരു ഫ്ളവർബേസ് ഇരിക്കുന്നു. ലീലയുടെ കളിപ്പാട്ടങ്ങൾവയ്ക്കുന്ന ചെറുപെട്ടി യിലാണു് അദ്ദേഹത്തിൻെറ—വിലാസിനിയുടെ ആദ്യഭ ത്താവിൻെറ— പടം ഇരിക്കുന്നതു്. കഥയറിയാത്ത ആ കുട്ടി കളിസാധനങ്ങളിലൊന്നായി അതു സൂക്ഷിച്ചുവരിക യാണു്.

അന്നു് ലീലയുടെ പിറന്നാളാണു്. രവിയും ലീലയും കൂടി വഴിപാടുകഴിച്ചു് ദീപാരാധനതൊഴുവാൻ പോയി. അവർ പടിയിറങ്ങിമറയുന്നതുവരെ വിലാസിനി നോക്കി നിന്നു. അവർ മടങ്ങിയെത്തുമ്പോഴേക്കു് അത്താഴം ശ്ശരിയാ റാക്കാൻ അടുക്കളയിലേക്കു അവൾ നടന്നു.

ലീലയും രവിയും മടങ്ങിയെത്തിയതു് അല്പം അമാ ന്തിച്ചാണു്. "അമ്മേ! പ്രസാദം ഇതാ!"—ലീല പറ ഞ്ഞുകൊണ്ടു് വേഷംമാറാൻ മുറിക്കുള്ളിലേക്കു കയറി.

രവി ഒരു പാട്ടുമൂളിക്കൊണ്ടു് വേഷംമാറാൻ മുറിക്കുള്ളിലേക്കു കയറി. ലീല തിരിച്ചുവന്നു് ശേഷിച്ചപ്രസാദം മേശമേൽവച്ചിട്ടു് കിഴക്കോട്ടുനോക്കി. മുററത്തെ പ്ലാവിൻചുവട്ടിൽ വെളിച്ചമൊന്നുമില്ല.

"അമ്മേ! അസ്ഥിക്കല്ലിൽ തിരികൊളുത്തിയില്ലേ? ഞാനൊരുദിവസം കൊളുത്തിയില്ലെങ്കിൽ ഇപ്പോഠം കൊളുത്തുകയില്ല."—അവളുടെ പിഞ്ചുമനസ്സു വേദനിപ്പിച്ചു.

"ആരെയാ നീ കുററപ്പെടുത്തുന്നെ?"—മുറിക്കുള്ളിൽ വിലാസിനിയുടെ ശബ്ദംകേട്ടു. "ആവശ്യമുണ്ടെങ്കിൽ നിനക്കു കൊളുത്തരുതോ?" കോപത്തോടുകൂടിയുള്ള വിലാസിനിയുടെ സംസാരം ലീലകേട്ടു. രവി ഹാസ്യഭാവത്തിൽ ചിരിച്ചു. ലീലയൊന്നും പറഞ്ഞില്ല. എരിഞ്ഞുതീരാറായ വിളക്കിലെ തിരിയുമെടുത്തുകൊണ്ടു് അപരാധബോധത്തോടെ അവഠം നടന്നു. അവളുടെ കണ്ണുകളിൽ അശ്രുബിന്ദുക്കഠം നിറഞ്ഞുനിന്നിരുന്നു.

# അവൻെറ കിളി.

അതിരുകവിഞ്ഞ ആനന്ദത്തോടെആണു് മാത്തേവൻഅന്നു് മടങ്ങിഎത്തിയതു്. അധികനാളുകളായി ആശിച്ചിരുന്നനിധി അവനു്അന്നു് ലഭ്യമായി. മലംചരിവിലെ ഒരുവൃക്ഷത്തിൻെറ പൊത്തിൽനിന്നു്അവൻ ഒരു മൈനാകുഞ്ഞിനെപിടിച്ചു. അതിനെവളൎത്തിഇണക്കി അതു സംസാരിക്കുന്നതു്കാണാനും പശുക്കളെ മേയ്ക്കുവാൻ പോകുമ്പോൾ അവനു് കൂട്ടുകൊണ്ടുപോകാൻ.

ഉഷസ്സിനു് മാത്തേവൻ തമ്പുരാൻെറപശുക്കളെയും അടിച്ചുകൊണ്ടു് മലംചരുവിലേക്കുപോകും. അന്തിക്കു് വീട്ടിലേക്കുമടങ്ങും. പകലെല്ലാം പച്ചപ്പുൽരവതാനിവിരിച്ച കുന്നിൻപുറങ്ങളിലാണു് അവൻ കഴിച്ചുകൂട്ടുക. കാററിൽ ആടുന്ന വൃക്ഷശിഖരങ്ങളിൽനിന്നു് മിനുമിനുത്ത ചിറകു വിടൎത്തി വിശാലാന്തരീക്ഷത്തിൽ പാടിപ്പറക്കുന്ന പക്ഷികളെനോക്കിനോക്കി അവൻ സ്വയംമറന്നു്നില്ക്കും. മദ്ധ്യാഹ്നസമയം കാനനപ്രാന്തത്തിലെ ശീതളപൊയ്കയുടെ വക്കിൽ ചിറകുനനച്ചു് മേനികൂട്ടുന്നമൈനാകളെ അത്യാശയോടെ നോക്കികൊതിച്ചിട്ടുണ്ടു്. മരത്തണലിൽ മലൎന്നുകിടക്കുമ്പോൾ, പച്ചിലകളുടെഇടയിൽ തത്തിക്കളിക്കുന്നപക്ഷികളുടെ ആനന്ദാനുഭൂതികണ്ടു് അവൻ അസൂയപ്പെടും. കുളൎമനിറഞ്ഞ തണലിലിരുന്നു് അവൻനീട്ടി പാടും. അവൻെറഗാനം കുന്നുകൾഏററുപാടുന്നതുപോലെ പ്രതിധ്വനിപ്പിക്കും. നീലമേലാപ്പിൽ പഞ്ഞികെട്ടുകൾപോലെ വെള്ളമേഘങ്ങൾ സവാരിചെയ്യുന്നതു് വിസ്മയത്തോടെനോക്കിയിരുന്നു് സ്വപ്നംകാണും. അവനു്

അവിടെ മനുഷ്യരാരുംകൂട്ടില്ല. പ്രകൃതിയുടെവക്ഷസ്സിൽ തലചായിച്ച് അവൻവിശ്രമിച്ചു.

ആരുമാരും ആശ്രയമില്ലാത്ത കൂട്ടില്ലാത്തമേച്ചിൽ സ്ഥലങ്ങളിൽ അവന് കൂട്ടുകൊണ്ടുപോകുവാനാണ് ആ മൈനാക്കുഞ്ഞിനെപിടിച്ചതു്. ദീർഘകാലം നൈരാശ്യത്തോടെകാത്തിരുന്ന ഒരു വന്ധ്യക്ക് ലഭിച്ച ഒരുപൈതലിനെപ്പോലെ അവൻഅതിനെ സ്നേഹിച്ചു. മധുരമധുരങ്ങളായകായ്കനികൾ അതിന് ആഹാരമായി അവൻ കൊടുത്തു.

മാതേവൻെറആശകൾ ഒന്നിനൊന്നിന മൊട്ടിട്ടുതുടങ്ങി. ആദ്യദിവസങ്ങളിൽ തളൎന്നുപോലെയിരുന്ന മൈനായിക്ക് ചൊടിയുംചുണയും വദ്ധിച്ചു. അതിൻെറ ആദ്യത്തെതൂവലുകൾകൊഴിഞ്ഞു് പുതിയ തൂവലുകൾ വളൎന്നു; ഇരുണ്ട ഇലകൾ പൊഴിഞ്ഞു് തളൎത്ത ഒരു അശോകം പോലെ. മാതേവൻെറ മനമലിഞ്ഞുള്ളസ്നേഹത്തിൽ അതിനവിശ്വാസമായ് അതുഅവനോടു നല്ലതുപോലെ ഇണങ്ങി. അവൻെറഇടതുകയ്യിൽ അതു് ഇരുന്നുകൊള്ളും. അവൻെറസംഭാഷണം അതു ശ്രദ്ധിച്ചുകേൾക്കും. അവൻ പാടുന്നപാട്ടുകൾ ഏകാഗ്രമായി ചെവികൊടുത്തുകൊണ്ടിരിക്കും. അങ്ങിനെ മൈനായുംമാതേവനും ഒന്നിച്ചു ജീവിച്ചു.

അന്തിമേഘങ്ങൾ ചെഞ്ചായം അണിഞ്ഞൊരുങ്ങി. കാററിൽഉലാത്തുവാനിറങ്ങുമ്പോൾ കൊമ്പുതടിച്ചപശുക്കളെമുമ്പേനടത്തി മൈനായെഇടതുകയ്യിലിരുത്തി ചൂളമിട്ടു് ആനന്ദഭരിതനായി മാതേവൻ മലഞ്ചരുവുവിട്ടു് നാട്ടിലേക്കുപോരും. തമ്പുരാൻെറതൊഴുത്തിൽ പശുക്കളെ കെട്ടിയിട്ടു്, അവൻ മാടത്തിലേക്കുപോരും.

മാതേവൻെറ മൈനാചൂളമിട്ടു. അവൻെറആനന്ദത്തിന് അതിരില്ല. അന്നു് അവൻകണ്ടആളുകളോടെല്ലാം

തുള്ളിച്ചാടിക്കൊണ്ടു് പറഞ്ഞു—"എന്റെമൈനാ ചൂള മിട്ടേ...എനീംഅതു് വർത്തമാനംപറയുമേ...!"—എന്നു്

അവന്റെവാർത്തയേക്കാരം പറച്ചലിന്റെരീതിയാണു് വഴിപോക്കർക്കു് കൂടുതൽരസിച്ചതു്. അവന്റെ വികൃത ഭാഷണംകേട്ടു് ഒരാരംചോദിച്ചു. "അതിനെന്താടാ ഇത്ര തുള്ളിച്ചാടാൻ! ആകട്ടെ! അതിനെ ഇങ്ങുതരുമോ?"

"ഉം! ഒള്ളതാ! ഞാൻചത്താലും മൈനായെതര ത്തില്ല"—പശുക്കളെഅടിച്ചുകൊണ്ടു് അവൻനടന്നു. മൈ നായെ വേണമെന്നുപറയുന്നവരോടു് അവനു് ബഹുവി രോധമാണു്; വെറുപ്പാണു് അവന്റെആനന്ദം അപഹ രിക്കുന്നവരാണഅവർ എന്നാണു് അവന്റെമനോഗതി.

മാതേവൻ മലയിലെത്തിയാൽ മൈനാ അങ്ങിങ്ങു പറന്നുനടന്നു് ഇരതേടിക്കൊള്ളും. മാതേവൻ ചൂളമിട്ടാൽ അതു് ഏററു് ചൂളമിടും "മൈനാ!"—എന്നു് അവൻ വിളിച്ചാൽ അതുപറന്നു് അവന്റെഅടുക്കൽഎത്തും. മ ദ്ധ്യാഹ്നസമയത്തു് മരത്തണലിലിരുന്നു് അവൻപാടും. അവനുചുററും തത്തിക്കളിച്ചുകൊണ്ടു് മൈനാചൂളംഇടും. മനസ്സിണങ്ങിയ രണ്ടുജീവികരം മരത്തണലിൽ അങ്ങിനെ വിശ്രമിക്കും.

അന്നു് അവൻ മലയിൽനിന്നു്മടങ്ങുമ്പോരം ഒരു വ ഴിപോക്കൻ മൈനായ്ക്കു് വിലപേശി. മാതേവൻപറഞ്ഞു. "എന്തിനാ വിഷമിക്കുന്നെ! നൂറുരൂപാതന്നാലും മൈനാ യെതരത്തില്ല." മാതേവന്റെ ഏററവും വലിയ സംഖ്യ യാണു് നൂറു്!

കർക്കടകമാസക്കാലമായി. മാതേവന്റെ അച്ഛനും അമ്മയും പണിഒന്നുംഇല്ലാതെ മാടത്തിൽഇരിക്കുകയാ ണു്. അവർക്കു് ഒരു വലിയപ്രശ്നം നേരിടേണ്ടിയിരുന്നു. ര ണ്ടുപേരും മുഷിഞ്ഞുനാറുന്ന മുണ്ടുംപുതച്ചു് കട്ടിലിൽഇരി ക്കുകയാണു്. അവർ അന്നംകാണാതായിട്ടു് മൂന്നുദിവസ

ങ്ങൾആയി. മാതേവൻ തമ്പുരാൻെറവീട്ടിൽനിന്ന് ഒരു നേരം ആഹാരംകഴിക്കും. നീണ്ടുനിന്ന നിശബ്ദതഭേദിച്ച് മാതേവൻെറ മാതാവ് പറഞ്ഞു.

"മാതേവൻെറ മൈനയെക്കൊണ്ടുവിററിട്ട് വല്ലതുംമേടിക്കണം. അവൻ ഇന്നലെപ്പറഞ്ഞു മൈനായ്ക്ക് ആരാണ്ട് ഒരുരൂപാപറഞ്ഞെന്ന്."

"ഒള്ളതാടി!"—അയാൾ ഭർത്തോഭയം ഉണ്ടായതുപോലെപറഞ്ഞു. "അവനെന്തേ?"

അവൾപറഞ്ഞു:—"പറമ്പിലെങ്ങാനും കാണും! ഒന്നുവിളിച്ചാട്ടെ! മൈനായേംകൊണ്ടു പോയതാ!" അയാൾ മാതേവനെവിളിച്ചു മൈനായേ തോളിൽവച്ചുകൊണ്ട് അവൻ മുററത്തെത്തി.

"എടാ മാതേവാ! ആ മൈനായെക്കൊണ്ടെക്കൊടുത്തേച്ച് അരിവാങ്ങിക്കട്ടെ! പട്ടിണിയായിട്ട് ദിവസം മൂന്നായി"—മാതേവൻെറ അച്ഛൻ പറഞ്ഞു.

മാതേവൻ ഞെട്ടിപ്പോയി. അവൻെറ ആനന്ദംവിററ് അരിവാങ്ങിക്കണം. അവൻപറഞ്ഞു. "പട്ടിണികിടന്നു ചത്താലും മൈനായെ വിയ്ക്കുവേല്ല"—അവൻ അവിടെനിന്നുപോയി. പറമ്പിൻെറ പടിഞ്ഞാറേമൂലക്കുള്ള വരിക്കമാവിൻെറ ചുവട്ടിൽപോയിഇരുന്ന മൈനായെ തലോടിക്കൊണ്ട് അതിനോട് പറഞ്ഞു,

"എൻെറ മൈനായെ വില്ക്കണംപോലും! ഇതുപോലെ ഒരു കിളിയെ എവിടെകിട്ടും. പൊന്നുംചിങ്ങമാസംവരുമ്പം പട്ടിണിയൊക്കെ അങ്ങുപോം. മൈനായെവിററാൽ പിന്നെ തിരിച്ചുകിട്ടുമോ......എൻ...മൈനാ എൻ... ..!" മൈനാ ചൂളമിട്ടുകൊണ്ട് തത്തിക്കളിച്ചു.

പൊന്നുംചിങ്ങമാസം ആയി. പാടത്തിലെ കൊയ്ത്ത് എല്ലാം കഴിഞ്ഞു. തളത്ത് പുത്തമപൂശിയ മര

ങ്ങളും പൂങ്കുലചാർത്തിയ ലതകളുംകൊണ്ടു് നാടെങ്ങും പ്രകൃതി അലങ്കരിച്ചു. കുളിർകാററു് മാവേലിയുടെ സ്വീകരണത്തിനു് നാടു് ചമഞ്ഞൊരുങ്ങിയതു് നോക്കാൻ ചുററിത്തിരിഞ്ഞു. വിരിഞ്ഞ പൂക്കളും തളിർത്ത മരങ്ങളും കിലുകിലചിരിച്ചുകൊണ്ടു് മന്ദമാരുതനെ സ്വീകരിച്ചു. ഓണനിലാവു് പ്രകൃതിയെ ഓമനിച്ചുറക്കി.

മാതേവൻെറ മാടത്തകൊഞ്ചിത്തുടങ്ങി. അവ്യക്തമായ അതു് സംസാരിക്കും. "മാ...ടത്ത...മാട...ത്ത"—എന്നു് മാതേവൻ ആ കിളിയെ ഓരോന്നു പഠിപ്പിച്ചു. അതിവേഗം അനുകരിച്ചു് അതു് സംസാരിച്ചുതുടങ്ങി.

ഓണക്കാഴ്ച വയ്ക്കുന്നതിനു് മാതേവനും അവൻെറ അച്ഛനുംകൂടി തമ്പുരാൻെറ വീട്ടിൽപോയി. വിളഞ്ഞ ഏത്തൻകുലയും കായ്കറികളും അവിടെ കാഴ്ചവച്ചു. മതേവൻ മൈനായെ കളിപ്പിച്ചുകൊണ്ടു് മുററത്തു് മാറി നില്ക്കുകയാണു്.

"മാതേവാ...!മാതേവാ!"—മൈനാ കൊഞ്ചിസംസാരിച്ചു.

"തമ്പുരാനിരിക്കുന്നു. മിണ്ടരുതു്"—മാതേവൻ പറഞ്ഞു.

"തമ്പുരാനിരിക്കുന്നു. മിണ്ടരുതു്!" മൈനാ ഏററു പറഞ്ഞു.

ചൂരൽകെട്ടിയ ചാരുകസേരയിൽ കുടവയറും തലോടി ചാരികിടന്നിരുന്ന തമ്പുരാൻ മൈനായുടെ സംസാരംകേട്ടു് അത്ഭുതത്തോടെ നിവന്നിരുന്നു.

"എടാ! മാതേവാ! ആ കിളി സംസാരിക്കുമോ?" തമ്പുരാൻ ചോദിച്ചു.

"തംസാരിക്കുമേ!"—മാതേവൻ മറുപടി പറഞ്ഞു. അവൻ അഭിമാനത്തോടെ മൈനായെ തലോടി.

"ങാഹാ! എല്ലാം പറയുമോ!"

"പറയുമേ !"

"എന്നാലൊന്നു കേൾക്കട്ടെ !"

"മൈനാ !"—മാതേവൻ മൈനായെ കയ്യിലെടുത്തുകൊണ്ട് അതിനോടു പറഞ്ഞു.

"മൈനാ !"—ആ കിളി ഏററുപറഞ്ഞു:

"ഓണത്തിന്റെ കാഴ്ച"—അവൻ പറഞ്ഞു.

"ഓണത്തിന്റെ കാഴ്ച !"–ആ പക്ഷി ഏററുപറഞ്ഞു.

തമ്പുരാന് അത്യധികം സന്തോഷംതോന്നി. മാതേവന്റെ കയ്യിൽനിന്ന് അതിനെ അദ്ദേഹം വാങ്ങി. ആ പക്ഷി ഭയന്ന് ചിറകടിച്ചു. തമ്പുരാന്റെ മാംസളമായ മുഖത്തേക്ക് അത് ഭയത്തോടെ നോക്കി. അത് ഒന്നും മിണ്ടിയില്ല.

"ഈ കിളിയെ ഇവിടെവേണം കേട്ടോ മാതേവാ.!"—തമ്പുരാൻ ആ കിളിയുടെ സൗന്ദര്യംനോക്കിയശേഷം പറഞ്ഞു.

മാതേവൻ ഞെട്ടിപ്പോയി. അവന്റെ ആനന്ദസൗധം ഇടിഞ്ഞുതാണു. തമ്പുരാനോട് എന്തുപറയും ! ആശയോടെ ആ കിളിയെ അവൻ നോക്കി. തമ്പുരാന്റെ തടിച്ചകൈകളിൽനിന്ന് രക്ഷപ്പെടാൻ മൈനാ പണിപ്പെട്ടുകൊണ്ടിരുന്നു. മാതേവന്റെ കണ്ണുകൾ നിറഞ്ഞു.

അത്യാശയോടെ അവൻ അച്ഛനെനോക്കി. അയാളുടെ നഗ്നമായ മാറിടത്തിൽ തല ചരിച്ചുകൊണ്ട് അവൻ വിങ്ങിവിങ്ങി കരഞ്ഞു. "നമുക്ക് വേറൊരു കിളിയെ പിടിക്കാം മോനെ !" അയാൾ അവനെ സാന്ത്വനപ്പെടുത്തുവാൻ ശ്രമിച്ചു.

"എന്താടാ ഇത്ര കരയാൻ! ചെറുക്കന്റെ ശാഠ്യം!"—തമ്പുരാൻ സ്വരമുയർത്തി ചോദിച്ചു.

അവരാരും അതിന് ഉത്തരം പറഞ്ഞില്ല.

അവൻെറ ആനന്ദം കാഴ്ചവച്ചശേഷവും കദനഭാരവും താങ്ങി മാതേവൻ വീർപ്പുമട്ടി വിങ്ങിക്കരഞ്ഞുകൊണ്ടു് മാടത്തിലേക്കു മടങ്ങി.

അടുത്തദിവസം ഇരുമ്പുക്കൂട്ടിലിട്ടു് മൈനായെ തമ്പുരാൻെറ വീടിൻെറ പൂമുഖത്തു് തൂക്കിയിരുന്നു. വികാരപരവശത വ്യക്തമായി പ്രകാശിച്ചിരുന്ന നീണ്ട രോദനങ്ങൾ അതു് ഇടയ്ക്കിടെ പുറപ്പെടുവിച്ചുകൊണ്ടിരുന്നു. കൂട്ടിൽ വച്ചിരുന്ന പാലും പഴവും അതു് തിന്നില്ല. അതു് അപ്പഴപ്പോൾ കൂട്ടിനുള്ളിൽ ചുററിനടക്കും. ചിറകടിച്ചു് ദീനരോദനം പുറപ്പെടുവിക്കും. വീണ്ടും നിശ്ചലമായി ഇരിക്കും. അങ്ങനെ രണ്ടുമൂന്നുദിവസങ്ങൾ കഴിഞ്ഞു.

മൈനായുടെ ഉണർച്ചം ഉശിർപ്പും നശിച്ചു. അതു് ഇന്നു് ചൂളമിടുകയില്ല. ആരേയും അനുകരിച്ചു് സംസാരിക്കുകയും ഇല്ല. കിളിയുടെ ഭാവവ്യത്യാസത്തിൽ തമ്പുരാനു് അതിശയം തോന്നി.

മാതേവൻ തമ്പുരാൻെറ വീട്ടിൽ ഇയിടെ പോകാറില്ല. തമ്പുരാൻെറ പശുക്കളെ മേയ്ക്കുന്നപതിവും അവൻ നിറുത്തി.

“പുലയൻെറ കുടിലിലിരുന്ന കിളി മനുഷ്യരുള്ള സ്ഥലത്തുവച്ചപ്പോൾ ഉണ്ടായ ഭാവവ്യത്യാസം! അട്ടയെ പിടിച്ചു് മെത്തയിൽവച്ചാൽ ... നയിരിക്കും”—തമ്പുരാൻ അഭിപ്രായപ്പെട്ടു.

രാവിലെ പാലും പഴവും വച്ചുകൊടുക്കുമ്പോൾ അല്ലാതെ മൈനായുടെ അടുത്തെങ്ങും ആരും ചെല്ലുകയില്ല. സ്നേഹമുള്ള ഒരു ഹൃദയം ... ലും അതിനെ തിരിഞ്ഞുനോക്കാറില്ല. തട്ടിൻപുറത്തു് ഇരുന്നു് കണ്ടൻ പൂച്ച അതിനെ കണ്ണുതുറിച്ചുനോക്കിച്ചു് ഭയപ്പെടുത്തും.

അതുകണ്ടു് മൈനാ ഭയന്നു് കിടുകിടെ വിറച്ചു. അങ്ങിനെ ഭയന്നും ശ്വാസംമുട്ടിയും അതു് കൂട്ടിൽ കിടന്നു.

ഏകദേശം ഒരാഴ്ച കഴിഞ്ഞപ്പോൾ മൈനായുടെ തൂവൽ കൊഴിഞ്ഞുതുടങ്ങി. അതിന്റെ ദീനരോദനങ്ങളുടെ ശക്തികുറഞ്ഞു അതു് ഇയ്യിടെ ശബ്ദിക്കാറില്ല.

തമ്പുരാനും ഭാര്യയും ആരുംതന്നെ അതു ഗണ്യമാക്കിയില്ല.

"സാരമില്ല! ഇതൊക്കെ മാറും"—ഭാര്യപറഞ്ഞു.

"ഇവിടെ അതിനെത്ര സുഖമാണു്. പാലും പഴവും പുലക്കൂടിലിൽവച്ചു് അതു് കണ്ടുകാണുകില്ല"—അദ്ദേഹം പറഞ്ഞു.

വീട്ടിൽ എല്ലാവരും ഉറക്കമായി. കണ്ടൻപൂച്ച തട്ടിൻപുറത്തുനിന്നു് മൈനായെ ഇട്ടിരുന്ന കൂടിന്റെ പുറത്തുചാടി. ഉറങ്ങിയിരുന്ന മൈനാ ഭയത്തോടെ ഞെട്ടിഉണർന്നു. അതു് ഹൃദയംപൊട്ടി നിലവിളിച്ചു. മുറിക്കുള്ളിൽ തടിച്ചമെത്തയിൽ കൂർക്കംവലിച്ചുറങ്ങിക്കൊണ്ടിരുന്ന തമ്പുരാൻ ഉണർന്നു.

"ഛെ! എന്തൊരു ശല്യം! ഉറങ്ങുവാൻകൂടി സമ്മതിക്കുകയില്ല ഈ നശിപ്പ്.!" അദ്ദേഹം തിരിഞ്ഞുകിടന്നു വീണ്ടും ഉറങ്ങി. കണ്ടൻപൂച്ച ആവുംവിധം ശ്രമിച്ചശേഷം പരാജിതനായി പിൻമാറി.

അടുത്തദിവസം ഉറക്കംതൂങ്ങിത്തൂങ്ങി മൈനാ കൂട്ടിലെ കമ്പിയിൽ ഇരുന്നിരുന്നു. പാലും പഴവും വയ്ക്കുവാൻ ചെന്ന വേലക്കാരൻ അതിന്റെ ദയനീയാസ്ഥിതികണ്ടു് സങ്കടംതോന്നി. "കഷ്ടം! മാതേവന്റെ മൈനാതന്നെയല്ലേയിതു്?"

അന്നു് ഉച്ചയായപ്പോഴേക്കു് മൈനാ കൂട്ടിന്റെ തട്ടിൽവീണു. അതു് അവിടെകിടന്നു് പടപടായടിച്ചു. തമ്പു

രാൻ ആ കാഴ്ച കണ്ടു. വേലക്കാരനെ അയച്ചു് മാതേവ
നെ വിളിച്ചുവരുത്തി.

മാതേവൻ ഓടിയെത്തി. കൂടുതുറന്നു് അതിനെ വെളിയിലെടുത്തു്. അവൻെറ കണ്ണുനിറഞ്ഞു.

"മൈനാ! എൻെറ മൈനാ...!" അവൻ വികാരാവേശത്തോടെ അതിനെ വിളിച്ചു.

"എടാ മാതേവാ! അതു് ഇവിടെകിടന്നു ചാകാതെ അങ്ങുകൊണ്ടുപോ!"—തമ്പുരാൻെറ ആജ്ഞയായി.

മാതേവൻ നിറഞ്ഞ കണ്ണുകളുയർത്തി തമ്പുരാനെ ഒന്നുനോക്കി. അവനു് എന്തൊക്കെയോ പറയണമെന്നു തോന്നി.

ഒരു ചിറകടി ഒരു പിടച്ചിൽ ഒരു കരച്ചിൽ—ആ പക്ഷി മാതേവൻെറ മാറിൽ ഇരുന്നു് മരിച്ചു. അവൻ തമ്പുരാൻ നില്ക്കുന്നതോർമ്മിക്കാതെ വാവിട്ടു നിലവിളിച്ചു.

"എടാ! അതിനെ അങ്ങുകൊണ്ടുപോകാനല്ലേപറഞ്ഞതു്. ഉം ..!"—തമ്പുരാനു് ദേഷ്യംവന്നു

മരിച്ചമൈനായെ മാറിൽചേർത്തുപിടിച്ചു, കണ്ണുനീരൊലിപ്പിച്ചു് വിങ്ങി വിങ്ങി വീർപ്പുമുട്ടിക്കൊണ്ടു് മാതേവൻ നടന്നു. അവൻെറ ഹൃദയത്തുടിപ്പുകേൾക്കുവാൻ മരിച്ച മൈനായിക്കോ തടിച്ച തമ്പുരാനോ സധിച്ചില്ല.

# അരമണിക്കൂർ

വാട്ടർവർക്സ് ഗാർഡൻസിലെ ഒരു ബെഞ്ചിൽ കൃഷ്ണൻനായർ ചെന്നിരുന്നു. ആ ബെഞ്ചിൽ യുവത്വം കഴിയാറായ ഒരാൾ ഇരുന്ന് ഏതോ ഒരു പുസ്തകം വായിക്കുന്നുണ്ട്. കൃഷ്ണൻനായർ ബെഞ്ചിൽ വന്നിരുന്നതൊന്നും ആ മാന്യൻ അറിഞ്ഞില്ല. അത്രഗാഢമായി പുസ്തകം വായിക്കുകയാണ്. പുസ്തകത്തിൽ താളുകൾ ഒന്നിനുപുറകെ ഒന്നായി മറിഞ്ഞുകൊണ്ടിരിക്കുന്നു.

കൃഷ്ണൻനായർ ആഫീസിൽനിന്നിറങ്ങി അരക്കപ്പ കാപ്പി കുടിച്ചതിനുശേഷം ഒന്നു നടക്കാനിറങ്ങിയതാണ്. ആരേക്കണ്ടാലും ആഫീസുജോലിയുടെ വിഷമതകൾ അയാൾ സാധാരണ പറയും. അതുപറയുന്നതിൽ അയാൾക്കു മുഷിവില്ലെങ്കിലും അതു കേൾക്കുന്നതു പലർക്കും മുഷിവാണ്. കൃഷ്ണൻനായരെക്കാണുമ്പോൾ പലരും ഇന്നു ഒഴിഞ്ഞുമാറിക്കളയും.

കൃഷ്ണൻനായക്കു് അസൂയതോന്നി. അയാൾ ചെന്നശേഷം ആ മനുഷ്യൻ എത്രപേജുകൾ മറിച്ചു. ഇത്ര രസിക്കുവാനെന്താണു് ഒരു പുസ്തകത്തിൽ! ഇത്ര വിശേഷപ്പെട്ട ഗ്രന്ഥകാരനാരാണു് ഇന്നു്. ഇങ്ങനെ പലതും അയാൾ വിചാരിച്ചു.

കാളേജിൽ പഠിക്കുമ്പോൾ സാഹിത്യത്തിൽ അയാൾക്കു് നല്ല വാസനയുണ്ടായിരുന്നു. അന്നു് രസത്തിനുവേണ്ടി ചില ചെറുകഥകളും അസാരം കവിതയും അയാൾ എഴുതിയിട്ടുണ്ടു്. അതിനു കുറച്ചുപേർ അയാളെ പുകഴ്ത്തുകയും അധികംപേർ കളിയാക്കുകയും ചെയ്തിട്ടുണ്ടു്.

അന്ന് ഒരു വലിയ സാഹിത്യകാരനാകുവാൻ അയാഠം ആശിച്ചിരുന്നു.

പക്ഷെ ഇന്നോ? ഇൻഷ്വറൻകമ്പനിയിൽ ഒരു ജോലി അയാഠംക്കുണ്ട്. അവിടെയിരുന്ന് കണക്കുക്കൂട്ടിക്കൂട്ടി കവിതയും കഥയും ഒന്നും ഇന്ന് കൃഷ്ണൻനായർക്ക് തോന്നാറില്ല. തോന്നിയാലും എഴുതുമ്പോഠം ഒന്നും നന്നാകാറില്ല. ആറേഴുമണിക്കൂർ ആഫീസിലിരുന്നു ജോലിചെയ്യുമ്പോഠംത്തന്നെ അയാഠം നന്നേമുഷിയും. ഭാരംകൂടിയതലയും, മുഷിഞ്ഞമനസ്സുമായി അയാഠം ആഫീസുവിടും.

ബെഞ്ചിലിരുന്നു വായിക്കുന്ന ആഠം തലഉയർത്തി ചുററും ഒന്നുനോക്കി എങ്കിലും വീണ്ടും വായനതുടങ്ങി. കൃഷ്ണൻനായക്ക് ആ പുസ്തകം എഴുതിയ ആളിൻെറപേരിൽ വലിയ അസൂയതോന്നി. അയാഠം പലപുസ്തകങ്ങളും വായിച്ചിട്ടുണ്ട്. പക്ഷെ ഈ മനുഷ്യനു തോന്നുന്നരീതിയിൽ അയാഠംക്ക് ഒന്നും തോന്നിയിട്ടില്ല. "ഇയ്യാഠം ഒരു മഠയനായിരിക്കും! ഒരു പുസ്തകത്തിൽ ഇത്രമാത്രം രസിക്കുവാനെന്തിരിക്കുന്നു?"—കൃഷ്ണൻനായർ വിചാരിക്കുവാൻ തുടങ്ങി. വായിച്ചുകൊണ്ടിരുന്ന മനുഷ്യൻ പുസ്തകത്തിൻെറ അടുത്ത താഠം മറിച്ചു.

"ഇന്നത്തെ സാഹിത്യകാരന്മാരെ വലുതാക്കുന്നതു് ഇയ്യാളെപ്പോലെയുള്ള മഠയന്മാരാണ്. ഇത്ര രസിക്കുവാൻ തക്ക പുസ്തകം ഇന്ന് ഏതാണ്? ഇനി ഞാനും എഴുതിത്തുടങ്ങും പക്ഷെ! ഈ കെട്ട കണക്കെഴുതിയെഴുതി ഞാൻ നശിച്ചു. അല്ലായിരുന്നെങ്കിൽ ഇതല്ല ഇതിൻെറ അപ്പുറത്തെതു് എനിക്കെഴുതാമായിരുന്നു." കൃഷ്ണൻനായരുടെ ചിന്ത ഇങ്ങിനെ നീണ്ടുനീണ്ടുപോയി. അയാഠം കഴുത്തു ഉയർത്തി തൻെറ സമീപസ്ഥൻ വായിക്കുന്ന പുസ്തകത്തിലേക്ക് ആവേശത്തോടെ നോക്കി.

പുസ്തകത്തിന്റെ പേരു് ഒന്നു് മനസ്സിലാക്കാൻ. ഗ്രന്ഥകർത്താവു് ആരെന്നു് ഒന്നറിയാൻ!

വായിച്ചുകൊണ്ടിരുന്ന മാന്യൻ കൃഷ്ണൻനായരുടെ ബദ്ധപ്പാടു മനസ്സിലാക്കി പുസ്തകത്തിൽ നിന്നു് തല ഉയർത്തി അയാളെ നോക്കി ഒന്നു ചിരിച്ചു.

"നല്ല പുസ്തകമാണു് അല്ലേ?"—കൃഷ്ണൻനായർ സംഭാഷണം തുടങ്ങി.

"അതേയതേ! വളരെനല്ല പുസ്തകം! വായിച്ചു തീക്കാതെ താഴെവയ്ക്കാൻ തോന്നുന്നില്ല"—ആ മാന്യൻ ഉത്തരം പറഞ്ഞു. കൃഷ്ണൻനായക്കു് ആ പുസ്തകത്തിന്റെ ഗ്രന്ഥകത്താവിനോടു തോന്നിയ അസൂയ മുഖത്തു് വ്യക്തമാകാതെപോയതു്, അയാഠ അഭിനയിച്ച ഒരു പുഞ്ചിരിമൂലമായിരുന്നു.

"ഗ്രന്ഥകാരൻ...?"—കൃഷ്ണൻനായർ ചോദിച്ചു.

"ഒരു പുതിയ ആളാണെന്നു തോന്നുന്നു."—അയാഠ പുസ്തകത്തിന്റെ കവർപേജു് തിരിച്ചു് കൃഷ്ണൻനായരെ കാണിച്ചു. ആത്തിയോടെ അയാഠ ഗ്രന്ഥകാരന്റെ പേരു മനസ്സിലാക്കി.

"ഇദ്ദേഹം ഇന്നാട്ടുകാരനാണെന്നു തോന്നുന്നു. പരിചയമുണ്ടോ?"—കൃഷ്ണൻനായരോടു് മററയാഠ ചോദിച്ചു. കൃഷ്ണൻനായർ ഒന്നു ചിരിച്ചു. മറുപടി ഒന്നുംപറഞ്ഞില്ല. അപരനു് അറിയാനുള്ള ആഗ്രഹം വദ്ധിക്കത്തക്കവിധത്തിലായിരുന്നു കൃഷ്ണൻനായരുടെ ചിരി. കൃഷ്ണൻനായർ ഏതാണ്ടു് ഒരു നീരസത്തോടെ ചോദിച്ചു. "എനിക്കു നിങ്ങളെ മനസ്സിലായില്ല. ഈ ദിക്കുകാരനല്ലേ?"

"അല്ല! ഇവിടെയെല്ലാം ഒന്നുകാണാൻ പുറപ്പെട്ടതാണു്. സ്വദേശം കറച്ചുവടക്കു്—അതായതു് മലബാറിൽ! എന്റെ പേരു് രാമകൃഷ്ണൻ എന്നു്."

"ഈ പുസ്തകങ്ങൾക്ക് അവിടെ നല്ല പ്രചാരമാണു്; അല്ലേ?"

"അതേയതേ! പ്രത്യേകിച്ച് ഈ ഗ്രന്ഥകാരൻെറ!"

"ഓഹോ!"

"ഈ ഗ്രന്ഥകാരനെ എനിക്കു പരിചയമില്ല. ഒന്നു കണ്ടാൽ കൊള്ളാമെന്നുണ്ടുതാനും"

കൃഷ്ണൻനായർ വീണ്ടും അത്ഥവത്തായി ഒന്നു ചിരിക്കുകമാത്രംചെയ്തു. അല്പസമയംകഴിഞ്ഞു് അയാൾ പറഞ്ഞു. "ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ടു് നിങ്ങളുടെ ആ നാടെല്ലാം ഒന്നു സന്ദശിക്കണമെന്നു്."

അപരൻ അത്ഭുതത്തോടെ എഴുനേററു് കൃഷ്ണൻനായരെ ഒന്നു നോക്കി വിനയസമേതം ചോദിച്ചു. "അപ്പോൾ അങ്ങു്......?"

"അതേ! ഞാൻതന്നെ ഈ ഗ്രന്ഥകാരൻ"—കൃഷ്ണൻനായർ പുഞ്ചിരിച്ചു.

"ഹാ! ഞാൻ ഭാഗ്യവാനായി"—രാമകൃഷ്ണൻ വീണ്ടും ബഞ്ചിലിരുന്നു.

കൃഷ്ണൻനായർ വിശാലമായ ആകാശത്തിലേക്കു നോക്കിയിരുന്നു് അലക്ഷ്യമായി ചിരിച്ചു.

"അപ്രതീക്ഷിതമായ കൂട്ടിമുട്ടൽ മററേതിനെക്കാളും ആനന്ദകരവും ആഹ്ലാദകരവും ആണെന്നു് ഈ പുസ്തകത്തിലെ ഒരു കഥാപാത്രത്തെക്കൊണ്ടു് അങ്ങു് പറയിച്ചിരിക്കുന്നതു് എത്ര പരമാത്ഥമാണെന്നു് എനിക്കു് ഇപ്പോൾ അനുഭവമായി."

കൃഷ്ണൻനായർ വീണ്ടും ചിരിച്ചു. പക്ഷേ അയാളുടെ മനസ്സിൽ "ഏതു കഥാപാത്രമോ എന്തോ! ഇയ്യാൾ എൻെറ കള്ളം പുറത്താക്കുമോ!"—എന്നു് പെട്ടെന്നു്

വിചാരമുണ്ടായി. അവരുടെ സംഭാഷണം സാഹിത്യം കല മുതലായ വിഷയങ്ങളിലെല്ലാം കയറിയിറങ്ങി. കൃഷ്ണൻനായർ പലപ്പോഴും ശ്വാസംമുട്ടുവാൻ തുടങ്ങിയെങ്കിലും അതു് അയാൾ പ്രകടമാക്കാതെ മറച്ചു. രാമകൃഷ്ണൻ ഗ്രന്ഥകർത്താവിൻെറ മററു ഗ്രന്ഥങ്ങളെപ്പററി തോന്നിയ ചില സംശയങ്ങൾ ചോദിച്ചു. ആ പുസ്തകങ്ങൾ തന്നെ കൃഷ്ണൻനായർ കണ്ടിട്ടില്ല. എങ്കിലും മുക്കിമൂളി അതിനെല്ലാം മറുപടിപറഞ്ഞു. രാമകൃഷ്ണനു് ഒരു കഥാപാത്രസൃഷ്ടിയിൽ തോന്നിയ ചില സംശയങ്ങൾ ചോദിച്ചു. അതിനു് കൃഷ്ണൻനായർ ഇങ്ങനെ മറുപടി പറഞ്ഞു. "അന്നു് അതെഴുതിയപ്പോൾ അങ്ങിനെയെല്ലാം എഴുതി. ഇപ്പോൾ അതൊന്നും നല്ല ഓർമ്മയില്ല." അടുത്തതായി രാമകൃഷ്ണൻ ചോദിച്ചതു് ഇപ്പോൾ അദ്ദേഹം വല്ല പുസ്തകവും എഴുതുന്നുണ്ടോ എന്നാണു്. ബദ്ധപ്പാടുകൾ കൂടുതലുള്ളതുകൊണ്ടു് ഒന്നും എഴുതാറില്ലെന്നും പത്രക്കാർ ശല്യംചെയ്യുമ്പോൾ വല്ല ചെറുകഥയും എഴുതും എന്നും, പ്രസിദ്ധീകരണക്കാർ പുറമേകാണുന്ന മട്ടൊന്നുമല്ലെന്നും അവർ സാഹിത്യകാരൻെറ ജീവരക്തം ഊററി വീക്കുന്നവരാണെന്നും മററും അയാൾ തട്ടിവിട്ടു. അപരൻ ഇതെല്ലാം സശ്രദ്ധം കേട്ടുകൊണ്ടിരുന്നു. അയാളുടെ പ്രിയപ്പെട്ട ഗ്രന്ഥകാരൻെറ അനുഭവങ്ങൾ!

അല്പസമയംകഴിഞ്ഞു് രാമകൃഷ്ണൻ പോക്കററിൽ നിന്നു് ഒരു ചെറിയ ബുക്കും ഫൌണ്ടൻപേനായും എടുത്തു് കൃഷ്ണൻനായരുടെ കയ്യിൽ കൊടുത്തുകൊണ്ടു പറഞ്ഞു. "അങ്ങയുടെ ആട്ടോഗ്രാഫ് (കൈയൊപ്പു്.)..."

കൃഷ്ണൻനായർ പേനയും ബുക്കും വാങ്ങി ഒപ്പിട്ടുകൊടുത്തു. ജീവിതത്തിൽ ആദ്യമായി അയാൾ ആട്ടോഗ്രാഫ് കൊടുത്തതു് ഇപ്പോഴാണു്. ഒരു കള്ളം പറഞ്ഞാലെ

ന്താണ് ഇതുപോലെയുള്ള സ്തുതികൾക്ക്. കൃഷ്ണൻനായർ വിചാരിച്ചു. ബുക്കുംപേനയും മടക്കിക്കൊടുത്തു.

"ഞാൻ ഈ നാട്ടിൽവന്നിട്ട് രണ്ടാഴ്ചയോളമായി. ഇവിടെപലസ്ഥലങ്ങൾ സന്ദർശിക്കുവാൻ സാധിച്ചു. ഇന്നലെനാട്ടിലേക്ക തിരിച്ചുപോകുന്നതിനു സീററ് ബുക്കുചെയ്തു. അതുകൊണ്ട് നാളെരാവിലെ നാട്ടിലേക്കുതിരിക്കും. എന്റെ ഇവിടത്തെ താമസത്തിന്റെ അവസാനദിവസമാണെങ്കിലും അങ്ങയെ കാണുവാൻ സാധിച്ചതിൽ എനിക്ക് വലിയ ചാരിതാർത്ഥ്യമുണ്ട്. ഈ ദിവസം ഞാൻ എന്നും പവിത്രമായി സ്മരിക്കുന്നതാണ്"—രാമകൃഷ്ണൻ പറഞ്ഞുനിർത്തി.

സമയം സന്ധ്യയായി. പശ്ചിമാംബരത്തിൽ പ്രകൃതിപെററിട്ട വെൺമേഘങ്ങളെ കടൽക്കാററ് താലോലിച്ച് കളിപ്പിക്കുന്നു. മേഘങ്ങൾക്കിടയിൽ ഒളിച്ചുകളിക്കുന്നതിനു ചില നക്ഷത്രങ്ങൾ അങ്ങിങ്ങായിപ്രത്യക്ഷപ്പെട്ടു. തണുത്തകാററ് മൂവന്തിക്കുവിടർന്നപുഷ്പങ്ങളെ ഇരുളിന്റെ മറവിൽ നൃത്തം അഭ്യസിപ്പിച്ചുതുടങ്ങി. ഏതോമരക്കൊമ്പിലിരുന്ന് രാക്കുയിൽതാരാട്ടുപാടി പ്രകൃതിയുറക്കുവാൻ തുടങ്ങി. കൃഷ്ണൻനായർ ഏഴുന്നേററ് ഇതെല്ലാം ഒരുകലാകാരനെപ്പോലെവീക്ഷിച്ചു. അയാളുടെ സമീപത്തുനിന്നിരുന്ന രാമകൃഷ്ണനോട് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. "പ്രകൃതി എത്രമനോഹരയാണ്."

അവർഒന്നിച്ച് അല്പനേരംകൂടെ കഴിഞ്ഞശേഷം രണ്ടുപേരുംയാത്രപറഞ്ഞുപിരിഞ്ഞു. കൃഷ്ണൻനായർ സ്വഗൃഹത്തിലേക്കു നടന്നു. അയാൾ കാണിച്ച പ്രവൃത്തിയെപ്പററി അയാളുടെ മനസ്സാക്ഷി ചിലചോദ്യംചെയ്തു. അതിനുമറുപടി സ്വയംകണ്ടുപിടിക്കുവാൻ അയാൾ യത്നിക്കുകയാണ്.

"ഒരു കള്ളംപറഞ്ഞ് അരമണിക്കൂർ മഹാനായി.

ആളുകളുടെ പുകഴ്ത്തൽ അങ്ങിനെയെങ്കിലും ഒന്നനുഭവിച്ചു. ആ മനുഷ്യന്റെ സ്തുതികേട്ടില്ലേ. അരമണിക്കൂർ കപടത കാണിച്ചാണെങ്കിലും അതുകേട്ടിട്ട് എന്തൊരാനന്ദം. അപ്പോൾ ഇതെന്നും അനുഭവിക്കുന്ന ആ ഗ്രന്ഥകാരനോ? എന്തു ചെയ്യാം ഞാൻ ഇങ്ങനെ കണക്കുകൂട്ടണമെന്നാണ് എന്റെ തലേലെഴുത്ത്. അല്ലായിരുന്നെങ്കിൽ ഞാനും ഒരു വലിയ സാഹിത്യകാരൻ ആകുമായിരുന്നു. കൃഷ്ണൻനായർക്ക് അയാളുടെ ഉദ്യോഗത്തെപ്പററി ക്രമത്തിലധികം വെറുപ്പുതോന്നി. നാളെ, മറേറന്നാൾ, അങ്ങിനെ എല്ലാദിവസവും അയാൾ അതുചെയ്യേസാധിക്കു. അായാൾക്കുവളരെ നിരാശതോന്നി.

കൃഷ്ണൻനായരുടെ വീട്ടിലേക്കുപോകുന്നവഴിക്ക് ഒരു ക്ഷേത്രമുണ്ട്, സായാഹ്നസവാരികഴിഞ്ഞു് തിരിച്ചുപോകുമ്പോൾ അയാൾ സാധാരണ അവിടെക്കയറി ജീവിതവിഷമങ്ങൾ അറിയിക്കാറുണ്ട്. ഇന്നും അയാൾ അവിടെക്കയറി കൃപ്പുകയ്യോടെ മന്ത്രിച്ചു. "ഭഗവാനെ! ഞാനിന്നു ചെയ്ത അപരാധം ക്ഷമിക്കണേ! അരമണിക്കൂറെങ്കിലും ഒരാളുടെ ആരാധനാപാത്രമാകുന്നതിലുള്ള ആശകൊണ്ട് ചെയ്തുപോയതാണെ! ദേവ! സ്വാമി! എന്റെ അപരാധം ക്ഷമിക്കണെ!"

പുരോഹിതൻകൊടുത്ത പ്രസാദവും വാങ്ങി കൃഷ്ണൻനായർ ക്ഷേത്രത്തിൽനിന്നിറങ്ങി വീട്ടിലേക്കുനടന്നു.

# പരാജിതൻ

"രമേ! രമേ! അതാവന്നു ആ ധർമ്മക്കാരൻ"—വനിതാഹോസ്റ്റലിൻെറ രണ്ടാമത്തെ നിലയിൽ നിന്നുകൊണ്ടു് ലളിത ഉറക്കെ പറഞ്ഞു ചിരിച്ചു.

"പിന്നെ! കാരുണ്യമുള്ള ഹൃദയം പ്രണം! പ്രണയലേഖനവും തലയ്ക്കുവെച്ചു് ഉറങ്ങുന്നവൾ അതു കാണുകയില്ല!"—ലീല പറഞ്ഞു.

"ചുമ്മാതിരിക്കു് ലീലെ! അനാവശ്യം പറഞ്ഞാൽ ......"—ലളിത പ്രണയകലഹം പറയുന്നതുപോലെ പറഞ്ഞു.

മദാലസമാരുടെ ചിരിയും തകർപ്പും കേട്ടു് മുറിയിൽനിന്നു് രമ വെളിയിൽ വന്നു. അവൾ ഗേററിലേക്കു നോക്കി. അതു കണ്ടുകൊണ്ടു് ലളിത പറഞ്ഞു—"ഉണ്ടു്! അവിടെ വന്നുനില്ക്കുന്നുണ്ടു്. ചെല്ലണം ധർമ്മവുമെടുത്തുകൊണ്ടു്!"

രമയുടെ മുഖം ചുവന്നു. അവൾ മറുപടി ഒന്നും പറഞ്ഞില്ല. "ഈ രഹസ്യം ഒരിക്കൽ പുറത്താകും കേട്ടോ!" ലളിത തുടർന്നുപറഞ്ഞു. "വല്ല പ്രണയമേ..."

"ഛേ! അനാവശ്യം പറയുന്നോ?"—രമ ദേഷ്യത്തോടെ പറഞ്ഞു. അവൾ അവിടെനിന്നും പോയി.

"ആ പാവത്തിനെ നിങ്ങൾ വല്ലാതെ കളിയാക്കുന്നു. ലളിതേ! കുറച്ചു കടന്നുപോകുന്നു കേട്ടോ! ഒരു പാവത്തിനു് ധർമ്മംകൊടുക്കുന്നതിനു് ഇത്രമാത്രം എന്തു് പറയാനിരിക്കുന്നു."—ആനന്ദം ഉപദേശരൂപത്തിൽ അവിടെ കൂടിനിന്നിരുന്ന മദാലസമാരോടു് പറഞ്ഞു.

"ഞങ്ങൾ ഇതെല്ലാം കണ്ടിട്ടുണ്ട്, കേട്ടോ! മിണ്ടാപ്പൂച്ചയായി കലം ഉടയ്ക്കുന്നത്. രമയുടെ എന്തോ രഹസ്യങ്ങൾ ആ യാചകന് അറിയാമായിരിക്കും. ഇല്ലെങ്കിൽ പിന്നെ ഇങ്ങനെ ഒരു ധർമ്മംകൊടുപ്പുണ്ടോ?"—ലളിത ചോദിച്ചു.

"നിനക്ക് എല്ലാം സംശയമാണ്. ആണുങ്ങൾ ആരെ എങ്കിലും നോക്കിയാൽ അതു് പ്രണയമാണ്. ഞങ്ങളാരെങ്കിലും ഒരെഴുത്തെഴുതിയാൽ അതു് പ്രണയലേഖനമാണ്. കഷ്ടം! കഷ്ടം!"

രമ ഗേററിലേക്കു നടന്നുപോയി. മദാലസമാർ രണ്ടാമത്തെ നിലയിൽ അതു് നോക്കിക്കൊണ്ടുനിന്നു. രമ ഗേററിലെത്തി. ആ യാചകൻ അവിടെ നില്ക്കുന്നുണ്ട്.

മുഷിഞ്ഞു് കീറി വൃത്തിഹീനമായ കാക്കിത്തുണികൊണ്ടുള്ള വേഷം, പട്ടാളക്കാർ ധരിക്കാറുള്ള ചില ചിഹ്നങ്ങൾ അതിൽ തുന്നിപിടിപ്പിച്ചിട്ടുണ്ട്. തോല് തേഞ്ഞു് കീറിയ ഷൂസ് ചരടുകൊണ്ടും മററും കാലിൽ കെട്ടിവച്ചിരിക്കുന്നു. കൈകാലുകളുടെ സന്ധികളിൽ നീരുകൊണ്ടു് വികൃതമാണ്. എഴുന്നുനില്ക്കുന്ന അസ്ഥിയും ഞരമ്പുകളും പൊതിഞ്ഞു് വിളറിയ തൊലിയുള്ള നീണ്ട കൈകൾ. വിളറിവെളുത്തു് നീരുപിടിച്ച കവിൾ. ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ പൊങ്ങിയും താണും കാണപ്പെടുന്ന വാരിയെല്ലുകൾനിറഞ്ഞ മാറിടം. വളന്നു് പൊടിയും ചെളിയുംപിടിച്ചു് ജടയായ തലമുടി. ആ തലയുടെ ഒരുഭാഗത്തു് ഒരു മുറിവുണങ്ങിയ പാട്. ഇങ്ങനെ ഉള്ള ഒരു യാചകൻ ആ ഗേററിൽ നിന്നിരുന്നു. ആരോടെന്നില്ലാതെ അയാൾ എന്തൊക്കെയോ പിറുപിറുക്കുന്നുണ്ട്. ആകാശത്തേക്കു് നോക്കി ചിരിക്കുന്നുണ്ട്.

ബലഹീനങ്ങളായ നീണ്ട കൈകഠം മൂണ്ടി എന്തൊക്കെയോ പറയുന്നുണ്ടു്.

ഈ മനുഷ്യക്കോലം നോക്കി രമ തെല്ലൊന്നു് നിന്നുപോയി. അവളുടെ കണ്ണുനിറഞ്ഞു. അയാഠംക്കു് അവഠം ധർമ്മംകൊടുത്തിട്ടു് ഹോസ്റ്റലിലേക്കു് സാവധാനം നടന്നു. കുഴിഞ്ഞ കണ്ണുകഠം തുറിച്ചു് രമ നടന്നുമറയുന്നതു് നോക്കിനിന്നശേഷം ആ വൃദ്ധയാചകൻ നീരുപിടിച്ച കാലുകഠം വലിച്ചുവലിച്ചു് നടന്നുപോയി.

ഹോസ്റ്റൽഗേററിൽ ആ യാചകൻ വരാതായിട്ടു് മൂന്നു് ആഴ്ച കഴിഞ്ഞു. രമയെ സഹജീവികഠം കളിയാക്കുന്നതും ഒന്നു കുറഞ്ഞു.

* * * * * *

കിടുകിടാ എന്നു് ശബ്ദംപുറപ്പെടുവിച്ചു് കുടുങ്ങിയും കല്യേടിയും ഒരുകാളവണ്ടി സാവധാനത്തിൽ പോകുന്നു. നിരാശിതനായകാമുകൻെറ ഭാരമേറിയ നടപ്പുപോലെയാണു് അതിൻെറപോക്കു്. അതിനപ്പുറവും ദയനീയമായ ഭീകരതാംനിറഞ്ഞ ഒരു അന്തരീക്ഷം ഉണ്ടു്.

"രമേ! അതുനോക്കു്!"—ആനന്ദം ആവണ്ടിയിൽ നോക്കിക്കൊണ്ടു് പറഞ്ഞു. ഉല്ലാസമായി സായാഹ്നസവാരികഴിഞ്ഞു് അവർ—രമയും ആനന്ദവും—മടങ്ങുകയാണു്. അവരുടെ മുമ്പിൽക്കൂടി ആ വണ്ടി സാവധാനത്തിൽ നീങ്ങുന്നു. ആരുടെയോ ജഡംകൊണ്ടുപോകുന്ന ഒരുവണ്ടിയാണു്. അകത്തുനിന്നും ആ ജഡത്തിൻെറ കാലുകഠം—മഞ്ഞളിച്ചു്, അസ്ഥി ഉന്തിനില്ക്കുന്ന രണ്ടുകാലുകഠം—വെളിയിലേക്കു് കിടന്നിരുന്നു. രമ അതുകണ്ടു. ആ വണ്ടിയ്ക്കു് മുമ്പിൽകയറി വേഗംനടന്നുകളയാമെന്നു് വിചാരിച്ചു് അവർ വേഗംനടന്നു. ആനന്ദം അറിയാതെ ആ വണ്ടിയുടെ

ഉള്ളിലേക്ക് നോക്കി. അവഠം ഞെട്ടി.—"ആ പിച്ചക്കാരന്റെ ശവമാണത്"—അവഠം രമയോടുപറഞ്ഞു.

രമ ആ വണ്ടിക്കുള്ളിലേക്ക് സൂക്ഷിച്ചുനോക്കി. നിശ്ചലമായി തുറിച്ചുനോക്കിക്കൊണ്ടിരുന്ന ഭീകരങ്ങളായ രണ്ടുകണ്ണുകഠം, മെലിഞ്ഞ് എല്ലുന്തിയനെഞ്ച്, തണുത്ത് വിറങ്ങലിച്ച് ബലംതോന്നുന്ന കൈകഠം,—ജടപിടിച്ച തല, ആ ഉണങ്ങിയവ്രണത്തിന്റെപാട്, രമ ഇതെല്ലാംകണ്ടു. അവഠം ഭയന്ന് ഒരുചുവട് പിൻപോട്ടുവച്ചു. അവഠം പൊട്ടിക്കരഞ്ഞു. വഴിപോക്കർ അവളുടെ കരച്ചിൽകേട്ട് തിരിഞ്ഞുനോക്കി പൊട്ടിച്ചിരിച്ചു.

ആ വണ്ടി സാവധാനം അവരുടെമുമ്പിൽക്കൂടി ശവക്കോട്ടയിലേക്കുള്ള വഴിയിലേയ്ക്കു് തിരിഞ്ഞു.

"രമേ! ഛീ! കുറച്ചിൽ! കരയാതിരിക്കു. വഴിക്കാരൊക്കെ നോക്കിച്ചിരിക്കുന്നു."—ആനന്ദത്തിന് അസഹ്യമായി.

വിങ്ങിവങ്ങിക്കരഞ്ഞുകൊണ്ടു് രമയും, മുഖംവീപ്പിച്ചുകൊണ്ടു് ആനന്ദവും നടന്നുനടന്ന് ഹോസ്റ്റലിൽ എത്തി. രമ മുറിയിൽകയറി കതകടച്ചു ആനന്ദം അവളുടെ മുറിയിലേക്ക് പോയി.

"നിന്റെ നിർബ്ബന്ധംകൊണ്ടു് ഞാൻഅത്ു് വെളിപ്പെടുത്താം—എന്റെ മിഥ്യാഭിമാനം മറച്ചുവച്ച ആ ചരിത്രം. ഒരു പരാജിതന്റെ ജീവിതഗ്രന്ഥത്തിലെ ഏടുകഠം മറിച്ചുകാണിക്കാം. നീ അത്ു്അറിഞ്ഞാൽ കരഞ്ഞുപോകും."—രമ വിങ്ങിവിങ്ങിക്കരഞ്ഞു. അവഠം കണ്ണുതുടച്ച്, തല ഉയർത്തി പറഞ്ഞു. "ആനന്ദം! തെണ്ടി അലഞ്ഞുജീവിച്ച ആ മനുഷ്യൻ, ആ വൃദ്ധയാചകൻ, എന്റെ അച്ഛനാണു്."

ആനന്ദം അത്യാശ്ചര്യംമൂലം അനങ്ങാതെ ഇരുന്നു പോയി. "അന്ന് ഒരു സായാഹ്നത്തിലാണു ഞാൻ അദ്ദേഹത്തെ ആദ്യമായി കണ്ടതു്. ഞാൻ സ്കൂൾഫൈനൽ ക്ലാസ്സിൽ പഠിക്കുകയായിരുന്നു. സ്കൂൾവിട്ടു് മടിച്ചുചാടി ഞാൻ.മടങ്ങിയെത്തുകയായിരുന്നു. ഞങ്ങളുടെ വീടിൻെറ പടിവാതലിൽഒതുങ്ങി ഒരുയാചകൻ നിന്നിരുന്നു. ഞാൻ ഒന്നുംക്രൂട്ടാക്കാതെ വീട്ടിനുള്ളിലേക്കു കയറി. എന്നെഅന്നു ആ യാചകൻനോക്കിയ തുറിച്ചുനോട്ടം ഇന്നും ഞാൻ വിസ്മരിച്ചിട്ടില്ല. അതു ഓർമ്മിച്ചു ഞാൻ പലപ്പോഴും ഞെട്ടിയിട്ടുണ്ടു്. അതു് യാഥാർത്ഥ്യത്തിൻെറ തുറിച്ചുനോട്ടമായിരുന്നു.

"ഞാൻ അകത്തുപോയി കാപ്പികുടിച്ചിട്ടു് മുററത്തു വന്നു. "അമ്മാ! ധർമ്മംവല്ലതും തരണേ...!"—അയാൾ പടിക്കൽനിന്നു് വിളിച്ചുപറഞ്ഞു. അമ്മ ധർമ്മവും എടുത്തുകൊണ്ടു് പടിക്കലേയ്ക്കുപോയി. ഞാനും അമ്മയുടെക്രൂടെ പോയി. ആ യാചകൻ എന്നെ തുറിച്ചുനോക്കിയതു പോലെ അമ്മയേയും തുറിച്ചുനോക്കി. അമ്മയും ഭയന്നിട്ടെന്നപോലെ അന്ധാളിച്ചു് നിന്നു. ധർമ്മംകൊടുത്തിട്ടു് ഞാൻ .അമ്മയുമൊത്തു് വീട്ടിനുള്ളിലേക്കു പോന്നു. അയാൾ അവിടെ നിന്നുംപോയി. അമ്മയുടെ കണ്ണുനിറയുന്നതും കണ്ണുനീരൊഴുകുന്നതും മററും ഞാൻ ഇന്നും ഓർമ്മിക്കുന്നുണ്ടു്.

"ആ യാചകൻ എന്നും ഞങ്ങളുടെ പടിവാതലിൽ വരും അമ്മ എന്നും ധർമ്മംകൊടുക്കും. കണ്ണുനീരൊലിപ്പിച്ചു് അമ്മ മടങ്ങിവരും. ഞാൻ ഇതു് ഒന്നുരണ്ടുമാസം ശ്രദ്ധിച്ചു. ഒന്നുരണ്ടുതവണ അതെന്തിനാണെന്നു് ചോദി

ച്ചുനോക്കി. എന്നാൽ അന്നൊക്കും അതിനു എനിക്ക് മറു പടി കിട്ടിയിട്ടില്ല.

"ഞാൻ കാളേജിൽ അടുത്തകൊല്ലം ചേൎന്നു. ഹോസ്റ്റലിൽ താമസവും ആക്കി. ആ കൊല്ലം അമ്മയുംമററും ആറാട്ടുകാണുന്നതിനു് ഇവിടെ (തിരുവനന്തപുരത്തു്) വന്നു. ഞങ്ങൾ ആറാട്ടുകണ്ടിട്ടു് മടങ്ങിവരുമ്പോൾ ആ യാചകൻ റോഡരികിൽ ഇരുന്നു് യാചിക്കുന്നതുകണ്ടു. അതുകണ്ടപ്പോൾ അമ്മയുടെ മുഖംവാടി. അതു് ഞാൻ സൂക്ഷിച്ചു

"ഞങ്ങൾ താമസിച്ചിരുന്നിടത്തു് എത്തിയശേഷം അമ്മയോടു് വീണ്ടും ആ യാചകനെപ്പററി വീണ്ടും ചോദിച്ചു. എന്നാൽ മറുപടിഒന്നും ലഭിച്ചില്ല. ഒരാഴ്ച കഴിഞ്ഞു് എനിക്കു അമ്മയുടെ ഒരു എഴുത്തുകിട്ടി"—രമ എഴുന്നേററു് ട്രങ്ക്പെട്ടിതുറന്നു് ഒരു എഴുത്തെടുത്തു് ആനന്ദത്തിൻെറ കയ്യിൽകൊടുത്തു "ആ കത്തു് ഇതാ! ആനന്ദം ഇതു് വായിച്ചുനോക്കു!"—രമ മുഖംമറച്ചുപിടിച്ചു് വിങ്ങി വിങ്ങി വീണ്ടും കരഞ്ഞു.

ആനന്ദം എഴുത്തുനിവൎത്തു് വായനതുടങ്ങി.

"പ്രിയപ്പെട്ട രമയ്ക്കു്,

പതിനെട്ടുകൊല്ലം മറച്ചുവച്ച ഒരു രഹസ്യം ഇന്നു് ഞാൻ നിന്നെ അറിയിക്കുന്നു. ഇത്രയുംനാളുകൾ അതു് നിന്നിൽനിന്നു മറച്ചുപിടിച്ചതിൻെറ മൂഢത എനിക്കു് ഇപ്പോൾമാത്രമേ മനസ്സിലായുള്ളു. അതിനാൽ നീ അതു് ക്ഷമിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഞാൻ ഇതിൽ അപരാധി ആണോ? എന്തോ എനിക്കു് നിശ്ചയമില്ല. സമുദായത്തിൻെറ ക്രൂരമായ അവഹേളനങ്ങൾ ഭയന്നു് ഞാൻ, മറയിയായ ഞാൻ അതു് ഇത്രയുംനാൾ മറച്ചു വച്ചു.

ഞാൻ സാധാരണ ധർമ്മംകൊടുക്കാറുള്ള ഒരു യാചകനെ നീ ഓർമ്മിക്കുന്നില്ലേ? അന്ന് ആറാട്ടുഘോഷയാത്ര കണ്ടിട്ട് നാം മടങ്ങുമ്പോൾ കണ്ട ആ യാചകനെ! വീട്ടിലെത്തി നീ അയാളെപ്പററി പലതും ചോദിച്ചതു് നീ വിസ്മരിച്ചിരിക്കുകയില്ലല്ലോ! ആ ആളിനെപ്പററിയുള്ള പരമാർത്ഥം നീ അറിയണം. അതിന്ന് നീ കടപ്പെട്ടവളാണ്. ഞാൻ അതു നിന്നെ അറിയിക്കുന്നതിനു കടപ്പെട്ടവൾതന്നെ.

എൻെറ പതിനെട്ടാമത്തെ വയസ്സിലാണ് ഞാൻ അദ്ദേഹത്തെ വിവാഹംചെയ്തതു്. രണ്ടുകൊല്ലത്തോളം ഞങ്ങൾ മധുവിധുവിൻെറ മാദകശക്തിയിൽ ലയിച്ച് ജീവിച്ചു. ഞാൻ അന്ന് നിർധനയാണ്. അദ്ദേഹം പണത്തിൻെറ കുറവുകൊണ്ടു് ഒരു തൊഴിലിൽ എന്തെങ്കിലും പ്രവേശിക്കുവാൻ ആഗ്രഹിച്ചു. അതിനുവേണ്ടി അദ്ദേഹം അലഞ്ഞുതിരിഞ്ഞു. ഒടുവിൽ അദ്ദേഹം പട്ടാളത്തിൽ ചേർന്നു.

അദ്ദേഹം എൻെറ ആശകളുടെ നികേതനമായിരുന്നു; എൻെറ ദേവൻ. ആത്മാർത്ഥമായ ദാമ്പത്യബന്ധത്തിൽ കരുത്ത പൂവല്ലിയാണ് നീ. നിനക്ക് കഷ്ടിച്ച് രണ്ടുവയസ്സ് പ്രായമായപ്പോൾ യുദ്ധസേവനത്തിനായി അദ്ദേഹം വിദേശങ്ങളിലേക്കു പോയി. ഞാൻ ഏകാകിനിയായി. മാസത്തിൽ ഒന്നും രണ്ടും എഴുത്തുകൾ വീതം എനിക്ക് അദ്ദേഹം അയച്ചുകൊണ്ടിരുന്നു. രമേ! ആ കത്തുകൾ നീ ഇവിടെ എത്തുമ്പോൾ വായിച്ചുനോക്കണം; ആത്മാർത്ഥതയുടെ അടിത്തട്ടു കാണാൻ.

മൂന്നാമത്തെ വർഷത്തിൻെറ അവസാനത്തിലാണ് ഞാൻ ആ വാർത്ത അറിഞ്ഞതു് അദ്ദേഹം മുറിവേററ് മരിച്ചെന്ന്. സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി അദ്ദേ

ഹം ജീവൻ ത്യജിച്ചെന്നു്. അതിനുശേഷം ഞാൻ നയിച്ച അഞ്ചുകൊല്ലം !......അതു് ഇന്നു് എനിക്കു് സ്മരിക്കുവാൻപോലും കെല്പില്ല. പണമില്ലാതെ പരുങ്ങി ജീവിതത്തിൻെറ ഇരുണ്ട വശങ്ങൾ ഞാൻ വല്ലാതെ അനുഭവിച്ചു.

ഇന്നു് എൻെറ ഭർത്താവായി കഴിയുന്ന മാന്യൻ ആ ഇടയ്ക്കാണു് എന്നോടു് അടുത്തതു്. അദ്ദേഹത്തിൻെറ പണവും പ്രതാപവും എനിക്കു് ആകർഷകമായി തോന്നി. നിൻെറ ഭാവിയെക്കുറിച്ചു സ്മരിച്ചു് അദ്ദേഹത്തെ വിവാഹംചെയ്തു. സ്നേഹവും ആത്മാർത്ഥതയും വെള്ളിക്കാശുകളുടെ മുമ്പിൽ അങ്ങനെ ആഹുതിചെയ്തു. ജീവിക്കുവാൻവേണ്ടിമാത്രം ഞാൻ ഈ ബന്ധത്തിൽ അകപ്പെട്ടു. അതിനുശേഷം ആരും അറിയാതെ അന്ധകാരത്തിൻെറ മറവിൽ ഞാൻ കണ്ണുനീരു കുട്ടുപിടിച്ചു് കഴിയുകയാണു്.

ഞാൻ ഒരു പുതിയ ജീവിതത്തിലേക്കാണു് കാലുവച്ചതു്. മനുഷ്യത്വത്തെക്കാൾ പുറമോടിക്കു്, അഭിനയങ്ങൾക്കു് വിലകുട്ടുതലുള്ള ജീവിതത്തിലേക്കു്. ആഡംബരജീവിതത്തിലെ ആത്മാർത്ഥതയില്ലായ്മകൾ ഞാൻ വ്യക്തമായി കണ്ടു. ഞാൻ എൻെറ രണ്ടാമത്തെ ഭർത്താവിൻെറ കാമവികാരങ്ങളുടെ സമാശ്വാസത്തിനുള്ള ഒരു യന്ത്രം ആയി.

ഒരുദിവസം ഞാൻ എൻെറ ഭർത്താവിൻെറ ഒരു പെട്ടി പരിശോധിക്കവെ ഒരു എഴുത്തു് കണ്ടെത്തി. എൻെറ മേൽവിലാസത്തിൽ വന്ന ഒരു കത്തു്. ഞാൻ അതു് തുറന്നുവായിച്ചു. പടക്കളത്തിൽവച്ചു് അദ്ദേഹത്തിൻെറ തലയിൽ ഭയങ്കരമായ മുറിവേററെങ്കിലും അദ്ദേഹം മരിച്ചില്ലെന്നും ആശുപത്രിയിൽ ചികിത്സയി

ലാണെന്നും അതിൽ വ്യക്തമാക്കിയിരുന്നു. കൂടാതെ അദ്ദേഹത്തിന്റെ നററമറിവ് ബുദ്ധിസ്ഥിരതയും ഓർമ്മശക്തിയും ഇല്ലാതാക്കി എന്നും പറഞ്ഞിരുന്നു. ആ കത്ത് എന്റെ ഭർത്താവ് എന്നിൽനിന്ന് മനഃപൂർവ്വം മറച്ചുവച്ചതായിരുന്നു.

യുദ്ധമെല്ലാംകഴിഞ്ഞു് ലോകം നട്ടുവ്നിവത്ത്` ഒന്നു നിശ്വസിച്ചു. എന്റെമനസ്സിൽ അദ്ദേഹത്തെപ്പററിയുള്ള ചിന്തകൾ തിങ്ങിനിന്നു. ഞാൻഅദ്ദേഹത്തെ വീണ്ടുംകണ്ടുമുട്ടുമെന്നു് ഒരുതോന്നൽ എനിക്കു അന്നുദിനം അനുഭവപ്പെട്ടു.

അലഞ്ഞുതിരിയുന്ന ആശ്രയമില്ലാത്ത ഒരു യാചകനായിട്ടാണു് അദ്ദേഹം പ്രത്യക്ഷപ്പെട്ടതു്. ഞാൻ അദ്ദേഹത്തെ പെരുവഴിയിൽ ഇരുന്നു് യാചിക്കുന്നതുകണ്ടു. നാട്ടുകാർ അദ്ദേഹത്തെ മനസ്സിലാക്കിയില്ല. മരിച്ചുപോയി എന്നു് അവർവിശ്വസിച്ച ഒരാളിനെപ്പററി അവർ അന്വേഷിച്ചുമില്ല.

നമ്മുടെവീട്ടിലെ പടിവാതുക്കൽ അയാൾ എന്നുംവന്നു് ധർമ്മംആവശ്യപ്പെടും. ഞാനാണു്എന്നും അദ്ദേഹത്തിനു്അതു് കൊടുക്കാറുള്ളതു്. ഇതൊക്കെനിനക്കു് നല്ലതുപോലെ ഓർമ്മകാണുമെല്ലോ!

ഇന്നു്ഞാൻ മണിമേടയിലിരുന്നു് ആനന്ദിക്കുന്നതായി ലോകക്കു്തോന്നാം. ആഡംബരത്തിന്റെ ആഗ്രശാലയിൽ അന്തിഞെരുങ്ങിജീവിക്കുന്നതായി അവർവിശ്വസിക്കുന്നു. കഷ്ടം! എന്റെജനനാത്തെ യഥാർത്ഥ സ്ഥിതിയോ?

അദ്ദേഹം ആയാചകൻ അവിടെഎല്ലാം അലഞ്ഞുതിരിയുകയായിരിക്കും. നീ അദ്ദേഹത്തെ കാണുമ്പോഴെല്ലാം ധർമ്മംകൊടുക്കണം. ആ പരാജിതജീവനെ അങ്ങി

നെഎങ്കിലും സമാശ്വസിപ്പിക്കണം. യുദ്ധരാക്ഷസൻ ച വച്ചുതുപ്പിയ ആ മനുഷ്യകോലത്തെ, നിൻെറഅച്ഛനാ ണെന്നു് നീ ഏററുപറഞ്ഞാൽ നിൻെറചുററുമുള്ളവർ നിന്നെ പരിഹസിച്ചേക്കും. യാഥാത്ഥ്യങ്ങൾ തുറന്നുപറ ഞ്ഞാൽ മനുഷ്യനു് ലഭിക്കുന്ന പ്രതിഫലം!

"എനിക്കു് ഇതിൽക്കൂടുതൽ ഒന്നുംതന്നെ പറയാനി ല്ല. ഇതിൽഞാൻ എന്തുകുററംചെയ്തു? ഞാൻഇതിൽ അ പരാധിആണോ? അതു് നീ വിധിച്ചുകൊള്ളു."—ആ നന്ദം ആ നീണ്ടഏററുപറച്ചിൽ വായിച്ചുതീർത്തു. അവൾ കണ്ണുതുടച്ചു് തലഉയർത്തി രമയേനോക്കി നിശ്ചലമായി ഇരുന്നു.

---